
# ഗിരിദീപം

ഒക്ടോബർ 2024



ഒക്ടോബർ 07

പരിശുദ്ധ ജപമാല രാജ്ഞിയുടെ തിരുനാൾ



ചങ്ങനാശ്ശേരി അതിരൂപതയുടെ
നിയുക്ത മെത്രാപ്പോലീത്ത അഭിവന്ദ്യ

**മാർ തോമസ് തറയിൽ**

## അഭിവന്ദ്യ പിതാക്കന്മാർക്ക്
## തലശ്ശേരി അതിരൂപതാ കുടുംബത്തിന്റെ
# പ്രാർത്ഥനാശംസകൾ



ഷംഷാബാദ് രൂപതയുടെ
നിയുക്ത മെത്രാൻ അഭിവന്ദ്യ

**മാർ പ്രിൻസ് ആന്റണി**
**പാണേങ്ങാടൻ**



ഒക്ടോബർ 2024

വാല്യം 07
ലക്കം 10

# ഗിരിദീപം

തലശ്ശേരി അതിരൂപതയുടെ മുഖപത്രം

Archbishops House, Holloway Road, Thalassery, Kerala, India - 670101
Ph: 0091-490 2341058; Email: curiaadtly@gmail.com; Web: www.archdioceseoftellicherry.org

# ഗിരിദീപം

തലശ്ശേരി അതിരൂപതയുടെ മുഖപത്രം


1. Prot. No. 540 /2024, Circular No. 12/2024 .......... 05
2. Prot. No. 511 /2024, Circular No. 11/2024 .......... 08
3. കെസിബിസി - സിനഡാനന്തര സർക്കുലർ .......... 12
4. പരിശുദ്ധ പിതാവിന്റെ ലോകപ്രേഷിതദിന സന്ദേശം .......... 18
5. കച്ചേരിക്കാര്യം .......... 26
6. നവീകരണ ധ്യാനം .......... 29
7. കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ് .......... 31
8. ബൈബിൾ അപ്പൊസ്റ്റൊലേറ്റ് . .......... 39
9. ചിൽഡ്രൻ അപ്പൊസ്റ്റൊലേറ്റ് .......... 42
   തിരുബാലസഖ്യം .......... 48
10. യൂത്ത് അപ്പൊസ്റ്റൊലേറ്റ് .......... 54
11. ഫാമിലി അപ്പൊസ്റ്റൊലേറ്റ് .......... 60
12. എജ്യൂക്കേഷണൽ അപ്പൊസ്റ്റൊലേറ്റ് .......... 68
   വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ് .......... 71
   സാൻജോസ് അക്കാദമി .......... 73
13. ലെയ്റ്റി അപ്പൊസ്റ്റൊലേറ്റ്
   എകെസിസി .......... 74
   കുടുംബക്കൂട്ടായ്മ .......... 78
   ADAM .......... 80
   കെ.സി.ബി.സി. മദ്യവിരുദ്ധസമിതി .......... 82
14. സോഷ്യൽ സർവ്വീസ് അപ്പൊസ്റ്റൊലേറ്റ് .......... 84
   എയ്ഞ്ചൽ ട്രസ്റ്റ് .......... 90
15. ധ്യാനകേന്ദ്രങ്ങളിലൂടെ .......... 92
16. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (പാംപ്ലാനി പിതാവ്) .......... 93
17. Engagements - October (Archbishop Mar Joseph Pamplany) .......... 95
18. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) .......... 96
19. Engagements - October (Archbishop Mar George Njaralakatt) .......... 97
20. Engagements - October (Archbishop Mar George Valiamattam) .......... 97
21. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (വലിയമറ്റം പിതാവ്) .......... 98

# സർക്കുലർ

**മാർ ജോസഫ് പാംപ്ലാനി**

Prot. No. 540 /2024, Circular No. 12/2024

## ജപമാലമാസം

ഈശോയിൽ പ്രിയമുള്ള സഹോദരീ സഹോദരന്മാരെ,

അനുഗ്രഹീതയും ഭാഗ്യവതിയും ദൈവമാതാവുമായ പരിശുദ്ധ കന്യകാമറിയത്തോടുള്ള സവിശേഷമായ ഭക്തി പ്രകടിപ്പിക്കുവാൻ ആണ്ടുവട്ടത്തിൽ തിരുസഭ കരുതിവച്ചിരിക്കുന്ന മാസമാണല്ലോ ഒക്ടോബർ. 'നന്മ നിറഞ്ഞ മറിയമേ' എന്ന മനോഹരമായ പ്രാർത്ഥന നമ്മുടെ ഭവനങ്ങളിലും ദൈവാലയങ്ങളിലും തീഷ്ണതയോടെ ഉയരുന്ന പുണ്യദിനങ്ങളാണിത്. ഹൃദയമിടുപ്പിന്റെ താളംപോലെ 'അമ്മേ മാതാവേ' എന്ന സുകൃതജപം അധരങ്ങളിൽ സൂക്ഷിക്കുന്ന നമുക്ക് ജപമാല മാസം ആത്മീയ ആഘോഷത്തിന്റെ അവസരം കൂടിയാണ്. പരിശുദ്ധ കന്യകാമറിയത്തിന്റെ വാത്സല്യത്തിനും നിതാന്ത മാധ്യസ്ഥ്യത്തിനും നന്ദി പറയുവാനും കൂടുതൽ വിശ്വാസത്തോടെ ജപമാല കൈകളിലെടുക്കുവാനും ഈ ജപമാല മാസത്തെ നമുക്ക് പ്രയോജനപ്പെടുത്താം.

മരിയഭക്തി ക്രിസ്തുവിജ്ഞാനീയത്തിന്റെ അടിസ്ഥാനമായി നിലകൊള്ളുന്നതിനാൽ ജപമാല ഭക്തിക്ക് നമ്മുടെ ആദ്ധ്യാത്മിക ജീവിതത്തിൽ അതുല്യമായ സ്ഥാനമാണുള്ളത്. AD 431 ൽ എഫേസൂസ് കൗൺസിൽ മറിയം ദൈവമാതാവാണെന്ന് പ്രഖ്യാപിച്ചതോടെ പരിശുദ്ധ കന്യകാമറിയത്തോടുള്ള ഭക്തിക്ക് കൂടുതൽ പ്രാധാന്യം കൈവന്നു. 1214 ൽ വി. ഡൊമിനിക്കിന് പരിശുദ്ധ കന്യകാമറിയം പ്രത്യക്ഷപ്പെട്ട് ജപമാല നല്കിയെന്നാണ് പരമ്പരാഗത വിശ്വാസം. ആദിമ ക്രൈസ്തവർക്കിടയിൽ പരിശുദ്ധ കന്യകാമറിയത്തോടുണ്ടായിരുന്ന ഭക്തി കാലാകാലങ്ങളിൽ മാർപാപ്പാമാരിലൂടെയും സാർവത്രിക സൂനഹദോസുകളിലൂ

ടെയും കൂടുതൽ വെളിവാക്കപ്പെട്ടു. ആറാം നൂറ്റാണ്ടിൽ മഹാനായ ഗ്രിഗറി മാർപാപ്പായാണ് ഗബ്രിയേൽ ദൂതന്റെ മറിയത്തോടുള്ള അഭിവാദനത്തിൽനിന്നും 'നന്മനിറഞ്ഞ മറിയമേ' എന്ന പ്രാർഥന രൂപപ്പെടുത്തിയത്. 1545 ൽ തെന്ത്രോസ് സൂനഹദോസിനുശേഷമാണ് നാം ഇന്ന് ചൊല്ലുന്ന രീതിയിലുള്ള ജപമാല പ്രാർഥന നിലവിൽ വന്നത്. 1571 ൽ തുർക്കികൾ യൂറോപ്പിനെ ആക്രമിച്ചപ്പോൾ ജപമാലയെന്ന ആയുധമായിരുന്നു ക്രൈസ്തവർക്കുണ്ടായിരുന്നത്. നിർണ്ണായകമായിരുന്ന ലെപ്പാന്റോ യുദ്ധത്തിൽ ശത്രുസൈന്യത്തിന്റെ മുമ്പിൽ ഊരിപ്പിടിച്ച വാളുമായി ഒരു സ്ത്രീ പ്രത്യക്ഷപ്പെട്ടുവെന്നും തൻമൂലം ശത്രുക്കൾ പരാജയപ്പെട്ട് പിൻമാറിയെന്നുമാണ് വിശ്വാസം. യുദ്ധവിജയത്തിന്റെ ഓർമയ്ക്കായി വിജയമാതാവിന്റെ തിരുനാൾ ആഘോഷിച്ചു തുടങ്ങി. ഗ്രിഗറി പതിമൂന്നാം മാർപാപ്പാ ഈ തിരുനാളിനെ പരിശുദ്ധ ജപമാല രാജ്ഞിയുടെ തിരുനാളാക്കി മാറ്റി. പിന്നീട് ലെയോ പതിമൂന്നാം മാർപാപ്പാ ഒക്ടോബർ മാസത്തെ ജപമാല രാജ്ഞിയുടെ മാസമായി പ്രഖ്യാപിച്ചു. നരകപിശാചിനെ തോല്പിക്കുവാൻ നമുക്ക് നല്കപ്പെട്ട ആയുധമാണ് ജപമാല.

ജപമാല പ്രാർഥന മറിയത്തോടുള്ള പ്രാർഥനയേക്കാൾ പരിശുദ്ധ കന്യകാമറിയത്തോടൊപ്പമുള്ള പ്രാർഥനയാണ്. വചനത്തെ ഹൃദയത്തിലും ഉദരത്തിലും സ്വീകരിച്ച പരിശുദ്ധ അമ്മയോടൊപ്പം സുവിശേഷങ്ങളിലെ മിശിഹാസംഭവങ്ങളാണ് പ്രകാശത്തിന്റെയും മഹിമയുടെയും സന്തോഷത്തിന്റെയും ദുഃഖത്തിന്റെയും രഹസ്യങ്ങളായി നാം ജപമാലയിൽ ധ്യാനിക്കുന്നത്. അതിനാലാണ് സുവിശേഷത്തിന്റെ ലളിതമായ വ്യാഖ്യാനമായി ജപമാല പ്രാർഥന മാറുന്നത്. പ്രത്യേക ഒരുക്കമോ സമയമോ ആവശ്യമില്ലാതെ ഏതുസമയത്തും വ്യക്തിപരമായ പ്രാർഥനക്ക് സഹായകമാണ് ജപമാല. മിശിഹാ രഹസ്യങ്ങളുമായി നമ്മുടെ ചിന്തകളെയും ഭാവനയെയും നിരന്തരം ബന്ധിപ്പിക്കുന്ന ചരടാണ് ജപമാല. ജപമാല മാസത്തിൽ വ്യക്തിപരമായി കൂടുതൽ ജപമാലകൾ ചൊല്ലുവാൻ നമുക്ക് പരിശ്രമിക്കാം.

ഒക്ടോബർമാസം കുടുംബപ്രാർഥനയുടെ പ്രാധാന്യം നിങ്ങളെ അനുസ്മരിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ക്രൈസ്തവകുടുംബങ്ങളുടെ ശക്തികേന്ദ്രം കുടുംബപ്രാർഥനയാണ്. ജപമാലയാണ് കുടുംബപ്രാർഥനയുടെ ഹൃദയഭാഗം. സന്ധ്യനേരത്ത് മാതാപിതാക്കളും മക്കളും തിരുഹൃദയത്തിന്റെ മുമ്പിൽ ജപമാല കൈകളിലേന്തി മുട്ടുകുത്തി നില്ക്കുന്ന കുടുംബം പാറമേൽ പണിത ഭവനമാണ്. കുടിയേറ്റ ജനതയുടെ സമ്പത്തും ആയുധവും ജപമാലയായിരുന്നു. നമ്മുടെ പൂർവികർ പ്രതിസന്ധികളെ അതിജീവിച്ചത് ഈ ആയുധം കൈയിലേ

ത്തിയാണ്. ഒരുമിച്ച് പ്രാർഥിക്കുന്ന കുടുംബം ഒരുമിച്ച് നിലനില്ക്കും എന്ന വിശുദ്ധ ഫിലിപ്പ്നേരി പുണ്യവാന്റെ വാക്കുകൾക്ക് വലിയ പ്രസക്തിയുണ്ട്. നമ്മുടെ കുടുംബങ്ങൾ നേരിടുന്ന പ്രതിസന്ധികൾക്ക് മുഖ്യകാരണം കുടുംബപ്രാർഥനയിൽനിന്നും നാം പിറകോട്ടുപോയതാണ്.

ഇടവകകളിൽ ആത്മീയ ഉണർവിന്റെ അവസരമായി ജപമാലമാസാചരണം മാറട്ടെ. ഈ മാസം മുഴുവൻ ദൈവാലയത്തിൽ ജപമാല ചൊല്ലുവാനും ഏതെങ്കിലും 10 ദിവസങ്ങൾ ആഘോഷപൂർവകമായി ജപമാല ചൊല്ലുവാനും ശ്രദ്ധിക്കണം. ഭക്തസംഘടനകൾ, കുടുംബക്കൂട്ടായ്മകൾ എന്നിവരുടെ സഹായത്തോടെ ഏതെങ്കിലും ഒരു ദിവസം പതിമൂന്നുമണിക്കൂർ ആരാധനയും അഖണ്ഡജപമാലയും നടത്തുവാൻ നിങ്ങൾ പരിശ്രമിക്കണം. സൺഡേസ്കൂൾ കുട്ടികളെ ഉൾപ്പെടുത്തി ജപമാലമാസത്തെ ഏതെങ്കിലുമൊരു ഞായറാഴ്ച ജപമാല പ്രദക്ഷിണം നടത്തുന്നതും ഉചിതമാണ്. പരിശുദ്ധ അമ്മ നമുക്ക് നല്കിയ നിധിയാണ് ജപമാല. 'നിങ്ങൾ ഈ വത്തിക്കാൻ കൊട്ടാരം മുഴുവൻ പരിശോധിച്ചാലും ജപമാലപോലെ വിലയേറിയ ഒരു നിധി നിങ്ങൾക്ക് കണ്ടെത്താനാവില്ല' എന്ന പീയൂസ് ഒൻപതാമൻ മാർപാപ്പായുടെ വാക്കുകൾ ഈ സത്യത്തെ വെളിവാക്കുന്നതാണ്.

ഒക്ടോബർ 1 മുതൽ 30 വരെ റോമിൽ നടക്കുന്ന മെത്രാൻ സിനഡിൽ സീറോ മലബാർ സഭയെ പ്രതിനിധീകരിച്ച് പങ്കെടുക്കുവാൻ ഞാൻ നിയോഗിക്കപ്പെട്ടിരിക്കുന്നതിനാൽ സിനഡിന്റെ വിജയത്തിനായി നിങ്ങളുടെ പ്രാർത്ഥനാ സഹായം അഭ്യർത്ഥിക്കുന്നു.

നിങ്ങളെ എല്ലാവരെയും ഈശോയുടെ തിരുഹൃദയത്തിനും പരിശുദ്ധ ജപമാല രാജ്ഞിയുടെ സംരക്ഷണത്തിനും സമർപ്പിക്കുന്നു. പിതാവിന്റെയും ✝ പുത്രന്റെയും ✝ പരിശുദ്ധാത്മാവിന്റെയും ✝ നാമത്തിൽ നിങ്ങൾ ഏവരെയും ആശീർവ്വദിച്ചുകൊണ്ട്,

സ്നേഹപൂർവ്വം നിങ്ങളുടെ പിതാവ്,

**✝ മാർ ജോസഫ് പാംപ്ലാനി**
*തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത*

*2024 സെപ്റ്റംബർ 22 ന് വി. വിൻസെന്റ് ഡിപോളിന്റെ തിരുനാൾ ദിനത്തിൽ തലശ്ശേരി അതിരൂപതാ കാര്യാലയത്തിൽ നിന്ന് നൽകപ്പെട്ടത്.*

---

*NB:* ഇടവകകളിലെ കൊന്ത നമസ്ക്കാരത്തിന്റെ സമയം പരിഗണിച്ച് ഈ സർക്കുലർ 2024 സെപ്റ്റംബർ 29 നോ ഒക്ടോബർ 06 നോ ഞായറാഴ്ച വി. കുർബാന മധ്യേ എല്ലാ ഇടവകപ്പള്ളികളിലും വി. കുർബാന നടക്കുന്ന മറ്റ് സ്ഥലങ്ങളിലും വായിക്കേണ്ടതാണ്.

# സർക്കുലർ

**മാർ ജോസഫ് പാംപ്ലാനി**

Prot. No. 511 /2024, Circular No. 11/2024

## സഹായവേദി (ഹെൽപ്പ് ഡെസ്ക്)

ഈശോയിൽ പ്രിയമുള്ള സഹോദരീസഹോദരന്മാരെ,

നമ്മുടെ സമുദായത്തെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സഹായവേദി അഥവാ ഹെൽപ്ഡെസ്ക് എന്ന പേരിൽ ഒരു പുതിയ സംവിധാനം അതിരൂപതയിൽ പ്രവർത്തനം ആരംഭിച്ച വിവരം സന്തോഷത്തോടെ നിങ്ങളെ അറിയിക്കട്ടെ. സമുദായ അവബോധം വർദ്ധിപ്പിക്കുവാനും, നമ്മുടെ അവകാശങ്ങളും, ആനുകൂല്യങ്ങളും നേടിയെടുക്കുവാനും ദൈവജനത്തെ പ്രാപ്താരാക്കുകയെന്ന ലക്ഷ്യത്തോടെയാണ് ഈ സംരംഭം ആരംഭിച്ചിരിക്കുന്നത്.

ന്യൂനപക്ഷങ്ങൾക്കായി സർക്കാർ നല്കുന്ന വിവിധ പദ്ധതികൾ, സ്കോളർഷിപ്പുകൾ, മറ്റ് ആനുകൂല്യങ്ങൾ എന്നിവയെക്കുറിച്ച് ആളുകളെ അറിയിക്കുവാനും അവ നേടിയെടുക്കുവാൻ അവരെ സഹായിക്കുകയും ചെയ്യുന്ന കർമ്മപദ്ധതിയാണ് ഹെൽപ്ഡെസ്ക്. ഗവൺമെന്റ് ന്യൂനപക്ഷങ്ങൾക്ക് നല്കുന്ന പല ആനുകൂല്യങ്ങളെക്കുറിച്ചും അർഹരായ ധാരാളം ആളുകൾ അറിയാതെ പോകുന്നുണ്ട്. സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ളവരുടെ സംവരണത്തിനുള്ള EWS സർട്ടിഫിക്കറ്റിന് അർഹരായ ധാരാളം ആളുകൾ നമ്മുടെ ഇടവകകളിൽ ഉണ്ടെങ്കിലും ദൗർഭാഗ്യവശാൽ EWS സർട്ടിഫിക്കറ്റിന്റെ പ്രയോജനങ്ങൾ മനസ്സിലാക്കാനോ സർട്ടിഫിക്കറ്റ് നേടിയെടുക്കുവാൻ എന്തൊക്കെ കാര്യങ്ങൾ ചെയ്യണമെന്നോ പലർക്കും അറിഞ്ഞു

കൂടാ. സമാനമായ രീതിയിൽ സർക്കാർ നല്കുന്ന സാമൂഹിക സുരക്ഷാപദ്ധതികളെക്കുറിച്ച് അറിയാതെ പോകുന്നതിനാൽ അവയുടെ ഗുണഭോക്താക്കളാകാൻ നമ്മുടെ ആളുകൾക്ക് കഴിയുന്നില്ല എന്ന സത്യം നമ്മൾ തിരിച്ചറിയണം. വിവിധ ജോലികൾക്കും മത്സരപരീക്ഷകൾക്കും അപേക്ഷിക്കേണ്ട സമയവും അപേക്ഷാരീതികളും യഥാസമയം അറിയിക്കുന്നതിലൂടെ നമ്മുടെ യുവജനങ്ങളെ സഹായിക്കാൻ ഈ പദ്ധതിയിലൂടെ സാധിക്കും. ഈ ലക്ഷ്യങ്ങളോടെ നമ്മുടെ അതിരൂപതയിൽ അതിരൂപത, ഫൊറോനാ, ഇടവകാ തലങ്ങളിലുള്ള ഹെൽപ് ഡെസ്കുകൾ രൂപീകരിക്കും. അതിരൂപതാതലത്തിൽ സ്ഥാപിക്കുന്ന ഹെൽപ്ഡെസ്ക് ഫൊറോന, ഇടവകാതലങ്ങളിലെ ഹെൽപ്ഡെസകുകൾക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നല്കി ഏകോപനം നടത്തുന്നതാണ്. ബഹു. ഫൊറോനാപള്ളി വികാരിയച്ചന്റെ നേതൃത്വത്തിലാണ് ഫൊറോനാ തല ഹെൽപ്ഡെസ്ക് രൂപീകരിക്കേണ്ടത്. 5 പേരടങ്ങുന്ന ഒരു ടീമാണ് ഇവിടെ പ്രവർത്തിക്കേണ്ടത്. ഇവരുടെ ഉത്തരവാദിത്വം ഇടവകാതലത്തിലുള്ള ഹെൽപ്ഡെസ്ക് അംഗങ്ങൾക്ക് ആവശ്യമായ സഹായസഹകരണങ്ങൾ നല്കുക എന്നതാണ്. സാധാരണക്കാരായ ആളുകളുമായി ഏറ്റവും അടുത്ത് ഇടപെട്ടുകൊണ്ട് അവരുടെ ആവശ്യങ്ങൾക്ക് സഹായം എത്തിച്ചു കൊടുക്കുക എന്നതാണ് ഇടവകാതല ഹെൽപ്ഡെസ്കിന്റെ ദൗത്യം. ഓരോ വാർഡിന്റെയും കുടുംബക്കൂട്ടായ്മ ഭാരവാഹികളുമായി ചേർന്ന് ഓരോ വാർഡിലുള്ള ആളുകളുടെ ആവശ്യങ്ങൾ മനസ്സിലാക്കി അവർക്ക് ആവശ്യമായ സഹായസഹകരണങ്ങൾ ചെയ്തു കൊടുക്കുന്നതോടൊപ്പം ഫൊറോനാ തലത്തിലോ അതിരൂപതാതലത്തിലോ ഉള്ള നേതൃത്വവുമായി ബന്ധപ്പെട്ട് കൂടുതൽ കാര്യങ്ങൾ മനസ്സിലാക്കുവാനും ഇവർ പരിശ്രമിക്കണം.

നമ്മുടെ സമുദായശാക്തീകരണം ലക്ഷ്യമാക്കി അതിരൂപത നടപ്പിലാക്കുന്ന മറ്റൊരു പദ്ധതിയാണ് എഡ്യൂസ്പാർക്ക്. പഠനത്തിൽ ഉന്നത നിലവാരം പുലർത്തുന്ന കുട്ടികൾ പോലും +2 പഠനം പൂർത്തിയാൽ ഉടനെ വിദേശരാജ്യങ്ങളിലേയ്ക്ക് പഠനത്തിനും ജോലിക്കുമായി പോകുന്ന പ്രവണത വർദ്ധിച്ചുവരികയാണ്. നമ്മുടെ നാട്ടിലെ ഗവൺമെന്റ് സർവ്വീസുകളിലും മികച്ച തൊഴിൽ സാധ്യതകളിലും നമ്മുടെ ചെറുപ്പക്കാർ ശ്രദ്ധിക്കുന്നില്ല. വലിയ തുക കടം എടുത്താണ് പലരും വിദേശത്ത് പോകുന്നത്. വിദേശത്ത് പോയിട്ടുള്ള പല

വിദ്യാർത്ഥികളും വലിയ പ്രതിസന്ധികളിലൂടെയാണ് കടന്നുപോകുന്നത് എന്ന കാര്യം അവിടെ നിന്നു വാർത്തകളിലൂടെ നാം അറിയുന്നുണ്ടല്ലോ. ഈ സാഹചര്യത്തിൽ, കേരള, കേന്ദ്ര സർക്കാർ ജോലികളിലും വിവിധ കോർപ്പറേറ്റ് കമ്പനികളിലെ ജോലികളും നേടുവാൻ നമ്മുടെ കുട്ടികളെ പരിശീലിപ്പിക്കേണ്ടതായിട്ടുണ്ട്. സിവിൽ സർവ്വീസ്, കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്, മറ്റ് സർക്കാർ സേവനമേഖലകൾ എന്നിവയിലേക്ക് നമ്മുടെ കുട്ടികളെ നയിക്കുവാൻ നമുക്ക് കഴിയണം. സിവിൽ സർവ്വീസ് പരിശീലന മേഖലയിൽ വർഷങ്ങളുടെ പ്രവർത്തനപരിചയം ഉള്ള പാലാ സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സഹായത്തോടെ 5-ാം ക്ലാസ്സുമുതൽ 8-ാം ക്ലാസ്സു വരെയുള്ള കുട്ടികൾക്ക് Blooming Minds എന്നപേരിലും ഒമ്പതാം ക്ലാസ്സിലെ കുട്ടികൾക്ക് Beautiful Minds എന്ന പേരിലും പതിനൊന്നാം ക്ലാസ്സിലെ കുട്ടികൾക്ക് Smart Teens എന്ന പേരിലും പരിശീലനപദ്ധതി ആരംഭിക്കുകയാണ്.

നമ്മുടെ നാട്ടിൽ ലഭ്യമാകുന്ന മികച്ച തൊഴിൽ അവസരങ്ങളിലേക്ക് കഴിവും പ്രാപ്തിയും, ദിശാബോധവും ഉള്ളവരാക്കി നമ്മുടെ കുട്ടികളെ മാറ്റുകയെന്നതാണ് ഈ പിശീലനപദ്ധതിയുടെ ലക്ഷ്യം. 2024 സെപ്റ്റംബർ മാസം തന്നെ ഈ പരിശീലന പരിപാടിയിൽ ചേർന്ന് പഠിക്കുവാൻ ആഗ്രഹിക്കുന്ന കുട്ടികൾക്ക് അവരുടെ പേരുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. ഓരോ ഇടവകയിലും ബഹു. വികാരിയച്ചൻമാർ കുട്ടികളുടെ പേരുവിവരം രേഖപ്പെടുത്തുത്തണം. ഈ പദ്ധതിയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ ബഹു. വികാരിയച്ചൻമാർ വഴി നിങ്ങളെ അറിയിക്കുന്നതാണ്. ഈ പദ്ധതികളുടെ ഡയറക്ടറായി ബഹു. ജോസഫ് റാത്തപ്പിള്ളി അച്ചനെയാണ് നിയമിച്ചിട്ടുള്ളത്. അച്ചനോട് ചേർന്ന് എല്ലാവരും സഹകരിച്ച് പ്രവർത്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പ്രിയപ്പെട്ട മാതാപിതാക്കളെ, നമ്മുടെ കുട്ടികളുടെ നല്ല ഭാവി മുന്നിൽ കണ്ടുകൊണ്ടുള്ള ഇത്തരം പദ്ധതികൾ വിജയിക്കണമെങ്കിൽ നിങ്ങളുടെ നിർല്ലോഭമായ സഹകരണം കൂടിയേ തീരു. കുട്ടികളെ പ്രോത്സാഹിപ്പിച്ചും കാര്യങ്ങൾ പറഞ്ഞ് ബോധ്യപ്പെടുത്തിയും ഈ പരിശീലന പദ്ധതിയിൽ ചേർന്ന് ഇതിന്റെ ഗുണഭോക്താക്കളാകുവാനും അതുവഴി നമ്മുടെ കുട്ടികളുടെ ഭാവി കൂടുതൽ ശോഭനമായി തീരുവാനും ഈ പഠന പരിശീലനം വഴി സാധ്യമാവട്ടെ എന്ന് ആശം

സിക്കുന്നു. നമ്മുടെ സമുദായത്തെ ശക്തിപ്പെടുത്തുവാനുള്ള എല്ലാ പരിശ്രമങ്ങളെയും കർത്താവിന്റെ കരങ്ങളിൽ സമർപ്പിക്കാം.

നിങ്ങളെ എല്ലാവരേയും പിതാവിന്റെയും ✝ പുത്രന്റെയും ✝ പരിശുദ്ധാത്മാവിന്റെയും ✝ നാമത്തിൽ ആശീർവ്വദിച്ചുകൊണ്ട്,

സ്നേഹപൂർവ്വം നിങ്ങളുടെ പിതാവ്,

**✝ മാർ ജോസഫ് പാംപ്ലാനി**
*തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത*

*2024 സെപ്റ്റംബർ 14 ന് വി. കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ ദിനത്തിൽ തലശ്ശേരി അതിരൂപതാ കാര്യാലയത്തിൽ നിന്ന് നൽകപ്പെട്ടത്.*

---

*NB:* ഈ സർക്കുലർ 2024 സെപ്റ്റംബർ 15-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ എല്ലാ ഇടവകപ്പള്ളികളിലും വി. കുർബാന നടക്കുന്ന മറ്റ് സ്ഥലങ്ങളിലും വായിച്ചതാണ്.

1. ഫൊറോനാതല ഹെൽപ്ഡെസ്ക് ഇതിൽ ഒരു അംഗം നിർബന്ധമായും നിയമവിദഗ്ധനായിരിക്കണം. മറ്റുള്ളവർ, റിട്ടയർ ചെയ്തവരോ, അല്ലാത്തവരോ ആയ സർക്കാർ ഉദ്യോഗസ്ഥരോ, വിരമിച്ച അധ്യാപകരോ ആകുന്നതാണ് ഉത്തമം.
2. ഫൊറോനാതലത്തിലും, ഇടവകാതലത്തിലും ഹെൽപ്ഡെസ്ക് എത്രയും വേഗം രൂപീകരിച്ച് ഇതിൽ പ്രവർത്തിക്കുന്നവരുടെ പേരുവിവരം അതിരൂപതാ കൂരിയായിലേയ്ക്ക് ഒക്ടോബർ 10 നു മുമ്പായി അയച്ച് തരേണ്ടതാണ്. ഇവർക്കുള്ള പരിശീലനം അതിരൂപതാതലത്തിൽ നല്കുന്നതാണ്.

Prot. No. 0857/2024

# സിനഡാനന്തര സർക്കുലർ

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽതന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലനശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.

*കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ!*

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

സീറോമലബാർസഭയുടെ മുപ്പത്തിരണ്ടാമതു സിനഡിന്റെ മൂന്നാം സമ്മേളനം 2024 ആഗസ്റ്റ്19 മുതൽ 31 വരെ സഭയുടെ ആസ്ഥാനകാര്യാലയമായ മൗണ്ട് സെന്റ് തോമസിൽ നടന്നു. പ്രതിസന്ധികൾക്കിടയിലും ദൈവപരിപാലനയുടെ അതിശയകരമായ നടത്തിപ്പ് അനുഭവിച്ചറിയാനുള്ള അവസരമായാണ് സിനഡുസമ്മേളനം അനുഭവപ്പെട്ടത്. സഭയെയും സമൂഹത്തെയും ബാധിക്കുന്ന നിരവധി കാര്യങ്ങൾ സിനഡുപിതാക്കന്മാരുടെ പരിചിന്തനത്തിനു വിഷയമായി.

**പ്രകൃതി ദുരന്തങ്ങൾ**

വയനാട്ടിലും വിലങ്ങാടും സംഭവിച്ച സമാനതകളില്ലാത്ത പ്രകൃതിദുരന്തത്തിൽ മരണമടഞ്ഞവരെ സിനഡു പ്രാർഥനാപൂർവം അനുസ്മരിച്ചു. ഉറ്റവരെയും ഉടയവരെയും മാത്രമല്ല ഉള്ളതെല്ലാം നഷ്ടപ്പെട്ട് അനാഥരായിത്തീർന്ന ദുരിതബാധിതർക്കൊപ്പം കേരളമൊന്നാകെ നിലകൊണ്ടതു നമ്മുടെ സമൂഹത്തിന്റെ നന്മയും പ്രത്യാശയുടെ പ്രകാശവുമാണ്. ദുരന്ത ബാധിതരെ പുനരധിവസിപ്പിക്കാനുള്ള സംരംഭത്തിൽ സഭയുടെ സമ്പൂർണമായ സഹകരണം ഉറപ്പുവരുത്തിയിട്ടുണ്ട്. വിവിധ സംസ്ഥാനങ്ങളിലെ കത്തോലിക്കാ മെത്രാൻസമിതികളുടെ സഹകരണത്തോടെ ഭവനങ്ങൾ നിർമിച്ചുനല്കാനും ഭൂരഹിതരായവർക്കു ഭവനനിർമാണത്തിനാവശ്യമായ ഭൂമി സൗജന്യമായി വിട്ടുനല്കാനുമുള്ള സഭയുടെ സന്നദ്ധത ഉത്തരവാദിത്വപ്പെട്ടവരെ ഇതിനോടകം അറിയിച്ചിട്ടുണ്ട്. പുനരധിവാസപ്രക്രിയ ത്വരിതഗതിയിലാക്കാനും ദുരിതബാധിതർക്കുള്ള നഷ്ടപരിഹാരപാക്കേജുകൾ സത്വരമായി പ്രഖ്യാപിക്കാനും സിനഡുസമ്മേളനം സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. നാം 'അധിവസിക്കുന്ന പൊതുഭവനം' എന്നു ഫ്രാൻസിസ് മാർപാപ്പ വിശേഷിപ്പിച്ച നമ്മുടെ പരിസ്ഥിതിയെ സംരക്ഷിക്കാൻ സഭ എന്നും പ്രതിജ്ഞാബദ്ധമാണ്. എന്നാൽ, പരിസ്ഥിതിക്ക് ആഘാതംവരുത്തുന്ന

വിവിധ ഖനനങ്ങൾക്കും വൻകിട നിർമാണങ്ങൾക്കും നേരേ കണ്ണട യ്ക്കുകയും കർഷകരെ പരിസ്ഥിതിഘാതകരായി ചിത്രീകരിക്കുക യും ചെയ്യുന്ന തെറ്റായ പരിസ്ഥിതിവാദത്തെ സഭ തിരിച്ചറിയുന്നുണ്ട്. പ്രകൃതിദുരന്തങ്ങളുടെ മറവിൽ കർഷകദ്രോഹപരമായ നടപടികളാ രംഭിക്കാൻ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുന്ന നീക്കങ്ങൾ അപ ലപനീയമാണ്. പരിസ്ഥിതിലോലപ്രദേശങ്ങളായി കേരളത്തിലെ 131 വില്ലേജുകൾ ഉൾപ്പെടുത്തിക്കൊണ്ടു കേന്ദ്രസർക്കാർ പുറത്തിറക്കിയ വിജ്ഞാപനം മലയോരകർഷകരിൽ ഏറെ ആശങ്കയുളവാക്കുന്നുണ്ട്. ആയുസ്സുമുഴുവനും അദ്ധ്വാനിച്ചുണ്ടാക്കിയ സ്വന്തം കൃഷി ഭൂമി മൂല്യര ഹിതമായിത്തീരുന്ന ദയനീയമായ സാഹചര്യമാണ് ഈ വിജ്ഞാപ നംവഴി കർഷകർക്കുണ്ടായിരിക്കുന്നത്. ആഗോളതാപനംവഴിയുള്ള അതിവർഷംതുടങ്ങി പ്രകൃതിദുരന്തങ്ങളുടെ യഥാർഥ കാരണം വിശ ദീകരിക്കുന്ന ശാസ്ത്രീയപഠനങ്ങളെ നിരാകരിച്ചുകൊണ്ട് കർഷകരെ ബലിയാടാക്കാനുള്ള നീക്കം പ്രതിഷേധാർഹവും തിരുത്തപ്പെടേണ്ടതു മാണ്. ഇക്കാര്യത്തിൽ കർഷകരുടെ ആശങ്കയകറ്റാനുള്ള വ്യക്തമായ ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം.

**സീറോമലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി**

സീറോമലബാർസഭയുടെ അഞ്ചാമതു മേജർ ആർക്കിഎപ്പിസ് കോപ്പൽ അസംബ്ലിയ്ക്കു ആഗസ്റ്റ് 22 മുതൽ 25 വരെ പാലാ രൂപത യിലെ അൽഫോൻസ്യൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടും സെന്റ് തോമസ് കോളേജും സംയുക്തമായി ആതിഥേയത്വം വഹിച്ചു. സംഘാടകമികവുകൊണ്ടും കൂട്ടായ്മയുടെ സാക്ഷ്യംകൊണ്ടും ചർച്ചാവിഷയങ്ങളുടെ കാലികപ്രസക്തി കൊണ്ടും ഇത്തവണത്തെ അസംബ്ലി ഏറെ ശ്രദ്ധേയ മായിരുന്നു. വിശ്വാസപരിശീലനത്തിലെ നൂതനാഭിമുഖ്യങ്ങൾ, മിഷൻ പ്രവർത്തനത്തിലെ അല്മായരുടെ പങ്കാളിത്തം, സീറോമലബാർ സമു ദായശക്തീകരണം എന്നീ വിഷയങ്ങളെ ആധാരമാക്കിയുള്ള പഠന ങ്ങളും പരിചിന്തനങ്ങളുമാണ് അസംബ്ലിയിൽ പ്രധാനമായും നടന്നത്. സീറോമലബാർസഭയിലെ മെത്രാന്മാരും വൈദികരും സമർപ്പിതരും അല്മായരും ഉൾപ്പെടുന്ന 348 അംഗങ്ങളാണ് അസംബ്ലിയിൽ പങ്കെടു ത്തത്. സഭയുടെ മുന്നോട്ടുള്ള പ്രയാണത്തിന്റെ ഗതി നിർണയിക്കാൻ സഹായകമായ ശ്രദ്ധേയമായ തീരുമാനങ്ങളും കർമപദ്ധതികളും അ സംബ്ലിയിൽ രൂപീകരിച്ചിട്ടുള്ളത് വിശദമായി നിങ്ങളെ പിന്നീട് അറി യിക്കുന്നതാണ്.

മുല്ലപ്പെരിയാർ ഡാമിന്റെ കാലപ്പഴക്കംമൂലമുള്ള ദുർബലാവസ്ഥ കേരളത്തിന്റെ മൂന്നിലൊരു ഭാഗത്തിനു നാശംവരുത്താൻ പര്യാപ്ത

മായ ഭീഷണിയായി വളർന്നിട്ടുണ്ട്. തമിഴ്നാടിനു വെള്ളവും കേരളത്തിനു സുരക്ഷിതത്വവുമെന്ന  നിലപാടിൽ ഉറച്ചുനിന്നുകൊണ്ടു ജനങ്ങളുടെ ആശങ്ക അകറ്റാനുള്ള സത്വരനടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നു ഉണ്ടാകണമെന്നു സഭാ അസംബ്ലി സർക്കാരിനോടു ആവശ്യപ്പെട്ടു.

ന്യൂനപക്ഷമായ ക്രൈസ്തവരുടെ പിന്നോക്കാവസ്ഥ പഠിക്കാൻ നിയോഗിക്കപ്പെട്ട ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷന്റെ റിപ്പോർട്ടു പ്രസിദ്ധീകരിക്കാനോ നിർദേശങ്ങൾ നടപ്പിലാക്കാനോ സർക്കാർ നാളിതുവരെ യാതൊന്നും ചെയ്തില്ല എന്ന സത്യം ക്രൈസ്തവസമൂഹത്തെ ഏറെ വേദനിപ്പിക്കുന്നുണ്ട്. ഇക്കാര്യത്തിൽ സുതാര്യവും നീതിപൂർവകവുമായ ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്നു സഭ ആവശ്യപ്പെടുന്നു.

**കുടുംബപ്രാർഥന**

നമ്മുടെ കുടുംബങ്ങളുടെ ശക്തികേന്ദ്രം നിത്യേനയുള്ള കുടുംബപ്രാർഥനകളായിരുന്നു. തലമുറകളെ വിശ്വാസപാരമ്പര്യത്തിലും സഭാസ്നേഹത്തിലും നിലനിറുത്തുന്നതിൽ കുടുംബപ്രാർത്ഥനയ്ക്കുള്ള പങ്കു വലുതാണ്. എന്നാൽ, ജോലിത്തിരക്കുകൾമൂലവും കുടുംബാംഗങ്ങൾ വിവിധ ദേശങ്ങളിൽ ആയിരിക്കുന്ന സാഹചര്യത്തിലും നമ്മുടെ പവിത്രമായ കുടുംബപ്രാർഥനാസംസ്കാരത്തിനു കുറവുവന്നിട്ടുള്ളതായി സിനഡു വിലയിരുത്തി. നമ്മുടെ കുടുംബങ്ങളുടെ കൂട്ടായ്മയെയും നിലനില്പിനെയും പരിപോഷിപ്പിക്കുന്ന കുടുംബപ്രാർത്ഥനാരീതി അവികലമായി നിലനിറുത്താൻ എല്ലാ കുടുംബാംഗങ്ങളും  പരിശ്രമിക്കണം.

**ഏകീകൃത വിശുദ്ധ കുർബാനയർപ്പണം**

നമ്മുടെ സഭയുടെ ഏകീകൃത കുർബാനക്രമം എല്ലാ രൂപതകളിലും നടപ്പിലാക്കാനുള്ള 2021 ലെ സിനഡുതീരുമാനം സഭയിലുടനീളം മാറ്റമില്ലാതെ തുടരുന്നതാണ്. എന്നാൽ, ഈ തീരുമാനം പൂർണമായും നടപ്പിലാക്കാൻ ഇനിയും നമുക്കു കഴിഞ്ഞിട്ടില്ല എന്നത് ഏറെ ദുഃഖകരമാണ്. സിനഡുതീരുമാനം നടപ്പിലാക്കാനുള്ള അജപാലനപരമായ പ്രതിസന്ധികൾ നിലനില്ക്കുന്നതിനാൽ, എറണാകുളം, അങ്കമാലി അതിരൂപതയെ മനസ്സിലാക്കാനും പിതൃസഹജമായ സ്നേഹത്തോടെ ചേർത്തുപിടിക്കാനുമാണു സിനഡു ശ്രമിച്ചത്. ഇതിന്റെ ഭാഗമായി, ഞായറാഴ്ചകളിലും കടമുള്ള മറ്റു ദിവസങ്ങളിലും ഒരു കുർബാനയെങ്കിലും ഏകീകൃതരീതിയിൽ ചൊല്ലിത്തുടങ്ങുന്ന പള്ളികളിലെ

വൈദികർക്കു സഭാപരമായ നടപടികളിൽനിന്നു താത്ക്കാലികമായി ഇളവുനല്കുമെന്ന് അറിയിച്ചിരുന്നു. ഏകീകൃത കുർബാനയർപ്പണം അതിരൂപതമുഴുവനിലും നടപ്പിലാക്കാനായി ബോധവത്ക്കരണത്തിനുവേണ്ടിയുള്ള സാവകാശമായിട്ടാണ് ഈ ഇളവു നല്കിയത്. ഈ നിർദേശം നൂറിലധികം പള്ളികളിൽ നടപ്പിലായെങ്കിലും അതിരൂപതയിലെ മറ്റു പള്ളികൾ ഇക്കാര്യത്തിൽ പുലർത്തുന്ന വൈമുഖ്യത്തെ യാതൊരു വിധത്തിലും നീതീകരിക്കാനാവില്ല. ഇത്തരം നിലപാടുകൾ കുറ്റകരമായിക്കണ്ടു നടപടികൾ സ്വീകരിക്കുന്നതാണ്. ഏകീകൃത കുർബാനയർപ്പണരീതി നടപ്പിലാക്കിയ പള്ളികളിൽ പലതിലും ആത്മാർഥമായ സമീപനം പ്രകടമായില്ല എന്ന പരാതി നിലവിലുണ്ട്. ഒരുമിച്ചുനടക്കാനുള്ള സിനഡിന്റെ പരിശ്രമങ്ങളെ ശരിയായ അർഥത്തിൽ മനസ്സിലാക്കി സഹകരിക്കാൻ എറണാകുളം അങ്കമാലി അതിരൂപതയിലെ വൈദികരോടും സമർപ്പിതരോടും അല്മായരോടും സിനഡ് ആവശ്യപ്പെടുകയാണ്. ഏറെ വെല്ലുവിളികൾക്കിടയിലും അപ്പസ്തോലികധീരതയോടെ സിനഡിന്റെ തീരുമാനം നടപ്പിലാക്കിയ വൈദികരെയും ഇടവകകളെയും സിനഡ് ആദരപൂർവം സ്മരിക്കുന്നു. അതിരൂപതയിൽ സിനഡിന്റെ തീരുമാനം നടപ്പിലാക്കാനുള്ള വ്യക്തമായ നിർദേശങ്ങൾ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ മാർ ബോസ്കോ പുത്തൂർ പിതാവിനു നല്കിയിട്ടുണ്ട്. ഏകീകൃത കുർബാനയർപ്പണവുമായി ബന്ധപ്പെട്ട ക്രമീകരണങ്ങളോട് എല്ലാവരും സർവാത്മനാ സഹകരിക്കണമെന്നു സിനഡ് ആവശ്യപ്പെടുന്നു.

**ജൂബിലിവർഷം**

നമ്മുടെ കർത്താവീശോമിശിഹായുടെ ജനനത്തിന്റെ അനുസ്മരണമായി രണ്ടായിരത്തി ഇരുപത്തിയഞ്ചാം ആണ്ടിനെ സാധാരണ ജൂബിലിവർഷമായി പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ പ്രഖ്യാപിച്ച വിവരം നിങ്ങൾക്ക് അറിവുള്ളതാണല്ലോ. പ്രതിസന്ധികളുടെ ഈ കാലഘട്ടത്തിൽ 'പ്രത്യാശയുടെ തീർഥാടകരാകുവിൻ' എന്ന ആഹ്വാനമാണ് പരിശുദ്ധ പിതാവു ജൂബിലിവർഷത്തിൽ നല്കുന്നത്. നമ്മുടെ കർത്താവിലുള്ള വിശ്വാസത്തെ സഭയിലൂടെ ആഘോഷിക്കുക എന്നതാണു ജൂബിലിവർഷത്തിന്റെ ലക്ഷ്യമായി നല്കിയിരിക്കുന്നത്. 'പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല' (spes non confundit) എന്ന അപ്പസ്തോലിക പ്രബോധനത്തിലൂടെ ജൂബിലിയാഘോഷത്തിനുള്ള മാർഗരേഖ നമുക്കു നല്കപ്പെട്ടിട്ടുണ്ട്. 2024 ഡിസംബർ മാസം ജൂബിലിക്ക് അടുത്ത ഒരുക്കത്തിനായുള്ള പ്രാർഥനാദിനങ്ങളായി നാം ആചരിക്കണം.

2024 ഡിസംബർ 24നു രാത്രി എല്ലാ കത്തീഡ്രൽപള്ളികളിലും തുടർന്നുവരുന്ന ഞായറാഴ്ച എല്ലാ ഇടവകപള്ളികളിലും ജൂബിലിവർഷം, ജൂബിലിതിരിതെളിച്ച് ഉദ്ഘാടനം ചെയ്യുന്നതാണ്. ജൂബിലിവർഷത്തിന്റെ ലോഗോ ഉൾപ്പെടുന്ന ഫലകം എല്ലാ പള്ളികളിലും സ്ഥാപിക്കേണ്ടതാണ്. ജൂബിലിവർഷത്തിൽ തിരുസഭാമാതാവു തന്റെ മക്കൾക്കു നല്കുന്ന വിവിധങ്ങളായ വരപ്രസാദവഴികളെയും ദണ്ഡവിമോചനങ്ങളെയും വ്യക്തമാക്കിക്കൊണ്ടുള്ള ഇടയലേഖനം രൂപതാധ്യക്ഷന്മാർ നല്കുന്നതായിരിക്കും. പരിശുദ്ധ കുർബാന, അനുരഞ്ജനകൂദാശ എന്നിവയിൽ അധിഷ്ഠിതമായതും തീർഥാടനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതുമായ കർമപദ്ധതിയാണ് രൂപതാതലങ്ങളിൽ നടപ്പിലാക്കേണ്ടത്. സഭയിലുടനീളം പ്രത്യാശയുടെ പുതിയ പ്രകാശം പരക്കാനും കൂട്ടായ്മയുടെയും സഭാസ്നേഹത്തിന്റെയും പുതിയ വസന്തം വിരിയാനും ജൂബിലിവർഷം നിമിത്തമാകട്ടെ എന്നു പ്രാർഥിക്കുന്നു.

**പുതിയ ഇടയന്മാർ**

നമ്മുടെ സഭയ്ക്കുള്ള ദൈവത്തിന്റെ സമ്മാനമായി രണ്ടു പുതിയ ഇടയന്മാരെ ലഭിച്ചു എന്നത് ഏറെ അഭിമാനകരവും സന്തോഷകരവുമാണ്. ചങ്ങനാശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്തയായി പ്രസ്തുത അതിരൂപതയുടെ സഹായമെത്രാനായി സേവനം ചെയ്തുവരികയായിരുന്ന മാർ തോമസ് തറയിൽ പിതാവു നിയമിതനായി. അറിയപ്പെടുന്ന മനഃശാസ്ത്രവിശാരദനും സാമൂഹിക ആത്മീയമേഖലകളിലെ നലംതികഞ്ഞ നായകനുമായ നിയുക്ത ആർച്ചുബിഷപ്പിനു സഭയുടെ മുഴുവൻ പ്രാർഥനാമംഗളങ്ങൾ നേരുന്നു. പിതൃസഹജമായ വാത്സല്യത്തോടും സീറോമലബാർസഭയുടെ പാരമ്പര്യങ്ങളോടുമുള്ള അവികലമായ വിശ്വസ്തതയോടും കുലീനമായ ശാന്തതയോടുംകൂടി കഴിഞ്ഞ ഇരുപത്തിരണ്ടു വർഷങ്ങൾ ചങ്ങനാശ്ശേരി അതിരൂപതയിൽ മേല്പട്ടശുശ്രൂഷ നിർവഹിച്ച അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവിനോടു സീറോമലബാർസഭ ഏറെ കടപ്പെട്ടിട്ടുണ്ട്. പിതാവിന്റെ സേവനങ്ങളെ ആദരവോടെ സ്മരിച്ചുകൊണ്ടു താപസതുല്യമായ പിതാവിന്റെ വഴികളെ കർത്താവു തുടർന്നും അനുഗ്രഹിക്കട്ടെ എന്ന് ആശംസിക്കുന്നു.

ഭൂവിസ്തൃതികൊണ്ടു ഭാരതത്തിലെ ഏറ്റവും വലിയ രൂപതയായ ഷംഷാബാദിന്റെ രണ്ടാമത്തെ മെത്രാനായി അഭിവന്ദ്യ മാർ പ്രിൻസ് ആന്റണി പാണേങ്ങാടൻ പിതാവു നിയമിതനായി. സഹജമായ പ്രേഷിതതതീക്ഷ്ണതയും കഠിനാദ്ധ്വാനശീലവും ജീവിതലാളിത്യവും

അഭിവന്ദ്യ പിതാവിനു പുതിയ ദൗത്യത്തിൽ സഹായകമാകുമെന്ന് ഉറപ്പുണ്ട്. സഭയുടെ പ്രേഷിതമുഖമായി മാറാൻ പിതാവിനു കഴിയട്ടെ യെന്നു പ്രാർഥിക്കുന്നു. ചങ്ങനാശ്ശേരി അതിരൂപതയ്ക്കും ഷംഷാബാദ് രൂപതയ്ക്കും സഭ മുഴുവന്റെയും പ്രാർഥനാശംസകൾ നേരുന്നു.

നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെയും മാർ യൗസേപ്പുപിതാവിന്റെയും മാർ തോമാശ്ലീഹായുടെയും സകല വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും മാധ്യസ്ഥ്യവും അനുഗ്രഹ വും നമ്മോടും നമ്മുടെ എല്ലാ പ്രവർത്തനങ്ങളോടുമൊപ്പം ഉണ്ടായി രിക്കട്ടെ!

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പി ന്റെ കാര്യാലയത്തിൽനിന്നു 2024-ാം ആണ്ട് ആഗസ്റ്റു മാസം 31-ാം തീയതി നല്കപ്പെട്ടത്.

**മാർ റാഫേൽ തട്ടിൽ**
സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ്

---

ഈ സർക്കുലർ 2024 സെപ്റ്റംബർ 8-ാം തീയതി ഞായറാഴ്ച സീറോ മലബാർസഭയിലെ എല്ലാ ഇടവകപള്ളികളിലും സ്ഥാപനങ്ങളിലും സമർപ്പിത ഭവനങ്ങളിലും പരിശീലനകേന്ദ്രങ്ങളിലും മേജർ സെമിനാരികളിലും വിശുദ്ധ കുർബാനമധ്യേ വായിച്ചതാണ്.

No.: 4045/K-5/KCBC/OL/DS 10.09.2024

## പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ 2024-ലെ ലോകപ്രേഷിതദിനത്തിൽ നൽകുന്ന സന്ദേശം (ഒക്ടോബർ 20, 2024)

**പോയി, എല്ലാവരെയും വിരുന്നിനു ക്ഷണിക്കുവിൻ (മത്താ 22:9 കാണുക)**

പ്രിയ സഹോദരീസഹോദരന്മാരേ,

ഈ വർഷത്തെ ആഗോളപ്രേഷിതദിനത്തിന്റെ വിഷയമായി ഞാൻ തിരഞ്ഞെടുത്തിരിക്കുന്നത് സുവിശേഷത്തിലെ വിവാഹവിരുന്നിന്റെ ഉപമയാണ് (മത്താ 22: 1-14 കാണുക). അതിഥികൾ തന്റെ ക്ഷണം നിരസിച്ചതിനുശേഷം, കഥയിലെ മുഖ്യകഥാപാത്രമായ രാജാവ്, തന്റെ സേവകരോട് പറഞ്ഞു, "അതിനാൽ, നിങ്ങൾ വഴിക്കവലകളിൽ ചെന്ന് അവിടെ കണ്ടെത്തുന്നവരെയെല്ലാം വിവാഹവിരുന്നിനു ക്ഷണിക്കുവിൻ" (വാ. 9). ഉപമയുടെയും യേശുവിന്റെതന്നെ ജീവിതത്തിന്റെയും പശ്ചാത്തലത്തിൽ ഈ നിർദേശം വിചിന്തന വിഷയമാക്കുന്നതുവഴി സുവിശേഷവത്കരണത്തെ സംബന്ധിച്ച പല പ്രധാനപ്പെട്ട ചിന്തകൾ നമുക്ക് വിവേചിച്ചറിയാനാവും. അവ നമ്മെ എല്ലാവരെയും സംബന്ധിച്ച് കാലിക പ്രസക്തി ഉള്ളതായിരിക്കുകയും ചെയ്യും; എന്തെന്നാൽ, ക്രിസ്തുവിന്റെ പ്രേഷിതശിഷ്യർ എന്ന നിലയ്ക്ക് എല്ലാവരും സിനഡാത്മക സഞ്ചാരത്തിന്റെ ഏതാണ്ട് അവസാന ഘട്ടത്തിൽ എത്തിച്ചേർന്നിരിക്കുന്ന വേളയാണല്ലോ ഇത്! അതിന്റെ മുഖ്യചിന്താവിഷയം, "കൂട്ടായ്മ, പങ്കാളിത്തം, പ്രേക്ഷിതദൗത്യം" എന്നതും ആണല്ലോ! അതുവഴിയായി സഭ തന്റെ പ്രഥമ ദൗത്യത്തിനു പുനഃരൂന്നൽകൊടുക്കാനാണ് ശ്രമിക്കുന്നത്; അതായത്, ഇന്നത്തെ ലോകത്ത് സുവിശേഷം പ്രസംഗിക്കുക എന്ന ദൗത്യത്തിന്.

***1. "പോയി ക്ഷണിക്കുവിൻ" : കർത്താവിന്റെ വിരുന്നിലേക്ക് മറ്റുള്ളവരെ ക്ഷണിക്കാനായി അക്ഷീണം പുറത്തേക്കു പോകുന്നതാണ് പ്രേഷിത ദൗത്യം.***

രാജാവ് തന്റെ സേവകരോട് കൽപ്പിച്ച രണ്ടു വാക്കുകൾ പ്രേഷിതദൗത്യത്തിന്റെ മുഖ്യചിന്ത പ്രതിഫലിപ്പിക്കുന്നു: "പുറത്തേക്കു പോകുക," "ക്ഷണിക്കുക" എന്നീ രണ്ട് ക്രിയകൾ.

ആദ്യത്തേതിനെക്കുറിച്ച് പറഞ്ഞാൽ, അതിഥികൾക്ക് ക്ഷണം നൽകാനായി സേവകർ മുമ്പ് അയക്കപ്പെട്ടിരുന്നതായി നാം ഓർക്കണം (വാ. 3-4 കാണുക). പ്രേഷിതദൗത്യം എന്നു പറയുന്നത്, എല്ലാ സ്ത്രീപുരുഷന്മാരുടെയും മുമ്പിലേക്ക് ഇറങ്ങിചെല്ലുന്നതാണ് എന്നു നാം മനസ്സിലാക്കുന്നു; അവർ ദൈവവുമായി കണ്ടുമുട്ടി അവിടന്നുമായി സംസർഗത്തിൽ ആയിരിക്കുന്നതിനു വേണ്ടിയാണത്. അത് അക്ഷീണമായ പ്രയത്നമാണ്. സ്നേഹസമ്പന്നനും കരുണാർദ്രനുമായ ദൈവം

എല്ലാ സ്ത്രീപുരുഷന്മാരെയും കണ്ടുമുട്ടാനായി നിരന്തരം ഇറങ്ങി പുറപ്പെടുന്നു; അവർ നിസ്സംഗത പുലർത്തിയാലും നിരാകരിച്ചാലും, ദൈവം തന്റെ രാജ്യത്തിന്റെ സന്തോഷത്തിലേക്ക് അവരെ സ്ഥിരമായി ക്ഷണിച്ചുകൊണ്ടിരിക്കുന്നു. നല്ല ഇടയനും പിതാവിന്റെ സന്ദേശ വാഹകനുമായ യേശുക്രിസ്തു ഇസ്രായേൽജനത്തിലെ നഷ്ടപ്പെട്ട ആടിനെ അന്വേഷിച്ചു പുറപ്പെട്ടു; അവിടന്ന് അതിൽക്കൂടുതൽ പോകാൻ ആഗ്രഹിച്ചു; അതായത്, വളരെ ദൂരെയുള്ള ആടിനെപോലും അന്വേഷിച്ചു കണ്ടെത്താൻ (യോഹ 10:16 കാണുക). തന്റെ ഉത്ഥാന ത്തിനു മുമ്പുംപിമ്പും അവിടന്ന് തന്റെ ശിഷ്യരോട് പറഞ്ഞു, "പോകുവിൻ"; അങ്ങനെ അവിടന്ന് അവരെ തന്റെ ദൗത്യത്തിൽ പങ്കാളികളാക്കി (ലൂക്കാ 10:3; മർക്കോ 16:15 കാണുക). സഭയാകട്ടെ, തന്റെ നാഥനിൽനിന്നു ലഭിച്ച ദൗത്യത്തോടു വിശ്വസ്തത പുലർത്തി ക്കൊണ്ട്, ഭൂമിയുടെ അതിർത്തികൾവരെ പോകുന്നത് തുടർന്നു കൊണ്ടിരിക്കും; അത് അവൾ ആവർത്തിച്ചാവർത്തിച്ച് ചെയ്യുന്ന പ്രവൃത്തി ആയിരിക്കും; പ്രതിസന്ധികളുടെയും തടസ്സങ്ങളുടെയും മുമ്പിൽ ക്ഷീണിതയാകാതെയും അടിപതറാതെയും അവൾ മുന്നേറും.

ക്രിസ്തുവിന്റെ വിളിക്ക് പ്രത്യുത്തരം നൽകിക്കൊണ്ട് മാതൃ രാജ്യങ്ങൾവിട്ട് വിദൂരദേശങ്ങളിലേക്കുപോയി സദ്വാർത്ത ഇതുവരെ കേട്ടിട്ടില്ലാത്തവരോ ഈ അടുത്തകാലത്തുമാത്രം കേട്ടവരോ ആയവരെ അത് അറിയിക്കാനായി ഇറങ്ങിപ്പുറപ്പെട്ടിട്ടുള്ള എല്ലാ പ്രേഷിതരെയും നന്ദിയോടെ ഓർക്കാൻ ഞാൻ ഈ അവസരം ഉപയോഗപ്പെടുത്തുന്നു. പ്രിയ സ്നേഹിതരേ, "നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ" (മത്താ 18:19) എന്ന് യേശു തന്റെ ശിഷ്യരെ ഭരമേല്പിച്ച ജനതകളോടുള്ള (*Ad Gentes*) പ്രേഷിത ദൗത്യത്തോടുള്ള പ്രതിജ്ഞാബദ്ധതയുടെ പ്രകടമായ പ്രകാശനമാണ് നിങ്ങളുടെ ഉദാരമായ സമർപ്പണം. ഭൂമിയുടെ അതിർത്തികൾവരെ സുവിശേഷവൽകരണത്തിന്റെ പ്രവൃത്തി നടപ്പാക്കാനായി പുതിയതും ധാരാളവുമായ പ്രേഷിതദൈവവിളികൾ ഉണ്ടാകാനായി നാം തുടർന്നു പ്രാർഥിക്കുകയും അതോടൊപ്പം ദൈവവിളികൾക്കു ദൈവത്തിനു നന്ദിപറയുകയും ചെയ്യുന്നു.

ഓരോ സാഹചര്യത്തിലും സുവിശേഷത്തിനു സാക്ഷ്യം നൽകിക്കൊണ്ട് ഓരോ ക്രിസ്ത്യാനിയും, അവനും അവളും, ഈ സാർവത്രിക പ്രേഷിതദൗത്യത്തിനായി വിളിക്കപ്പെട്ടിരിക്കുന്നു എന്ന കാര്യം വിസ്മരിക്കാൻ പാടില്ല; അതുവഴിയായി സഭയ്ക്കുമുഴുവനും നിരന്തരം തന്റെ നാഥനും ഗുരുവും ആയുള്ളവനോടൊപ്പം ഇന്നത്തെ ലോകത്തിന്റെ ''നാൽകവലകളി''ലേക്ക് കടന്നുചെല്ലാനാവും. "സഭയിൽ ഇന്നു നടക്കുന്ന യഥാർഥ്യം യേശു ഉള്ളിൽനിന്ന് നമ്മുടെ വാതിലിൽ മുട്ടി വിളിച്ചുകൊണ്ടിരിക്കുന്നു എന്നതാണ്; അതായത്,

തന്നെ പുറത്തേക്കു നമ്മൾ വിടാൻ. നമ്മൾ പലപ്പോഴും ഒരു 'തടവറ സൃഷ്ടിക്കുന്ന' സഭയായി മാറുന്നു; അത് നാഥനെ പുറത്തേക്കിറങ്ങാൻ സമ്മതിക്കുന്നില്ല; അവിടത്തെ നാം 'നമ്മുടേതാക്കി മാത്രം' സൂക്ഷിക്കുന്നു; യഥാർഥത്തിൽ അവിടന്ന് ഒരു ദൗത്യവുമായാണ് വന്നത്; "നാമെല്ലാവരും പ്രേഷിതദൗത്യം പേറുന്നവർ ആകണമെന്ന് അവിടന്ന് ആഗ്രഹിക്കുന്നു" (*അല്മായർക്കും കുടുംബങ്ങൾക്കും ജീവനും വേണ്ടിയുള്ള മന്ത്രാലയം സംഘടിപ്പിച്ച സമ്മേളനത്തിൽ പങ്കെടുത്തവർക്ക് നൽകിയ പ്രഭാഷണം*, ഫെബ്രുവരി 18, 2023). ക്രൈസ്തവികത ഉദയംചെയ്ത കാലത്തെന്നപോലെ, ഒരു പുതിയ പ്രേഷിതമുന്നേറ്റം ഉദ്ഘാടനം ചെയ്യപ്പെടുംവിധം, ജ്ഞാനസ്നാനം സ്വീകരിച്ച നാമെല്ലാവരും, ഓരോരുത്തരും അവരവരുടെ ജീവിതാന്തസ്സ് അനുസരിച്ച്, നവമായി ഇറങ്ങിപുറപ്പെടാൻ  തയ്യാറാകട്ടെ!

ഉപമയിലെ രാജാവിന്റെ ആജ്ഞയിലേക്ക് തിരികെവന്നാൽ, സേവകരോട് ആജ്ഞാപിച്ചത് "പോകാൻ" മാത്രമായിരുന്നില്ല; മറിച്ച്, "ക്ഷണിക്കാനും" ആയിരുന്നു. "വിവാഹവിരുന്നിനു വരുക" (മത്താ 22:4). ഇവിടെ നമുക്ക് ദൈവം ഭരമേല്പിച്ച പ്രേഷിതദൗത്യത്തിൽ പ്രാധാന്യം ഒട്ടും കുറവില്ലാത്ത മറ്റൊരു വശം കാണാനാകും.  അതായത്, നമുക്ക് സങ്കൽപ്പിക്കാവുന്നതുപോലെ, അടിയന്തര പ്രാധാന്യത്തോടെയാണ് സേവകർ രാജാവിന്റെ ക്ഷണം കൈമാറിയത്;  അതോടൊപ്പം വലിയ ആദരവോടും ദയയോടുംകൂടിയും. അതേ രീതിയിൽതന്നെ, സുവിശേഷം ഓരോ സൃഷ്ടിക്കും നൽകുക എന്ന ദൗത്യം പേറുന്നവർ തങ്ങൾ പ്രഘോഷിക്കുന്ന ആളിന്റെ "ശൈലി" നിശ്ചയമായും അനുകരിക്കേണ്ടതാണ്. "മരിക്കുകയും  മൃതരിൽനിന്ന് ഉയിർക്കുകയും ചെയ്ത യേശുക്രിസ്തുവിൽ പ്രകാശിതമായ രക്ഷാകരമായ ദൈവസ്നേഹത്തിന്റെ സൗന്ദര്യം" (*സുവിശേഷത്തിന്റെ സന്തോഷം*, 36) ലോകത്തോടു പ്രഖ്യാപിക്കുന്ന പ്രേഷിതശിഷ്യർ, തങ്ങളുടെ ഉള്ളിൽ പ്രവർത്തിക്കുന്ന പരിശുദ്ധാത്മാവിന്റെ ഫലങ്ങളായ സന്തോഷത്തോടും മഹാമനസ്കതയോടും ഉദാരതയോടും (ഗലാ 5:22) അത് ചെയ്യാൻ തയ്യാറാകണം. അത്  സമ്മർദം ചെലുത്തിയോ നിർബന്ധിച്ചോ മതം മാറ്റപ്രക്രിയകളി ലൂടെയോ ആകാൻ പാടില്ല; അത് അടുപ്പംകൊണ്ടും അനുകമ്പ കൊണ്ടും ആർദ്രതകൊണ്ടും ആവണം; അപ്പോൾ അത് ദൈവം ആയിരിക്കുന്നതിന്റെയും പ്രവർത്തിക്കുന്നതിന്റെയും  പ്രതിഫലനമായി മാറും.

***2. "വിവാഹാഘോഷത്തിലേക്ക്": ക്രിസ്തുവിന്റെയും സഭയുടെയും ദൗത്യത്തിലുള്ള യുഗാന്ത്യപരവും ദിവ്യകാരുണ്യപരവുമായ വശം.***

തന്റെ പുത്രന്റെ വിവാഹവിരുന്നിലേക്കുള്ള ക്ഷണമാണ് ഈ ഉപമയിൽ രാജാവ് സേവകർവഴി നൽകുന്നത്.  ഈ വിരുന്ന്  യുഗാന്ത്യ

ത്തിലെ വിരുന്നിന്റെ ഒരു പ്രതിഫലനമാണ്. ദൈവരാജ്യത്തിലുള്ള ആത്യന്തികമായ രക്ഷയുടെ ചിത്രമാണ് അത് അവതരിപ്പിക്കുന്നത്. മിശിഹായും ദൈവപുത്രനുമായ യേശുവിന്റെ വരവോടെ അതിപ്പോൾത്തന്നെ സാക്ഷാത്കരിക്കപ്പെട്ടിരിക്കുന്നു; അവിടന്ന് നമുക്ക് ജീവന്റെ സമൃദ്ധി നൽകുകയുണ്ടായി (യോഹ 10:10 കാണുക); ദൈവം മരണത്തെ എന്നേക്കും ഇല്ലാതാക്കുകയും മനുഷ്യരുടെ മുൻപിൽ മൃഷ്ടഭോജനത്തിന്റെയും മട്ടൂറിയ വീഞ്ഞിന്റെയും മേശ ഒരുക്കുകും ചെയ്യും എന്ന പ്രവചനത്തിൽ അത് അന്തർലീനമാണ് (ഏശ 25:6-8 കാണുക).

ക്രിസ്തുവിന്റെ ദൗത്യം കാലസമ്പൂർണതയുമായി ബന്ധപ്പെട്ടതാണ്; തന്റെ പ്രഘോഷണത്തിന്റെ ആരംഭത്തിൽ യേശു പറഞ്ഞു, "സമയം പൂർത്തിയായി, ദൈവരാജ്യം സമീപിച്ചിരിക്കുന്നു" (മർക്കോ 1:15). തങ്ങളുടെ കർത്താവും ഗുരുവുമായ ക്രിസ്തുവിന്റെ ഈ ദൗത്യം പിന്തുടരുവാൻ അവിടത്തെ ശിഷ്യർ വിളിക്കപ്പെട്ടിരിക്കുന്നു. സഭയുടെ പ്രേഷിതപരിപാടിയുടെ യുഗാന്ത്യപരമായ സ്വഭാവത്തെക്കുറിച്ച് രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രബോധനം നാം ഇവിടെ അനുസ്മരിക്കുന്നു: "ദിവ്യനാഥന്റെ പ്രഥമ ആഗമനത്തിന്റെയും... ദ്വിതീയാഗമനത്തിന്റെയും മധ്യേയാണ് പ്രേഷിതവൃത്തിയുടെ കാലം സ്ഥിതി ചെയ്യുന്നത്. അതിനാൽ, ദിവ്യനാഥന്റെ വരവിനുമുമ്പായി സുവിശേഷം എല്ലാ ജനപദങ്ങളോടും പ്രസംഗിക്കപ്പെടണം'' (മർക്കോ 13:10 കാണുക) (*പ്രേഷിതപ്രവർത്തനം* [*Ad Gentes*], 9).

ആദിമക്രിസ്ത്യാനികളുടെ ഇടയിൽ പ്രേഷിതതീക്ഷ്ണതയ്ക്ക് യുഗാന്ത്യപരതയുടെ ശക്തമായ ഒരു മാനം ഉണ്ടായിരുന്നെന്നു നമുക്കറിയാം. സുവിശേഷം പ്രസംഗിക്കുന്നതിന്റെ അടിയന്തരഭാവം അവർ തിരിച്ചറിഞ്ഞിരുന്നു. ഇന്നും ഈ കാഴ്ചപ്പാട് നിലനിർത്തുക എന്നത് വളരെ പ്രധാനപ്പെട്ടതാണ്. കാരണം, "കർത്താവ് അടുത്തെത്തിയിരിക്കുന്നു'' എന്ന് അറിയുന്നവരുടെ സന്തോഷത്തോടുകൂടി സുവിശേഷവൽകരണപ്രവൃത്തിയിൽ ഏർപ്പെടാൻ അത് നമ്മെ സഹായിക്കും; മാത്രമല്ല, ലക്ഷ്യത്തിലേക്ക് മുന്നേറിക്കൊണ്ടിരിക്കുന്നവരുടെ പ്രത്യാശയോടെ അതു ചെയ്യാനും നമുക്ക് സാധിക്കും; അങ്ങനെ നാം എല്ലാവരും ക്രിസ്തുവിനോടൊപ്പം ദൈവരാജ്യത്തിൽ വിവാഹവിരുന്നിൽ പങ്കെടുക്കുന്നവരായിത്തീരും. ലോകം നമ്മുടെ മുമ്പിൽ ഉപഭോക്തൃഭാവം, സ്വാർഥപരമായ സുഖലോലുപത, ധനമാർജിക്കൽ, വ്യക്തിമഹിമ എന്നീ വ്യത്യസ്തങ്ങളായ "വിരുന്നുകൾ" വിളമ്പുമ്പോൾത്തന്നെ, സുവിശേഷം എല്ലാവരെയും ദിവ്യമായ വിരുന്നിലേക്ക് ക്ഷണിക്കുന്നു; അതിന്റെ സവിശേഷത ദൈവവും മറ്റുള്ളവരുമായുള്ള സംസർഗത്തിലെ ആനന്ദം, പങ്കുവയ്ക്കൽ, നീതി, സാഹോദര്യം എന്നിവ അനുഭവിക്കുക എന്നതത്രേ.

ക്രിസ്തുവിന്റെ സമ്മാനമായ ജീവന്റെ പൂർണതയുടെ മുന്നാസ്വാദനം ദിവ്യകാരുണ്യവിരുന്നിലുമുണ്ട്; സഭ കർത്താവിന്റെ കൽപ്പനപ്രകാരം അവിടത്തെ ഓർമ്മയ്ക്കായി അത് ആചരിക്കുന്നു. സുവിശേഷവൽകരണ ദൗത്യത്തിന്റെ ഭാഗമായി നാം എല്ലാവർക്കും നൽകുന്ന യുഗാന്ത്യ വിരുന്നിലേക്കുള്ള ക്ഷണം ദിവ്യകാരുണ്യ മേശയിലേക്കുള്ള ക്ഷണവുമായി അഭേദ്യമാംവിധം ബന്ധപ്പെട്ടിരിക്കുന്നു; ആ മേശയിൽ കർത്താവ് തന്റെ വചനവും തന്റെ ശരീരവും രക്തവും നൽകി നമ്മെ പോഷിപ്പിക്കുന്നു. ബെനഡിക്ട് പതിനാറാമൻ പാപ്പാ പഠിപ്പിച്ചതുപോലെ: "ഓരോ ദിവ്യ പൂജാർപ്പണത്തിലും കൗദാശികമായി ദൈവജനത്തിന്റെ യുഗാന്ത്യപരമായ ഒത്തുചേരലാണ് സാധ്യമാകുന്നത്. നമ്മെ സംബന്ധിച്ചിടത്തോളം, ദിവ്യകാരുണ്യ വിരുന്ന് പ്രവാചകർ മുൻകൂട്ടി പറഞ്ഞിട്ടുള്ളതുപോലെ (ഏശ 25:6-8 കാണുക) അന്ത്യദിനത്തിലെ അവസാനവിരുന്നിന്റെ യഥാർഥമായ ഒരു മുന്നാസ്വാദനമാണ്; പുതിയനിയമത്തിൽ അത് 'കുഞ്ഞാടിന്റെ വിവാഹവിരുന്ന്' (വെളി 19:9) എന്നു വിശേഷിപ്പിക്കപ്പെടുന്നു; അത് വിശുദ്ധരുടെ ഐക്യത്തിന്റെ (the communion of saints) സന്തോഷത്തിലാണ് ആഘോഷിക്കപ്പെടുന്നത്" (*സ്നേഹത്തിന്റെ കൂദാശ* [*Sacramentum Caritatis*], 31).

ആകയാൽ, ഓരോ ദിവ്യപൂജാർപണത്തിലും വളരെ ശക്തമാംവിധം അതിന്റെ ഓരോ മാനവും അനുഭവിക്കാൻ നാമെല്ലാവരും ക്ഷണിക്കപ്പെടുന്നു, ഏറെ പ്രത്യേകിച്ച് അതിന്റെ യുഗാന്ത്യപരവും പ്രേഷിതപരവുമായ മാനങ്ങൾ അനുഭവിക്കാൻ. ഇക്കാര്യത്തിൽ ഞാൻ ആവർത്തിച്ചുപറയുന്നു: "പ്രേഷിതദൗത്യത്തിലേക്ക് ആകർഷിക്കപ്പെടാതെ നമുക്ക് ദിവ്യകാരുണ്യമേശയെ സമീപിക്കാനാവില്ല; ദൈവത്തിന്റെ ഹൃദയത്തിൽത്തന്നെ തുടങ്ങിയ ആ ദൗത്യം സകലജനതകളിലും എത്തിച്ചേരേണ്ടതാണ് (*സ്നേഹത്തിന്റെ കൂദാശ,* 84). കോവിഡ് രോഗത്തിനുശേഷമുള്ള കാലയളവിൽ ഇന്ന് പല പ്രാദേശിക സഭകളും അഭിനന്ദനാർഹമാംവിധത്തിൽ പ്രോത്സാഹിപ്പിച്ചുവരുന്ന ദിവ്യകാരുണ്യ നവീകരണ പ്രക്രിയതന്നെ വിശ്വാസികളിൽ ഓരോ അംഗത്തിലും പ്രേഷിതചൈതന്യം പുനർ ജനിപ്പിക്കാൻ അവശ്യംവേണ്ട ഒന്നാണ്. എത്രമാത്രം വലിയ വിശ്വാസത്തോടും ഹൃദയപൂർവമായ തീക്ഷ്ണതയോടെകൂടെ ആയിരിക്കണം ഓരോ ദിവ്യപൂജയിലും നാം ഇപ്രകാരം പ്രഖ്യാപിക്കേണ്ടത്, "കർത്താവേ, നിന്റെ മരണം ഞങ്ങൾ പ്രഖ്യാപിക്കുന്നു; നിന്റെ ഉയിർപ്പ്, നീ വീണ്ടും വരുന്നതുവരെ, ഞങ്ങൾ ഏറ്റുപറയുന്നു!"

2025-ലെ ജൂബിലി ആഘോഷത്തിന്റെ ഒരുക്കത്തിന്റെ ഭാഗമായി പ്രാർഥനയ്ക്കായി മാറ്റിവച്ചിരിക്കുന്ന ഈ വർഷം സർവ്വോപരി ദിവ്യപൂജാർപണത്തിൽ പങ്കുചേരാനുള്ള താത്പര്യം വർധിപ്പിക്കാനും

സഭയുടെ സുവിശേഷവൽകരണദൗത്യത്തിനായി കൂടുതൽ പ്രാർഥിക്കാനും ഞാൻ നിങ്ങളെ എല്ലാവരെയും ഉദ്ബോധിപ്പിക്കുന്നു. രക്ഷകന്റെ കൽപന അനുസരിച്ചുകൊണ്ട് ഓരോ ദിവ്യപൂജയിലും മററ് ആരാധനക്രമാഘോഷങ്ങളിലും, "അങ്ങയുടെ രാജ്യം വരേണമേ" എന്ന അപേക്ഷയുള്ള "സ്വർഗസ്ഥനായ പിതാവേ" എന്ന പ്രാർഥന ആവർത്തിക്കുന്നതിനു സഭ അറുതി വരുത്തുന്നില്ല. ഈ വിധത്തിൽ ദൈനംദിനപ്രാർത്ഥന, പ്രത്യേകിച്ചും ദിവ്യപൂജാർപ്പണം, നമ്മെ തീർത്ഥാടകരും പ്രത്യാശയുടെ പ്രേഷിതരും ആക്കിത്തീർക്കുന്നു; അങ്ങനെ നാം ദൈവത്തിലുള്ള നിത്യമായ ജീവിതത്തിലേക്ക് സഞ്ചരിക്കുന്നു, അതായത്, ദൈവം തന്റെ മക്കൾക്കെല്ലാവർക്കും വേണ്ടി ഒരുക്കിയിട്ടുള്ള വിവാഹവിരുന്നിലേക്ക്.

### 3. "*എല്ലാവരോടും*" *പൂർണമായും സിനഡാത്മകവും പ്രേഷിതവുമായ സഭയിലെ ക്രിസ്തുശിഷ്യരുടെ ആഗോള പ്രേഷിതദൗത്യം*

മൂന്നാമത്തേതും അവസാനത്തേതുമായ ചിന്ത രാജാവിന്റെ ക്ഷണം സ്വീകരിച്ചവരെ സംബന്ധിച്ചുള്ളതാണ്: "എല്ലാവരും". ഞാൻ ഊന്നി പ്പറഞ്ഞതുപോലെ, "ഇതാണ് പ്രേഷിത ദൗത്യത്തിന്റെ ഹൃദയഭാഗം: 'എല്ലാവരും', ഒരാളെയും ഒഴിവാക്കാതെ. നമ്മുടെ ഓരോ പ്രേഷിത ദൗത്യവും, ക്രിസ്തുവിന്റെ ഹൃദയത്തിൽനിന്ന് ജനിക്കുന്നതാണ്, അതായത്, എല്ലാവരെയും തന്നിലേക്ക് ആകർഷിക്കാൻ" (*പൊന്തിഫിക്കൽ പ്രേഷിതസംഘങ്ങളുടെ പൊതുസമ്മേളനത്തിനു നൽകിയ പ്രഭാഷണം* [Address to the General Assembly of the Pontifical Missionary Societies], ജൂൺ 3, 2023). വിഭജനങ്ങളും ഏറ്റുമുട്ടലുകളും മൂലം ഛിന്നഭിന്നമാക്കപ്പെട്ടിരിക്കുന്ന ഇന്നത്തെ ലോകത്ത് വ്യക്തികളെ പരസ്പരം കണ്ടെത്താനും, തങ്ങൾ സഹോദരീ സഹോദരന്മാരാണ് എന്നു തിരിച്ചറിയാനും വൈവിധ്യങ്ങളുടെ മധ്യേയുള്ള പൊരുത്തത്തിൽ സന്തോഷിക്കാനും ക്ഷണിക്കുന്ന മൃദുലവും അതേസമയം ദൃഢവുമായി നിലനിൽക്കുന്ന ഒരു സ്വരമാണ് ക്രിസ്തുവിന്റെ സുവിശേഷം. "എല്ലാവരും രക്ഷിക്കപ്പെടണമെന്നും സത്യത്തിന്റെ അറിവിലേക്ക് എത്തിക്കപ്പെടണമെന്നുമാണ് നമ്മുടെ രക്ഷകനായ ദൈവം ആഗ്രഹിക്കുന്നത്" (1 തിമോ 2:4). നമ്മുടെ പ്രേഷിത പ്രവർത്തനത്തിൽ എല്ലാവരോടും സുവിശേഷം പ്രസംഗിക്കാനാണ് ആവശ്യപ്പെട്ടിരിക്കുന്നതെന്നു നാം വിസ്മരിക്കരുത്: "പുതിയ ബാധ്യതകൾ അടിച്ചേല്പിക്കുന്നുവെന്നു തോന്നിപ്പിക്കാതെ അവർ തങ്ങളുടെ സന്തോഷം പങ്കുവയ്ക്കാൻ ആഗ്രഹിക്കുന്നവരായി, സൗന്ദര്യത്തിന്റെ നവചക്രവാളം ചൂണ്ടിക്കാണിക്കുന്നവരായി, മറ്റുള്ളവരെ രുചികരമായ സദ്യയിലേക്ക് ക്ഷണിക്കുന്നവരായി നാം കാണപ്പെടണം" (*സുവിശേഷത്തിന്റെ സന്തോഷം*, 14).

ക്രിസ്തുവിന്റെ പ്രേഷിതശിഷ്യർക്ക് എല്ലാവരോടും, അവരുടെ സാമൂഹ്യ, സാന്മാർഗിക നിലവാരം കണക്കിലെടുക്കാതെതന്നെ,

എപ്പോഴും ഹൃദയപൂർവമായ താൽപര്യമാണ് ഉണ്ടായിട്ടുള്ളത്. വിവാഹ വിരുന്നിന്റെ ഉപമ ഇക്കാര്യം നമ്മോട് പറയുന്നു. രാജാവിന്റെ ആജ്ഞ പ്രകാരം സേവകർ "ദുഷ്ടരും ശിഷ്ടരും ഉൾപ്പെടെ കണ്ടെത്തിയ വരെയെല്ലാം വിളിച്ചുകൂട്ടി" (മത്താ 22:10). എന്തിനു പറയണം, ദരിദ്രരും വികലാംഗരും കുരുടരും മുടന്തരും (ലൂക്ക 14:21), ചുരുക്കത്തിൽ, നമ്മുടെ എളിയ സഹോദരീസഹോദരന്മാർ, സമൂഹം പാർശ്വവൽ കരിച്ചവർ, രാജാവിന്റെ പ്രത്യേക അതിഥികളായി മാറി. തന്റെ പുത്രനുവേണ്ടി ദൈവം ഒരുക്കിയിട്ടുള്ള വിവാഹവിരുന്ന് എപ്പോഴും എല്ലാവർക്കുംവേണ്ടി തുറന്നിരിക്കുന്ന ഒന്നാണ്; കാരണം, നമ്മോട് ഓരോരുത്തരോടുമുള്ള അവിടത്തെ സ്നേഹം അപാരവും വ്യവസ്ഥ കളില്ലാത്തതുമാണ്. "എന്തെന്നാൽ, അവനിൽ വിശ്വസിക്കുന്ന ആരും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിന്, തന്റെ ഏക ജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു" (യോഹ 3:16). രൂപാന്തരപ്പെടുത്തുകയും രക്ഷിക്കുകയും ചെയ്യുന്ന തന്റെ കൃപയിൽ പങ്കുചേരാൻ ദൈവം എല്ലാവരെയും, ഓരോ സ്ത്രീയെയും പുരുഷനെയും, ക്ഷണിക്കുന്നു. സൗജന്യമായി ലഭിക്കുന്ന ഈ ദൈവിക ദാനത്തോട് ഒരാൾ "അതെ" എന്നുമാത്രം പറഞ്ഞാൽ മതി; അതിനെ സ്വീകരിക്കുകയും അതുവഴിയായി സ്വയം രൂപാന്തരപ്പെടാൻ അനുവദി ക്കുകയും ചെയ്യുന്ന ഓരോരുത്തർക്കും "വിവാഹവസ്ത്രം" (മത്താ 22:12 കാണുക) ധരിച്ചതുപോലെ ആയിരിക്കാൻ സാധിക്കും.

എല്ലാവർക്കുംവേണ്ടിയുള്ള പ്രേഷിതദൗത്യം എല്ലാവരുടെയും പ്രതിജ്ഞാബദ്ധത ആവശ്യപ്പെടുന്നു. സുവിശേഷത്തിന്റെ ശുശ്രൂഷ യിൽ പൂർണമായും സിനഡാത്മകവും പ്രേഷിതപരവുമായ ഒരു സഭയി ലേക്കുള്ള സഞ്ചാരം നാം തുടരണം. സിനഡാത്മകത അടിസ്ഥാന പരമായി പ്രേഷിതാത്മകമാണ്, അതുപോലെ തിരിച്ച് പ്രേഷിതദൗത്യം എപ്പോഴും സിനഡാത്മകവും ആണ്. ആകയാൽ, സാർവത്രിക സഭയിലും അതോടൊപ്പം പ്രാദേശികസഭകളിലും ശക്തമായ പ്രേഷിതപരമായ സഹകരണം എന്നത്തേതിനേക്കാൾ ഇന്ന് കൂടുതൽ അടിയന്തരവും അത്യാവശ്യവുമാണ്. രണ്ടാം വത്തിക്കാൻ കൗൺസിലി ന്റെയും എന്റെ മുൻഗാമികളുടെയും പാത പിന്തുടർന്നുകൊണ്ട് *പൊന്തിഫിക്കൽ പ്രേഷിത സംഘങ്ങളുടെ* (Pontifical Mission Societies) ശുശ്രൂഷ ലോകം മുഴുവനുമുള്ള എല്ലാ രൂപതകളിലേക്കും ഞാൻ ശുപാർശ ചെയ്യുന്നു. "പേപ്പൽ പ്രേഷിത പ്രസ്ഥാനങ്ങളുടെ പ്രവർത്തനം കത്തോലിക്കർക്ക് അവരുടെ ബാല്യംമുതൽ സാക്ഷാൽ സാർവത്രി കവും പ്രേഷിതപരവുമായ ജീവിതവീക്ഷണം നൽകുന്നതിനും എല്ലാ മിഷനുകൾക്കും അതാതിന്റെ ആവശ്യാനുസരണമുള്ള ധനസഹായ ത്തിനുവേണ്ടി കാര്യക്ഷമമായ പിരിവു നടത്തുന്നതിനും ഉപകരി ക്കുന്ന" (പ്രേഷിത പ്രവർത്തനം [Ad Gentes], 38) മാർഗങ്ങളാണ് ഈ പ്രേഷിത സംഘങ്ങൾ. അക്കാരണത്താൽ ആഗോളപ്രേഷിതദിനത്തിൽ

എല്ലാ പ്രാദേശിക സഭകളിലും നടത്തുന്ന ധനശേഖരണം പൂർണമായും ആഗോള ഐക്യദാർഢ്യത്തിനുവേണ്ടിയുള്ളതാണ്. പ്രസ്തുത ധനസഹായം പിന്നീട് *വിശ്വാസപ്രചാരണ പൊന്തിഫിക്കൽ സംഘം* (Pontifical Society for the Propagation of the Faith) പാപ്പായുടെ നാമത്തിൽ സഭയുടെ എല്ലാ പ്രേഷിതപ്രവർത്തനത്തിന്റെയും ആവശ്യങ്ങൾക്കായി വിതരണം ചെയ്യുന്നു. സഭ വർധിതമായി സിനഡാത്മകവും പ്രേഷിതപരവും ആയിത്തീരാൻ കർത്താവ് നമ്മെ നയിക്കുകയും സഹായിക്കുകയും ചെയ്യണമെന്ന് നമുക്ക് പ്രാർത്ഥിക്കാം. (മെത്രാൻമാരുടെ സിനഡിന്റെ സാധാരണ പൊതുസമ്മേളനം ഉപസംഹരിച്ചുകൊണ്ടു നടത്തിയ ദിവ്യപൂജയിലെ പ്രഭാഷണം [Homily for the Concluding Mass of the Ordinary General Assembly of the Synod of Bishops], ഒക്ടോബർ 23, 2023).

അവസാനമായി, ഗലീലിയിലെ കാനായിലെ വിവാഹവിരുന്നിൽ യേശുവിനോട് തന്റെ ആദ്യത്തെ അദ്ഭുതം പ്രവർത്തിക്കാൻ അഭ്യർഥിച്ച മറിയത്തിലേക്ക് (യോഹ 2:1-12 കാണുക) നമുക്ക് നമ്മുടെ ദൃഷ്ടി ഉയർത്താം. കർത്താവ് നവദമ്പതികൾക്കും എല്ലാ അതിഥികൾക്കുമായി സമൃദ്ധമായി പുതുവീഞ്ഞു നൽകി. അവസാനകാലത്ത് എല്ലാവർക്കും വേണ്ടി ദൈവം ഒരുക്കുന്ന വിവാഹവിരുന്നിന്റെ ഒരു മുന്നാസ്വാദന മായിരുന്നു അത്. നമ്മുടെ ഈ കാലഘട്ടത്തിലെ ക്രിസ്തുശിഷ്യരുടെ സുവിശേഷവൽകരണദൗത്യത്തിൽ നമ്മെ സഹായിക്കാനായി അവളുടെ മാതൃസഹജമായ മാധ്യസ്ഥ്യം നമുക്ക് പ്രാർത്ഥിക്കാം. നമ്മുടെ അമ്മയുടെ സന്തോഷത്തോടും നമ്മോടുള്ള കരുതലോടും കൂടെ, അവളുടെ ആർദ്രതയിലും സ്നേഹത്തിലുംനിന്ന് ശക്തി സംഭരിച്ചുകൊണ്ട് (*സുവിശേഷത്തിന്റെ സന്തോഷം*, 288 കാണുക) നമ്മുടെ രക്ഷകനായ രാജാവിന്റെ ക്ഷണം എല്ലാവർക്കും നൽകാനായി നമുക്ക് ഇറങ്ങിപുറപ്പെടാം. പരിശുദ്ധ മറിയമേ, സുവിശേഷവൽകരണ താരമേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ!

റോമിലെ വിശുദ്ധ ജോൺ ലാറ്ററൻ മഹാദേവാലയത്തിൽവച്ച് വിശുദ്ധ പൗലോസ് അപ്പോസ്തലന്റെ മാനസാന്തരതിരുനാളിൽ, 2024 ജനുവരി 25-ാം തീയതി നൽകപ്പെട്ടത്.

**ഫ്രാൻസിസ് പാപ്പാ**

കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യലയം
പി.ഒ.സി., കൊച്ചി - 682 025

---

*NB:* ആഗോളപ്രേഷിതദിനത്തെ സംബന്ധിച്ചുള്ള പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപാപ്പായുടെ സന്ദേശത്തിന്റെ ഉള്ളടക്കം 2024 ഒക്ടോബർ 13-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ ദൈവ ജനത്തെ അറിയിക്കുമല്ലോ.

# കച്ചേരിക്കാര്യം

ഒക്ടോബർ 2024

**1. പുതിയ നിയമനങ്ങൾ (2024 സെപ്റ്റംബർ 28 മുതൽ)**

1. റവ. ഫാ. ഫ്രാൻസീസ് ഇട്ടിയപ്പാറ MCBS – വികാരി, അട്ടക്കണ്ടം
2. റവ. ഫാ. ജോസ് ചെമ്പോട്ടിക്കൽ O.praem – വികാരി, മുള്ളേരിയ, ദേലംപാടി
3. റവ. ഫാ. സെബാസ്റ്റ്യൻ തൈപ്പറമ്പിൽ – അസി. വികാരി – പടന്നക്കാട്
4. റവ. ഫാ. ജോർജ് തെങ്ങുംപള്ളിൽ – „ വികാരി – തോമാപുരം
5. റവ. ഫാ. ജോസ് ആട്ടുക്കാരൻ RCJ – „ വികാരി – പാണത്തൂർ
6. റവ. ഫാ. മാത്യു ചെമ്ബ്ലായിൽ – „ വികാരി – പെരുമ്പടവ്
7. റവ. ഫാ. മാത്യു കോട്ടുചേരാടി – „ വികാരി – ചെറുപുഴ

**റവ. ഫാ. ജോസഫ് മുണ്ടപ്ലാക്കൽ:** ബയോമൗണ്ടൻ ഫാർമേഴ്സ് പ്രോഡ്യൂസേഴ്സ് കമ്പനിയുടെ അസി. ഡയറക്ടറായി ബഹു. ജോസഫ് മുണ്ടപ്ലാക്കലച്ചനെ അഭിവന്ദ്യ പിതാവ് നിയോഗിച്ചു. കല്ലുവയൽ പള്ളിയുടെ വികാരിയായ ബഹു. ജോസഫ് അച്ചന് അധിക ചുമതലയായാണ് പുതിയ ദൗത്യം ഏല്പിച്ചിരിക്കുന്നത്. ബഹു. ജോസഫ് അച്ചന് അനുമോദനങ്ങൾ.

**റവ. ഫാ. ജോൺസൺ വേങ്ങപ്പറമ്പിൽ:** ചെമ്പേരി വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജിന്റെ നേതൃത്വത്തിൽ രൂപപ്പെടുത്തിയിരിക്കുന്ന പാരീഷ് സോഫ്റ്റ് വെയർ ഇടവകകളിൽ നടപ്പിലാക്കുന്നത് കാസർഗോഡ് റീജിയണിലുള്ള ബഹു. വൈദികരെ സഹായിക്കുവാൻ ബഹു. ജോൺസൺ വേങ്ങപ്പറമ്പിലച്ചനെ അഭിവന്ദ്യ പിതാവ് നിയമിച്ചു. പടിമരുത് ഇടവകയുടെ വികാരിയായ അച്ചന് അധിക ചുമതലയായാണ് പുതിയ ദൗത്യം ഏല്പിച്ചിരിക്കുന്നത്. ബഹു. ജോൺസൺ അച്ചന് അനുമോദനങ്ങൾ.

**2. ഉപരിപഠനം**

**റവ. ഫാ. ജോസഫ് ചെറുശ്ശേരി:** ബൽജിയത്തുള്ള ലുവെയ്ൻ യൂണിവേഴ്സിറ്റിയിൽ ദൈവശാസ്ത്രത്തിൽ ഉപരിപഠനം ആരംഭിച്ച ബഹു. ജോസഫ് ചെറുശ്ശേരി അച്ചന് ദൈവാനുഗ്രഹങ്ങൾ നേരുന്നു.


**3. മിഷൻ ഞായർ**

ഒക്ടോബർ 20-ാം തീയതി ഞായറാഴ്ചയാണ് ഈ വർഷം മിഷൻ ഞായറായി ആചരിക്കുന്നത്. മിഷൻ ഞായറിന്റെ സന്ദേശം എല്ലാ കുടുംബങ്ങളിലും എത്തിക്കുമല്ലോ. മിഷൻ ഞായറാഴ്ചത്തെ സ്തോത്രക്കാഴ്ച ആഗോള മിഷൻ പ്രവർത്തനങ്ങളെ സഹായിക്കുവാൻ അതിരൂപതാ കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**4. ആദരാഞ്ജലികൾ**

**1. ശ്രീമതി അന്നമ്മ മാത്യു മുളയ്ക്കൽ (74):** ബഹു. ആന്റണി മഞ്ഞളാംകുന്നേൽ അച്ചന്റെ പ്രിയ സഹോദരി ശ്രീമതി അന്നമ്മ മാത്യു മുളയ്ക്കൽ 2024 ആഗസ്റ്റ് 25 ന് നിര്യാതയായി. മൃതസംസ്കാര ശുശ്രൂഷകൾ 2024 ആഗസ്റ്റ് 26 ന് വെള്ളാട് സെന്റ് സെബാസ്റ്റ്യൻ ദൈവാലയ സെമിത്തേരിയിൽ നടന്നു. പ്രിയപ്പെട്ട സഹോദരിയുടെ വേർപാടിൽ ദുഃഖിക്കുന്ന ബഹു. ആന്റണി അച്ചനും കുടുംബാംഗങ്ങൾക്കും അതിരൂപതാ കുടുംബത്തിന്റെ അനുശോചനങ്ങൾ അറിയിക്കുന്നു. പരേതയുടെ ആത്മശാന്തിക്കായി പ്രാർഥിക്കാം.

**2. റവ. സി. സാലി മാത്യു ഇടച്ചേരിൽ എസ്.എച്ച് (54):** തിരുഹൃദയ



സന്യാസിനി സമൂഹം തലശ്ശേരി സെന്റ് ജോസഫ്സ് പ്രൊവിൻസ് അംഗമായ റവ. സി. സാലി മാത്യു ഇടച്ചേരിൽ എസ്.എച്ച്. 2024 സെപ്റ്റംബർ 01 ന് നിര്യാതയായി. ചെമ്പന്തൊട്ടി ഇടവക ഇടച്ചേരിൽ പരേതരായ മാത്യു മേരി ദമ്പതികളുടെ മകളായിരുന്നു. പുലിക്കുരുമ്പ, കൊന്നക്കാട്, തൊണ്ടിയിൽ, ചായോത്ത്, പൈസക്കരി, വിളക്കന്നൂർ, കൊളക്കാട് എന്നീ മഠങ്ങളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. അദ്ധ്യാപികയായി വിവിധ സ്കൂളുകളിൽ ശുശ്രൂഷ ചെയ്തിരുന്നു. മൃതസംസ്കാര ശുശ്രൂഷകൾ 2024 സെപ്റ്റംബർ 02 ന് അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ കാർമികത്വത്തിൽ തൊണ്ടിയിലുള്ള പ്രൊവിൻഷ്യൽ ഹൗസ് സെമിത്തേരിയിൽ നടന്നു. ബഹു. സിസ്റ്ററിന്റെ ആത്മശാന്തിക്കായി പ്രാർഥിക്കാം.

**3. ശ്രീ. ഡൊമിനിക്ക് എളൂക്കുന്നേൽ (103):** ബഹു. ജോർജ് എളൂക്കുന്നേലച്ചന്റെ പ്രിയപ്പെട്ട പിതാവ് 2024 സെപ്റ്റംബർ 07 ന് നിര്യാതനായി. മൃതസംസ്കാര ശുശ്രൂഷകൾ 2024 സെപ്റ്റംബർ 13 ന് വിമലശ്ശേരി സെന്റ് മേരീസ് ദൈവാലയ സെമിത്തേരിയിൽ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെയും മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെയും കാർമികത്വത്തിൽ നടന്നു. പ്രിയപ്പെട്ട പിതാവിന്റെ വേർപാടിൽ ദുഃഖിക്കുന്ന ബഹു. ജോർജ് അച്ചനും കുടുംബാംഗങ്ങൾക്കും അതിരൂപതാ കുടുംബത്തിന്റെ അനുശോചനങ്ങൾ അറിയിക്കുന്നു. പരേതന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

## 5. സ്നേഹസ്മൃതി

1. റവ. ഫാ. ബർത്തലോമിയോ മഴുവഞ്ചേരി സി.എം.ഐ. - 01-10-2006
2. റവ. ഫാ. ജേക്കബ്ബ് ആലുങ്കൽ - 04-10-1994
3. റവ. ഫാ. സെബാസ്റ്റ്യൻ ജോസഫ് കാഞ്ഞിരക്കാട്ട് - 06-10-2017
4. റവ. ഫാ. ജോസഫ് കച്ചിറമറ്റം - 07-10-2001
5. റവ. ഫാ. ജോർജ് നരിപ്പാറ - 18-10-2023
6. റവ. ഫാ. തോമസ് പുറത്തെമുതുകാട്ടിൽ - 21-10-2013
7. റവ. ഫാ. സാബാസ് കുരുവിത്തടം സി.എം.ഐ. - 23-10-1982
8. റവ. ഫാ. മാത്യു കാനക്കാട്ട് - 24-10-2007
9. റവ. ഫാ. ജേക്കബ്ബ് നെടുമ്പിള്ളി - 26-10-2010
10. റവ. ഫാ. അഡ്രിയാൻ സി.എം.ഐ. - 26-10-1978
11. റവ. ഫാ. ഹൊർമീസ് പെരുമാലിൽ സി.എം.ഐ. - 28-10-1986
12. റവ. ഫാ. ജേക്കബ്ബ് കുന്നപ്പള്ളിൽ - 30-10-2002
13. റവ. ഫാ. ജോസഫ് മാണിക്കത്താഴെ - 27-10-2020

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*

# നവീകരണ ധ്യാനം

അതിരൂപതാതല നവീകരണ ധ്യാനം ഇതിനോടകം പതിനഞ്ച് ഫൊറോനകളിൽ വിജയകരമായി പൂർത്തിയായി. 2024 നവംബർ - ഡിസംബർ മാസങ്ങളിലായി ബാക്കിയുള്ള നാല് ഫൊറോനകളിൽ നടത്തുന്ന ധ്യാനങ്ങളുടെ വിശദവിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നത് ശ്രദ്ധിക്കുമല്ലോ.

**MANIKKADAVE FORANE 2024 November 26-29 (Tuesday - Friday)**

| No | Parish | Retreat Team | Ph. Number |
|---|---|---|---|
| 1 | Anara | Fr. Austin Chackamkunnel & Team | 9497436252 |
| 2 | Kalanki | Fr. Joseph Vadakkepparambil & Team | 9495097312 |
| 3 | Kanjirakolly | Fr. Jiss Kalappura & Team | 8157922650 |
| 4 | Manikkadave | Fr. Kuriakose Kolakkunnel & Team | 9495546307 |
| 5 | Manippara | Fr. Joseph Muttathukunnel & Team | 6282042414 |
| 6 | Mattara | Fr. Jacob Mookkilikkatt OCD & Team | 9074445136 |
| 7 | Mundanoor | Fr. Lijo OFM Cap & Team | 9188868486 |
| 8 | Santhinagar | Fr. Robin Karikattu MCBS & Team | 9526573695 |

**KANHANGAD FORANE 2024 December 05-08 (Thursday - Sunday)**

| No | Parish | Retreat Team | Ph. Number |
|---|---|---|---|
| 1 | Chayyoth | Fr. Robin Karikattu MCBS & Team | 9526573695 |
| 2 | Cheemeni | Fr. Lijo OFM Cap & Team | 9188868486 |
| 3 | Ennappara | Fr. Austin Chackamkunnel & Team | 9497436252 |
| 4 | Kalichanadukkom | Fr. Varghese Vettiyanickal & Team | 9645058343 |
| 5 | Kanhangad | Fr. Joseph Vadakkepparambil & Team | 9495097312 |
| 6 | Kanjiradukkom | Fr. Jacob Mookkilikkatt OCD & Team | 9074445136 |
| 7 | Neeleswaram | Msgr. Mathew Elamthuruthippadavil & Team | 9495616753 |
| 8 | Nelliyadukkom | Fr. Sebastian Muttathupara & Team | 9645158918 |
| 9 | Padannakkad | Fr. Joseph Muttathukunnel & Team | 6282042414 |
| 10 | Udayapuram | Fr. Roy CSSR & Team | 8281886480 |

**KASARGOD FORANE 2024 December 12-15 (Thursday - Sunday)**

| No | Parish | Retreat Team | Ph. Number |
|---|---|---|---|
| 1 | Badiyadukka | Fr. Sebastian Muttathupara & Team | 9645158918 |
| 2 | Hosangadi | Fr. Roy CSSR & Team | 8281886480 |
| 3 | Kasargod | Fr. Clint Vettikuzhiyil MCBS & Team | 8590673452 |

| | | | |
|---|---|---|---|
| 4 | Mulleria - Delam | Fr. Shaji OFM Con. & Team | 9446608997 |
| 5 | Perla - Kumbla | Msgr. Mathew Elamthuruthippadavil & Team | 9495616753 |
| 6 | Poinachi - Peria | Fr. Lijo OFM Cap & Team | 9188868486 |

**NELLICKAMPOIL FORANE 2024 December 19-22 (Thursday - Sunday)**

| No | Parish | Retreat Team | Ph. Number |
|---|---|---|---|
| 1 | Arabi | Fr. Robin Karikattu MCBS & Team | 9526573695 |
| 2 | Iritty | Msgr. Mathew Elamthuruthippadavil & Team | 9495616753 |
| 3 | Kalluvayal | Fr. Joseph Vadakkepparambil & Team | 9495097312 |
| 4 | Nellickampoil | Fr. Kuriakose Kolakkunnel & Team | 9495546307 |
| 5 | Padiyoor | Fr. Jiss Kalappura & Team | 8157922650 |
| 6 | Puravayal | Fr. Xavier Puthenpura (Sr.) & Team | 9496121536 |
| 7 | Thermala | Fr. Shaji OFM Con. & Team | 9446608997 |
| 8 | Thirur | Fr. Jacob Mookkilikkatt OCD & Team | 9074445136 |
| 9 | Ulickal | Fr. Joseph Muttathukunnel & Team | 6282042414 |
| 10 | Vilamana | Fr. Roy CSSR & Team | 8281886480 |

NB:

1) ബഹു. വികാരിയച്ചന്മാർ ധ്യാനഗുരുക്കന്മാരുമായി സംസാരിച്ച് ധ്യാനത്തിന്റെ ക്രമീകരണങ്ങൾ മുൻകൂട്ടി ചെയ്യുവാൻ ശ്രദ്ധിക്കുമല്ലോ.

2) ധ്യാന വിളംബരത്തിനായി വരുന്ന അച്ചന്മാരെയും ഫോണിൽ ബന്ധപ്പെട്ട് ക്ഷണിക്കുമല്ലോ.

3) നവീകരണ ധ്യാനത്തിന് ഒരുക്കമായുള്ള വീട് വെഞ്ചരിപ്പും ഹോം മിഷനും മുൻകൂട്ടി നടത്തി ജനത്തെ ബഹു. വികാരിച്ചന്മാർ ഒരുക്കുമല്ലോ.

ദൈവാനുഗ്രഹപ്രദമായ ധ്യാനം ആശംസിക്കുന്നു.

ഏവരുടെയും സഹകരണം അഭ്യർത്ഥിച്ചുകൊണ്ട്,

**ഫാ. തോമസ് മാപ്പിളപ്പറമ്പിൽ**
*കോർഡിനേറ്റർ*

**മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി**
*കൺവീനർ*

# കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റോലേറ്റ്

"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും
മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്കാ 2:52).

ലോകസമാധാനത്തിനും കുടുംബങ്ങളുടെ നിലനിൽപ്പിനും വേണ്ടി ജപമാല ചൊല്ലി പ്രാർത്ഥിക്കുവാൻ 'കന്യകാമറിയത്തിന്റെ ജപമാല' (*Rosarium Virginis Mariae*) എന്ന അപ്പസ്തോലിക പ്രബോധനത്തിലൂടെ വി. ജോൺപോൾ രണ്ടാമൻ മാർപാപ്പ ആഹ്വാനം ചെയ്തിട്ടുണ്ട്. 'സുവിശേഷസംഗ്രഹം' എന്നു വിളിക്കപ്പെടുന്ന ഈ ഭക്തമുറ കേവലം ഒരു യാന്ത്രികപ്രാർത്ഥനയല്ല, മറിച്ച് തികച്ചും ധ്യാനാത്മകമാണെന്ന് മാർപാപ്പ ഓർമ്മിപ്പിക്കുന്നു. ഒക്ടോബർ മാസത്തിൽ വിശ്വാസപരിശീലകരായ നമുക്ക് ജപമാല നമസ്ക്കാരത്തിൽ ഭക്തിപൂർവ്വം പങ്കുചേരാം.

## 1. അസൈൻമെന്റ് ക്ലാസ് XII

പന്ത്രണ്ടാം ക്ലാസിലെ കുട്ടികളുടെ ഈ അധ്യയനവർഷത്തെ അസൈൻമെന്റിന്റെ വിഷയം **'മാധ്യമങ്ങളുടെ നന്മയും അവ ഉയർത്തുന്ന വെല്ലുവിളികളും'** എന്നതാണ്. കുട്ടികളെ വിഷയം നേരത്തേ അറിയിച്ച് അസൈൻമെന്റ് എഴുതാനുള്ള ക്രമീകരണങ്ങൾ അവർക്കു ചെയ്തുകൊടുക്കുമല്ലോ. അസൈൻമെന്റ് ഓഫീസിൽ എത്തിക്കേണ്ട അവസാന തീയതി **നവംബർ 15 ആണ്.** ആമുഖം, ഉള്ളടക്കം, ഉപസംഹാരം, റഫറൻസ് ഗ്രന്ഥങ്ങൾ എന്നിവ അസൈൻമെന്റിന് ഉണ്ടായിരിക്കണം. കുറഞ്ഞത് പത്തുപേജെങ്കിലും അസൈൻമെന്റിന് ഉണ്ടായിരിക്കണം. കുട്ടിയുടെ മാമ്മോദീസാപേരും ബ്രായ്ക്കറ്റിൽ വിളിപ്പേരും വീട്ടുപേരും ഇടവകയും അസൈൻമെന്റിൽ എഴുതിയിരിക്കണം. താഴെ കൊടുത്തിരിക്കുന്ന മൂന്ന് അധ്യായങ്ങളെ ആസ്പദമാക്കിയാണ് വിഷയാവതരണം നടത്തേണ്ടത്.

1 : മാധ്യമങ്ങളും അവയുടെ നന്മയും
2 : മാധ്യമങ്ങൾ ഉയർത്തുന്ന വെല്ലുവിളികൾ
3 : മാധ്യമങ്ങളെ എങ്ങനെ സമൂഹനന്മയ്ക്കായി വിനിയോഗിക്കാം.

**2. ഡിപ്ലോമ പരീക്ഷ രജിസ്ട്രേഷൻ (ക്ലാസ്സ് XII)**

ഈ അധ്യയനവർഷം 12-ാം ക്ലാസിൽ റെഗുലറായി പഠിക്കുന്ന കുട്ടികളുടെ ഡിപ്ലോമ രജിസ്ട്രേഷൻ ഒക്ടോബർ 15-നുള്ളിൽ പൂർത്തിയാക്കേണ്ടതാണ്. ഹെഡ്മാസ്റ്റർമാർക്ക് തന്നിരിക്കുന്ന രജിസ്ട്രേഷൻ ഫോമിൽ **കുട്ടികളുടെ മാമ്മോദീസ പേര്, സ്കൂളിലെ പേര്, വീട്ടുപേര്, ജനനതീയതി, മാമ്മോദീസ തീയതി, മാതാപിതാക്കളുടെ മാമ്മോദീസ പേര്** എന്നിവ നിർബന്ധമായും ഉണ്ടായിരിക്കണം. തിയതികൾ കൃത്യമായും പേരുകൾ അക്ഷരതെറ്റുകൂടാതെയും ചേർക്കേണ്ടതാണ്. ആവശ്യമായ വിവരങ്ങൾ കുട്ടികളുടെ പക്കൽ നിന്നും ശേഖരിച്ചതിനുശേഷം ഫോം പൂരിപ്പിച്ച് കുട്ടികളെ കാണിച്ച് ആവശ്യമായ തിരുത്തലുകൾ വരുത്തിയിട്ടായിരിക്കണം രജിസ്ട്രേഷൻ ഫോമുകൾ ഓഫീസിലേക്ക് അയക്കേണ്ടത്. രജിസ്ട്രേഷൻ നടത്താത്ത ആരെയും പരീക്ഷ എഴുതുവാൻ അനുവദിക്കുകയില്ല. **സർട്ടിഫിക്കറ്റിൽ പിന്നീട് വരുന്ന തിരുത്തലുകൾക്ക് ഫൈൻ ഈടാക്കുന്നതായിരിക്കും.**

**നിർദ്ദേശങ്ങൾ**

a. Internal Assesment മാർക്ക് ഇപ്പോൾ ചേർക്കേണ്ടതില്ല. കുട്ടികൾക്ക് രജിസ്ട്രേഷൻ നമ്പർ ഓഫീസിൽ നിന്നും നൽകി ഫോം തിരികെ നൽകുന്നതാണ്. അപ്പോഴാണ് ഇന്റേണൽ മാർക്ക് ചേർക്കേണ്ടത് (പരമാവധി 25 മാർക്ക്). മാർക്ക് കണക്കാക്കുമ്പോൾ വിശ്വാസപരിശീലനത്തിൽ കുട്ടിയുടെ ഭാഗഭാഗിത്വം, ക്ലാസ്സ് ടെസ്റ്റുകളിൽ കുട്ടിയുടെ പങ്കാളിത്തം, മതബോധന മണിക്കൂറിലെ പങ്കാളിത്തം, വി. കുർബാനയിൽ കുട്ടിയുടെ ഭാഗഭാഗിത്വം etc... കണക്കിലെടുക്കേണ്ടതാണ്.

b. രജിസ്ട്രേഷൻ ഫോം പൂരിപ്പിച്ച് നൽകിയിരിക്കുന്നത് അപൂർണ്ണമാണെങ്കിൽ പരീക്ഷയെഴുതാൻ അനുവദിക്കുന്നതല്ല.

c. രജിസ്ട്രേഷൻ ഫോം ഇംഗ്ലീഷിലായിരിക്കണം പൂരിപ്പിക്കേണ്ടത്.

d. **ഒക്ടോബർ 15-നുള്ളിൽ** ഓഫീസിൽ ലഭിക്കത്തക്കവിധം രജിസ്ട്രേഷൻ ഫോം (സ്പീഡ് പോസ്റ്റ്/രജിസ്റ്റർ) അയക്കേണ്ടതാണ്.

**3. XII-ാം ക്ലാസ്സ് ഡിപ്ലോമ സേ പരീക്ഷ**

മുൻവർഷങ്ങളിൽ നടത്തിയ XII-ാം ക്ലാസ്സിലെ ഡിപ്ലോമ പരീക്ഷയിൽ തോറ്റവർക്ക് 2025 ജനുവരി 26-ന് നടത്തുന്ന പരീക്ഷയ്ക്ക് പേര് രജിസ്റ്റർ ചെയ്ത് പരീക്ഷ എഴുതാവുന്നതാണ്. സൺഡേ സ്കൂൾ ലെറ്റർപാഡിൽ കുട്ടിയുടെ പേരും വീട്ടുപേരും, പരീക്ഷ എഴുതിയ വർഷം, കഴിഞ്ഞ പരീക്ഷയ്ക്ക് കിട്ടിയ മാർക്കുകൾ, രജിസ്റ്റർ നമ്പർ എന്നിവ എഴുതി ഹെഡ്മാസ്റ്ററിന്റെ ഒപ്പോടുകൂടി **ഒക്ടോബർ 15-ന്** ഓഫീസിൽ ലഭിക്കത്തക്കവിധം അയയ്ക്കേണ്ടതാണ്.

**4. ഡിപ്ലോമ : നോൺ റെഗുലർ സ്റ്റുഡൻസ്**

വിശ്വാസപരിശീലനം പൂർത്തിയാക്കാതെ ഉന്നത പഠനത്തിനായി ഇടവകയ്ക്ക് പുറത്ത് പഠിക്കുന്ന കുട്ടികൾ, അവർ പഠിക്കുന്ന ഇടവകയിൽനിന്ന്

പഠനം പൂർത്തിയാക്കി എന്ന് സാക്ഷ്യപ്പെടുത്തുന്ന വികാരിയച്ചന്റെയോ ഹെഡ്മാസ്റ്ററിന്റെയോ കത്ത് ഹാജരാക്കിയാൽ അവരെ പരീക്ഷ എഴുതിപ്പിക്കേണ്ടതാണ്. പരീക്ഷയെ സംബന്ധിച്ച് ബഹു. വികാരിയച്ചന്മാർ പൊതുവായ നിർദ്ദേശം പള്ളിയിൽ കൊടുക്കുമല്ലോ. ഇപ്രകാരമുള്ള കുട്ടികളുടെ പേരുവിവരങ്ങൾ ലെറ്റർപാഡിൽ എഴുതി ഹെഡ്മാസ്റ്ററിന്റെ ഒപ്പോടുകൂടി **ഒക്ടോബർ 15-ന്** ഓഫീസിൽ ലഭിക്കത്തക്കവിധം അയയ്ക്കണം. അവർ അസൈൻമെന്റ് എഴുതേണ്ടതാണ്.

### 5. മതബോധന മണിക്കൂർ

കുട്ടികളെ അനുധാവനം ചെയ്യുന്നതിന്റെ ഭാഗമായി മതബോധന മണിക്കൂർ (എല്ലാ ശനിയാഴ്ചയും രാത്രി 8 മണി മുതൽ 9 മണി വരെ) കഴിഞ്ഞ അധ്യയനവർഷം മുതൽ ആരംഭിച്ചുവല്ലോ. ക്ലാസ് അധ്യാപകരുടെ വാട്സ് ആപ്പ് ഗ്രൂപ്പുവഴി മതബോധന മണിക്കൂറിൽ ചർച്ച ചെയ്യുകയും പഠിക്കുകയും ചെയ്യേണ്ട കാര്യങ്ങൾ നൽകുന്നതാണ്. വിശ്വാസപരിശീലകർ അവ കുട്ടികൾക്ക് നൽകണം. മതബോധന മണിക്കൂറിൽ പഠിക്കാനും ചർച്ച ചെയ്യാനും കൊടുത്ത കാര്യങ്ങൾ കുടുംബങ്ങളിൽ ചെയ്തിട്ടുണ്ടെന്ന് വിശ്വാസപരിശീലകർ ഉറപ്പുവരുത്തേണ്ടതാണ്.

### 6. ഫുൾഡേ ക്ലാസ്

വാർഷിക കലണ്ടറിൽ നല്കിയിരിക്കുന്നപ്രകാരം മാസത്തിലെ അവസാന ഞായറാഴ്ച എല്ലാ സൺഡേസ്കൂളുകളിലും ഫുൾഡേ ക്ലാസ് നടത്തുമല്ലോ. ഗ്രൂപ്പുകളുടെ കലാപരിപാടികൾ, സംഘടനാപ്രവർത്തനങ്ങൾ, സെമിനാറുകൾ, ആരാധന, കുമ്പസാരം മുതലായവയ്ക്ക് ഉച്ചകഴിഞ്ഞുള്ള സമയം പ്രയോജനപ്പെടുത്താവുന്നതാണ്.

### 7. എയ്ഞ്ചൽസ് നേഴ്സറി

സീറോമലബാർ കാറ്റക്കെറ്റിക്കൽ കമ്മീഷന്റെ നിർദ്ദേശമനുസരിച്ച് തലശ്ശേരി അതിരൂപതയിൽ ഇതിനോടകം വളരെയധികം സൺഡേ സ്കൂളുകളിൽ ഒന്നാം ക്ലാസിന് മുമ്പുള്ള കുട്ടികൾക്കായുള്ള എയ്ഞ്ചൽസ് നേഴ്സറി ആരംഭിച്ചു. ഈ വർഷവും സാധിക്കുന്നത്ര സൺഡേ സ്കൂളുകളിൽ എയ്ഞ്ചൽസ് നേഴ്സറി ആരംഭിക്കേണ്ടതാണ്. പുസ്തകം ഓഫീസിൽ ലഭ്യമാണ്.

### 8. ഏകദിന സെമിനാർ

അതിരൂപതാ മതബോധനകമ്മിറ്റിയുടെ നിർദ്ദേശപ്രകാരം ഏകദിന സെമിനാർ എല്ലാ ഫൊറോനകളിലും നടത്തേണ്ടതാണ്. രാവിലെ 9.30 മുതൽ വൈകുന്നേരം 4 മണിവരെയായിരിക്കും ഏകദിന സെമിനാറിന്റെ സമയം. സെമിനാറിൽ ഫൊറോനയിലെ മുഴുവൻ വിശ്വാസപരിശീലകരും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

### 9. അതിരൂപതാ വിസിറ്റേഴ്സ് സന്ദർശനം

2024-2025 അധ്യയനവർഷത്തെ സൺഡേസ്കൂൾ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുവേണ്ടിയുള്ള അതിരൂപതാ വിസിറ്റേഴ്സിന്റെ സന്ദർ

ശനം സെപ്റ്റംബർ മാസത്തിൽ ആരംഭിച്ചു. വിസിറ്റർ വരുന്ന വിവരം തലേ ഞായറാഴ്ച കുട്ടികളെ അറിയിക്കുകയും വി. കുർബ്ബാന കഴിഞ്ഞുള്ള പൊതു കൂട്ടായ്മയിലും സ്റ്റാഫ് മീറ്റിംഗിലും വിസിറ്ററിനു സ്വാഗതം പറയേണ്ടതും കുട്ടികളെ പൊതുവായി കാണുന്നതിനുള്ള അവസരം ക്രമീകരിക്കേണ്ടതു മാണ്. **സ്റ്റാഫ് മീറ്റിംഗിൽ മുഴുവൻ അധ്യാപകരുടെയും സാന്നിധ്യം ഉണ്ടാ യിരിക്കണം. അവരുടെ യാത്രയ്ക്കാവശ്യമായ റ്റി.എ. സൺഡേ സ്കൂളിൽ നിന്നും കൊടുക്കേണ്ടതാണ്**. ബഹു. ഹെഡ്മാസ്റ്റർമാർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

## ഒക്ടോബർ മാസത്തിലെ അതിരൂപത വിസിറ്റ്

**ഒക്ടോബർ 06:** വെണ്ണക്കല്ല്, പറമ്പ, ചന്ദനക്കാംപാറ, ആലക്കോട്, കോള യാട്, കീഴ്പ്പള്ളി, കനീലടുക്കം, ബാലേശുഗിരി, ചാവറഗിരി, പാടിയോട്ടുചാൽ, പെർള, കനകപ്പള്ളി, മാവുംചാൽ. **ഒക്ടോബർ 13:** ചേപ്പറമ്പ്, പൊൻമല, കൊന്നക്കാട്, ചുണ്ടപ്പറമ്പ്, അരിവിളഞ്ഞപൊയിൽ, നിർമലഗിരി, മേരിപുരം, പരിയാരം, പെരിങ്കരി, ചട്ടമല, ജോസ്ഗിരി, മണിപ്പാറ, അട്ടക്കണ്ടം, ഇരിട്ടി. **ഒക്ടോബർ 20:** കരയത്തുംചാൽ, കാസർഗോഡ്, പുഞ്ച, മണക്കടവ്, എട പ്പുഴ, പനത്തടി, പയ്യന്നൂർ, പാലാവയൽ, രാജഗിരി, ആനറ, അട്ടേങ്ങാനം, അറബി. **ഒക്ടോബർ 27:** ബദിയടുക്ക, നെടുവാലൂർ, കുടിയാൻമല, ചുള്ളി, വെമ്പുവ, കാർത്തികപുരം, രാജമുടി, എടൂർ, പടുപ്പ്, തലശ്ശേരി, രണ്ടാംകടവ്, മണ്ഡപം, ഉമ്മറപൊയിൽ, മുണ്ടാനൂർ, പരപ്പ, വിജയപുരം, പുറവയൽ.

## ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ നടത്തിയ അതിരൂപത വിസിറ്റ്

**ആഗസ്റ്റ് 11:** പാലത്തുംകടവ്. **ആഗസ്റ്റ് 18:** മടപ്പുരച്ചാൽ, കച്ചേരിക്കടവ്. **ആഗസ്റ്റ് 25:** കല്ലുമുതിരക്കുന്ന്, അരവഞ്ചാൽ. **സെപ്റ്റംബർ 08:** ചെങ്ങോം, പടിമരുത്. **സെപ്റ്റംബർ 15:** മഞ്ഞളാംപുറം, പേരട്ട, കടുമേനി. **സെപ്റ്റം ബർ 22:** ചെമ്പേരി, ചെട്ടിയാംപ്പറമ്പ്, ചെടിക്കുളം, പാണത്തൂർ, പൊയ്നാച്ചി, കിളിയന്തറ, ആയന്നൂർ, താബോർ. **സെപ്റ്റംബർ 29:** അതിരുമാവ്, നെല്ലിപ്പാറ, മട്ടന്നൂർ, മാങ്ങോട്, അങ്ങാടിക്കടവ്, ബെഡൂർ, ഹൊസങ്കടി.

## 10. ഓഫീസ്, റിക്കാർഡുകൾ

എല്ലാ സൺഡേസ്കൂളുകളിലെയും ഓഫീസും റിക്കാർഡുകളും ഈ അധ്യയന വർഷം പുനഃക്രമീകരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ഓഫീസ്, റിക്കാർഡുകൾ, ഫയലുകൾ തുടങ്ങിയവ ഹെഡ്മാസ്റ്ററിന്റെയും സെക്രട്ടറി യുടേയും നേതൃത്വത്തിൽ ക്രമമാക്കേണ്ടതും ചിട്ടയായി സൂക്ഷിക്കേണ്ടതുമാ ണ്. ഓഫീസിൽ ലെറ്റർപാഡും സീലും ഉണ്ടായിരിക്കേണ്ടതാണ്.

## 11. ആസ്പെക്ട് 2024-2025

2024-2025 വിശ്വാസപരിശീലനവർഷത്തിൽ അധ്യാപകരുടെ തുടർപരി ശീലനത്തിനായി ഉപയോഗിക്കുന്നത് വിശ്വാസപരിശീലനകേന്ദ്രം പ്രസിദ്ധീ കരിക്കുന്ന **"വിശുദ്ധ കുർബാനയിലെ ദൈവാനുഭവം"** എന്ന പുസ്തക മാണ്. എല്ലാ വിശ്വാസപരിശീലകരും ഈ പുസ്തകത്തിന്റെ ഒരു കോപ്പി

നിർബന്ധമായും വാങ്ങേണ്ടതും പഠനം ആരംഭിക്കേണ്ടതുമാണ്. ഉടൻതന്നെ പുസ്തകങ്ങൾ പ്രധാനാധ്യാപകർക്ക് വിതരണം ചെയ്യുന്നതാണ്.

**12. ദൈവശാസ്ത്രകോഴ്സ്**

ശാസ്ത്ര സാങ്കേതിക വളർച്ചയുടെ ഈ കാലഘട്ടത്തിൽ കുട്ടികൾക്ക് വിശ്വാസത്തിന്റെ ദൈവശാസ്ത്രപരവും ചരിത്രപരവുമായ അറിവ് പകർന്നു കൊടുക്കുവാൻ മതാധ്യാപകരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ ആരം ഭിച്ചതാണ് *Lumen Ecclesiae* ദൈവശാസ്ത്രകോഴ്സ്. 2024-25 അധ്യയനവർഷ ത്തിൽ 60 വയസ്സിൽ താഴെയുള്ള എല്ലാ വിശ്വാസപരിശീലകരെയും ദൈവ ശാസ്ത്ര പഠനത്തിനായി അയയ്ക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യു മല്ലോ. ഇടയ്ക്ക് വച്ച് മുടങ്ങിപ്പോയവരും നിർബന്ധമായും BTh കോഴ്സ് പൂർത്തിയാക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫോം വെബ്സൈറ്റിൽ (alphathalassery.org) ലഭ്യമാണ്.

**13. ഗിരിദീപം**

തലശ്ശേരി അതിരൂപതയുടെ മുഖപത്രമായ 'ഗിരിദീപം' എല്ലാ പ്രധാ നാധ്യാപകർക്കും അയയ്ക്കുന്നുണ്ട്. അഡ്രസ്സ് മാറ്റേണ്ടവരും ഗിരിദീപം ലഭി ക്കാത്തവരും ഓഫീസിൽ അറിയിക്കുമല്ലോ. **എല്ലാ മാസത്തെയും ആദ്യത്തെ ഞായറാഴ്ചത്തെ സ്റ്റാഫ് മീറ്റിംഗിൽ** വിശ്വാസ പരിശീലനത്തെ സംബന്ധിച്ച് ഗിരിദീപത്തിൽ പറഞ്ഞിട്ടുള്ള വിഷയങ്ങൾ പ്രധാനാധ്യാപകൻ സ്റ്റാഫംഗങ്ങളെ അറിയിക്കുകയും ചർച്ചചെയ്യുകയും ചെയ്യേണ്ടതാണ്.

**14. ഓണപരീക്ഷ - നന്ദി**

ഈ വർഷത്തെ ഓണപരീക്ഷ സെപ്റ്റംബർ 01-ാം തീയതി ഞായറാഴ്ച എല്ലാ സൺഡേ സ്കൂളുകളിലും വളരെ ഭംഗിയായി നടത്തി. എല്ലാവിധ ക്രമീകരണങ്ങളും ചെയ്ത ബഹു. വൈദികർക്കും വിശ്വാസപരിശീലകർക്കും സഹകരിച്ച എല്ലാവർക്കും വിശ്വാസപരിശീലന കേന്ദ്രത്തിന്റെ നന്ദി.

**15. വിശ്വാസപരിശീലകരുടെ ധ്യാനം - "റേമ 2024"**

| **തീയതി** | **പങ്കെടുക്കേണ്ട ഫൊറോനകൾ** |
|---|---|
| ഒക്ടോബർ 25-27 | ചെമ്പന്തൊട്ടി, വായാട്ടുപറമ്പ്, ആലക്കോട്, മേരിഗിരി, തളിപ്പറമ്പ്, തോമാപുരം |
| നവംബർ 22-24 | കാഞ്ഞങ്ങാട്, കാസർഗോഡ്, പനത്തടി, ചെറുപുഴ, മാലോം, വെള്ളരിക്കുണ്ട് |
| ഡിസംബർ 06-08 | മുകളിൽ പറഞ്ഞ തീയതികളിൽ ധ്യാന ത്തിൽ പങ്കെടുക്കാൻ സാധിക്കാത്തവർ |

**16. മിഷൻ ഞായർ ഒക്ടോബർ 20**

ആഗോളമിഷൻ ഞായറായ ഒക്ടോബർ 20-ാം തീയതി എല്ലാ സൺഡേ സ്കൂളുകളും മിഷൻദിനമായി ആഘോഷിക്കുമല്ലോ.

**17. മതാധ്യാപകദിനം - നവംബർ 4**

വിശ്വാസപരിശീലകരുടെ സ്വർഗ്ഗീയമദ്ധ്യസ്ഥനായ വി. ചാൾസ് ബൊറോമിയോയുടെ തിരുനാൾ ദിനമായ നവംബർ 4-നാണ് മതാധ്യാപകദിനം. എല്ലാ സൺഡേ സ്കൂളുകളിലും നവംബർ 3-ാം തീയതി ഞായറാഴ്ച മതാധ്യാപകദിനം ആചരിക്കുകയും അധ്യാപകർക്ക് സമ്മാനങ്ങൾ നല്കേണ്ടതുമാണ്. ഹെഡ്മാസ്റ്റർ ബഹു. വികാരിയച്ചനുമായി ആലോചിച്ച് മതാധ്യാപകദിനം സമുചിതമായി ആഘോഷിക്കാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യുമല്ലോ. അതിരൂപതയിലെ എല്ലാ വിശ്വാസപരിശീലകർക്കും മതാധ്യാപകദിനത്തിന്റെ മംഗളങ്ങളും പ്രാർത്ഥനകളും ആശംസിക്കുകയും അധ്യാപകരുടെ ശുശ്രൂഷയെ നന്ദിയോടെ ഓർക്കുകയും ചെയ്യുന്നു.

**18. സീറോ മലബാർ പ്രതിഭാ അവാർഡ്**

ഓരോ രൂപതയിൽനിന്നും 12-ാം ക്ലാസ്സിൽ വിശ്വാസപരിശീലനം നടത്തുന്ന-തിരഞ്ഞെടുക്കപ്പെടുന്ന 2 ആൺകുട്ടികൾക്കും 2 പെൺകുട്ടികൾക്കും സീറോമലബാർ വിശ്വാസപരിശീലന കമ്മീഷൻ പ്രത്യേകം പരിശീലനം നല്കിവരുന്നു.

**ഫൊറോനതല ക്യാമ്പ് :** ഫൊറോനതല ക്യാമ്പ് **ഒക്ടോബർ 02-ന്** ഫൊറോന കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. 12-ാം ക്ലാസ്സിൽ വിശ്വാസപരിശീലനം നടത്തുന്ന പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിലും, വിശ്വാസജീവിതത്തിലും മികവു പുലർത്തുന്ന രണ്ട് ആൺകുട്ടികളെയും രണ്ട് പെൺകുട്ടികളെയുമാണ് ഫൊറോനതല തെരഞ്ഞെടുപ്പിനായി അയക്കേണ്ടത്. **40 കുട്ടികളിൽ കൂടുതലുള്ള ഇടവകയിൽനിന്നും 3 ആൺകുട്ടികളെയും 3 പെൺകുട്ടികളെയും ക്യാമ്പിന് അയക്കാവുന്നതാണ്.** ക്യാമ്പ് രാവിലെ 9.30ന് ആരംഭിച്ച് വൈകുന്നേരം 3.30ന് സമാപിക്കുന്നതാണ്. ക്യാമ്പിൽ പങ്കെടുക്കുന്നവർ ബൈബിൾ, നോട്ട്ബുക്ക്, പേന, ഉച്ചഭക്ഷണം എന്നിവ കൊണ്ടുവരേണ്ടതാണ്.

**അതിരൂപതാതല ക്യാമ്പ് :** ഫൊറോനതലത്തിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികളുടെ അതിരൂപതാതല ക്യാമ്പ് **ഒക്ടോബറിൽ 12, 13** തീയതികളിലായി തലശ്ശേരി സന്ദേശഭവനിൽവച്ച് നടത്തുന്നു. ക്യാമ്പ് ശനിയാഴ്ച രാവിലെ 10 മണിക്ക് ആരംഭിച്ച് ഞായറാഴ്ച ഉച്ചയ്ക്ക് 1.00 മണിക്ക് അവസാനിക്കുന്നു. പങ്കെടുക്കുന്നവർ ബൈബിൾ, നോട്ട് ബുക്ക്, പേന, ടോയ്‌ലറ്റ് സാധനങ്ങൾ എന്നിവ കൊണ്ടുവരേണ്ടതാണ്. ബഹു. ഫൊറോന പ്രസിഡന്റ് തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികളുടെ (2 ആൺ കുട്ടികൾ, 2 പെൺകുട്ടികൾ) പേര്, ഇടവക, ഫോൺനമ്പർ എന്നിവ വാട്ട്സ് ആപ്പിൽ അന്നുതന്നെ ഇടേണ്ടതാണ്. ക്യാമ്പിന് 300 രൂപ രജിസ്ട്രേഷൻ ഫീസായി നൽകേണ്ടതാണ്.

**19. "എൻലൈറ്റ് 2024-2025"**

7, 8 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ആനുകാലിക വിഷയങ്ങള ആസ്പദമാക്കിയുള്ള സെമിനാർ നടത്തുന്നു. സെമിനാർ ഒക്ടോബർ മാസം ആരംഭിച്ച് ജനുവരി മാസത്തിൽ അവസാനിക്കുന്നു. ▸ സെമിനാർ ഒരുഫൊറോ

നയിൽ രണ്ടോ, മൂന്നോ സെന്ററുകളിൽ വച്ച് നടത്തുന്നതാണ്. ▸ ഒക്ടോബർ 13, 27, നവംബർ 17, 24, ഡിസംബർ 01, ജനുവരി 5, 12, 19 എന്നീ തീയതികളിലായിരിക്കും സെമിനാർ നടത്തുക. ▸ സെമിനാർ രാവിലെ 9.30 - ന് ആരംഭിച്ച് വൈകുന്നേരം 4 മണിക്ക് അവസാനിക്കുന്നു. ▸ സെമിനാറിന്റെ സുഗമമായ നടത്തിപ്പിനുവേണ്ട ക്രമീകരണങ്ങൾ ഫൊറോന കമ്മിറ്റി ചെയ്യേണ്ടതാണ്.

**19. സോൾട്ട് 2024:** ഈ വർഷം സൺഡേസ്കൂളിൽ 12-ാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്കുവേണ്ടിയുള്ള ഓറിയന്റേഷൻ ക്ലാസ്സ് സോൾട്ട് 2024 സെപ്റ്റംബർ - നവംബർ മാസങ്ങളിൽ നടത്തുന്നതാണ്.

| തിയതി | സ്ഥലം | പങ്കെടുക്കേണ്ട ഫൊറോനകൾ |
|---|---|---|
| ഒക്ടോബർ 06 | കുന്നോത്ത് | കുന്നോത്ത്, മണിക്കടവ് നെല്ലിക്കാംപൊയിൽ |
| ഒക്ടോബർ 20 | ചെമ്പേരി | ചെമ്പന്തൊട്ടി, ചെമ്പേരി, പൈസക്കരി |
| ഒക്ടോബർ 27 | ആലക്കോട് | ആലക്കോട്, മേരിഗിരി, തളിപ്പറമ്പ്, വായാട്ടുപറമ്പ് |
| നവംബർ 10 | ചെറുപുഴ | ചെറുപുഴ, മാലോം, തോമാപുരം, വെള്ളരിക്കുണ്ട് |
| നവംബർ 17 | പടന്നക്കാട് | കാഞ്ഞങ്ങാട്, കാസർഗോഡ്, പനത്തടി |

## 20. സോൾട്ട് 2024: എടൂർ, പേരാവൂർ

തലശ്ശേരി അതിരൂപതയിൽ 2024-2025 പ്രവർത്തനവർഷത്തിൽ പേരാവൂർ ഫൊറോനകളിലെ പന്ത്രണ്ടാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്കായി എടൂർ മെൻസ ക്രിസ്റ്റി ഓഡിറ്റോറിയത്തിൽ വച്ച് സോൾട്ട് 2024 എന്ന പേരിൽ സംഗമം നടത്തി. റവ. ഫാ. അഖിൽ മുക്കുഴി, ശ്രീ. ജോബി ജോൺ മൂലയിൽ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

## 21. റീജിയണൽ സംഗമങ്ങൾ (ടീച്ചേഴ്സ് കോൺഫറൻസ്)

2024-2025 പ്രവർത്തനവർഷത്തിൽ വിശ്വാസപരിശീലകർക്കായി റീജിയണൽ സംഗമങ്ങൾ നടത്തുന്നു. സംഗമം രാവിലെ 9 മണിക്ക് ആരംഭിച്ച് വൈകുന്നേരം 4 മണിക്ക് അവസാനിക്കുന്നതാണ്.

| തിയതി | സ്ഥലം | പങ്കെടുക്കേണ്ട ഫൊറോനകൾ |
|---|---|---|
| ഒക്ടോബർ 31 | കുന്നോത്ത് | പേരാവൂർ, എടൂർ, കുന്നോത്ത്, നെല്ലിക്കാംപൊയിൽ, മണിക്കടവ് |
| നവംബർ 02 | ചെറുപുഴ | ആലക്കോട്, മേരിഗിരി, ചെറുപുഴ, തളിപ്പറമ്പ് |

### 22. റീജിയണൽ സംഗമങ്ങൾ - നന്ദി

വിശ്വാസപരിശീലകർക്കായി കാസർഗോഡ്, ചെമ്പേരി സെന്ററുകളിൽ വച്ച് റീജിയണൽ സംഗമങ്ങൾ നടത്തി. സംഗമത്തിൽ പങ്കെടുത്ത എല്ലാ വിശ്വാസപരിശീലകർക്കും നന്ദി.

### 23. ദിവ്യകാരുണ്യസന്ധ്യ - നന്ദി

വെളിമാനം സെന്റ് സെബാസ്റ്റ്യൻ ഇടവകയിൽ വച്ച് നടത്തിയ ദിവ്യകാരുണ്യസന്ധ്യയിൽ പങ്കെടുത്ത വെളിമാനം, മാങ്ങോട്, കീഴ്പ്പള്ളി, ചെടിക്കുളം എന്നീ സൺഡേസ്കൂളുകളിലെ വിശ്വാസപരിശീലകർക്കും പ്രോഗ്രാം ഭംഗിയായി ക്രമീകരിച്ച മാർട്ടിൻ കിഴക്കേതലയ്ക്കൽ അച്ചനും വിശ്വാസപരിശീലനകേന്ദ്രത്തിന്റെ ഹൃദ്യമായ നന്ദി.

### 24. ഓഫീസിൽ അടയ്ക്കേണ്ട തുകകൾ

2024–2025 പ്രവർത്തന വർഷത്തിൽ ഓഫീസിൽ അടയ്ക്കേണ്ട വിവിധ തുകകൾ (സ്റ്റുഡന്റ്സ് ഫണ്ട്, ചോദ്യപേപ്പർ, പാഠപുസ്തകങ്ങൾ, ഉപപാഠപുസ്തകങ്ങൾ) ശേഖരിച്ച് ബാങ്ക് വഴി അടയ്ക്കണമെന്ന് ഓർമിപ്പിക്കുന്നു. താഴെ കൊടുത്തിരിക്കുന്ന അക്കൗണ്ടിലേയ്ക്കാണ് തുക ട്രാൻസ്ഫർ ചെയ്യേണ്ടത്. തുക ട്രാൻസ്ഫർ ചെയ്യുന്നവർ ഡയറക്ടറച്ചനെ ഫോൺ വഴി അറിയിക്കുകയോ വാട്സ്ആപ്പ് നമ്പറിലേക്ക് സന്ദേശം നൽകുകയോ ചെയ്യണം.

A/c Holder : Department of Catechesis
A/c No : 0078053000073503
IFSC : SIBL0000078
Bank : South Indian Bank, Thalassery

### 25. ആദരാഞ്ജലികൾ

ഒറ്റത്തൈ സൺഡേസ്കൂളിലെ പ്രധാനാധ്യാപകൻ ബിജു കുപ്പോഴയ്ക്കൽ സാറിന്റെ പിതാവ് കുര്യാക്കോസ് കുപ്പോഴയ്ക്കൽ, രാജിഗിരി സൺഡേസ്കൂൾ വിദ്യാർത്ഥിയായിരുന്ന എറിക് ജോ ജിബിൻ പുത്തൻപുരയ്ക്കൽ എന്നിവർ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. കുടുംബാംഗങ്ങളെ വിശ്വാസപരിശീലനകേന്ദ്രത്തിന്റെ പ്രാർത്ഥനയും അനുശോചനവും അറിയിക്കുന്നു.

### 26. ഡയറക്ടറച്ചൻമാരുടെ സന്ദർശനം

ഡയറക്ടറച്ചൻ ഉരുപ്പുംകുറ്റി, നെല്ലിപ്പാറ, കനകക്കുന്ന്, കാപ്പിമല എന്നീ സൺഡേസ്കൂളുകളിലും അസി. ഡയറക്ടറച്ചൻ നെല്ലിക്കാംപൊയിൽ, കല്ലുവയൽ എന്നീ സൺഡേസ്കൂളുകളിലും സന്ദർശനം നടത്തി.

**ഫാ. ജേക്കബ് വെണ്ണായപ്പിള്ളിൽ**
*ഡയറക്ടർ*

# ബൈബിൾ അപ്പൊസ്റ്റോലേറ്റ്
## ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

### ബിരുദദാന ചടങ്ങ് നവംബർ 9 ശനിയാഴ്ച

ഈ വർഷം ബിരുദ-ബിരുദാനന്തര കോഴ്സുകൾ പൂർത്തിയാക്കിയ വിദ്യാർത്ഥികളുടെ ബിരുദദാന ചടങ്ങ് നവംബർ 9 ന് നടത്തപ്പെടുന്നതാണ്. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

### വെബ്സൈറ്റ്

തലശ്ശേരി അതിരൂപതാ ബൈബിൾ അപ്പൊസ്റ്റോലേറ്റിന്റെ സ്ഥാപക ഡയറക്ടറായ ബഹു. മൈക്കിൾ കാരിമറ്റം അച്ചൻ ***karimattam. com*** എന്ന പേരിൽ ഒരു വെബ്സൈറ്റ് ആരംഭിച്ചിരിക്കുന്നു. നാളിതുവരെ അച്ചൻ ശാലോം ടി.വി., ഗുഡ്നെസ് ടി.വി. എന്നീ ചാനലുകൾ വഴി നൽകിയിട്ടുള്ള എഴുന്നൂറോളം ബൈബിൾ ക്ലാസ്സുകൾ, മലയാളം - ഇംഗ്ലീഷ് പുസ്തകങ്ങൾ, ബൈബിൾ ചിത്രകഥ എന്നിവ ഈ സൈറ്റിൽ ലഭ്യമാണ്. ബൈബിൾ പഠിക്കുന്നതിനും പഠിപ്പിക്കുന്നതിനും ജീവിതം മുഴുവൻ സമർപ്പിച്ച അച്ചന്റെ ക്ലാസ്സുകളും, പ്രഭാഷണങ്ങളും, പുസ്തകങ്ങളും ശരിയായ ഉൾക്കാഴ്ചയോടെ ബൈബിൾ പഠിക്കാനും മനസ്സിലാക്കാനും സഹായകമാണ്.

### ലോഗോസ് ബൈബിൾ ക്വിസ് 2024

ലോഗോസ് ബൈബിൾ ക്വിസിന്റെ അതിരൂപതാതല മത്സരം സെപ്റ്റംബർ 29-ാം തീയതി നടത്തി. 168 ഇടവകകളിൽ നിന്നായി 22500 പേരാണ് ഈ വർഷം രജിസ്ട്രേഷൻ നടത്തിയത്. ലോഗോസ് ക്വിസിന്റെ വിജയത്തിനായി പരിശ്രമിച്ച ബഹു. വികാരിയച്ചന്മാർക്കും മറ്റ് ഭാരവാഹികൾക്കും അഭിനന്ദനങ്ങൾ.

### ലോഗോസ് ബൈബിൾ ക്വിസ് 2024 സെമി ഫൈനൽ മത്സരം

സെമിഫൈനൽ പരീക്ഷയ്ക്കുള്ള പാഠ്യഭാഗങ്ങൾ.

1. (ന്യായാധിപന്മാർ 1-10; പ്രഭാഷകൻ 34-40; ലൂക്കാ 9-16; 2 കോറി 7-13). മലയാളത്തിൽ പി.ഒ.സി. ബൈബിളും, ഇംഗ്ലീഷിൽ NRSV ബൈബിളും ഉപയോഗിക്കണം.

2. കെ.സി.ബി.സി. വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ വർഷത്തെ ലഘുപഠനങ്ങൾ.

- രൂപതാതല വിജയികൾക്കായി നടത്തപ്പെടുന്ന എഴുത്തുപരീക്ഷ കൊല്ലം, കോഴിക്കോട്, ആലുവ എന്നീ സെന്ററുകളിൽ 2024 നവംബർ 10-ന് 2 PM നായിരിക്കും. അഖിലകേരളാതലത്തിലെ സമ്മാനങ്ങൾ മേഖലാതലത്തിലുള്ള മത്സരപരീക്ഷയ്ക്കുശേഷം വിതരണം ചെയ്യും.
- ഈ വർഷം ഓരോ ഗ്രൂപ്പിലെയും 10 പേർക്കുള്ള ഗ്രൂപ്പുഫൈനൽ നവംബർ 23-ാം തീയതി രാവിലെ 9.30 ന് ആരംഭിക്കും. ഈ മത്സരം അഞ്ച് റൗണ്ടുകളിലായി നടത്തപ്പെടുന്നു.

## *Questions pattern - All written answers*

1. Quotes round - verse given and sentence to be completed [10 Q] (20 minutes) (20 Marks - ¼ mark reduced for each mistake)
2. Script round - sentence given and verse number to be written - [10 Q] (10 minutes - 10 Marks - marks only if chapter and verse is correct)
3. Video round - [10 Q] (10 Marks - ¼ mark reduced for each spelling mistake)
4. Oral rapid round - questions read out without repetition [30 questions] (30 Marks - ¼ mark reduced for each spelling mistake)
5. Written round - written questions given [30 Q] (15 minutes) (30 Marks - minus ONE mark for wrong answer)

5. **ലോഗോസ് പ്രതിഭ** ടെലിക്വിസ് മെഗാ ഫൈനൽമത്സരം പി.ഒ.സി. യിൽവച്ച് നവംബർ 24-ാം തീയതി രാവിലെ 9 ന് നടക്കും.

## ബധിരഭിന്നശേഷിക്കാർക്കായുള്ള ലോഗോസ് ക്വിസ്സ്

1. രൂപതകളിൽ അവർക്കു പ്രത്യേകമായി നടത്തുന്ന പരീക്ഷയിൽ ഉന്നതമാർക്കു നേടുന്നവർക്കായി നവംബർ 23 ന് പി.ഒ.സി.യിൽ ഫൈനൽ മത്സരം നടത്തുന്നു.

2. ബധിരഭിന്നശേഷിക്കാർക്കായ് 300 ചോദ്യങ്ങളടങ്ങിയ ചോദ്യവലി നല്കുന്നതായിരിക്കും. ആ ചോദ്യാവലിയിൽ നിന്നും 85% ചോദ്യങ്ങളും, 15% ചോദ്യങ്ങൾ പഠനഭാഗത്തിൽനിന്നും ഉള്ളതായിരിക്കും.
3. ഒരു രൂപതയിൽ നിന്നും ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന 10 പേരുടെ ലിസ്റ്റ് നവംബർ 1 ന് മുമ്പായി ബൈബിൾ കമ്മീഷനിലേക്ക് നല്കണം.

## ലോഗോസ് ഫമിലിയ ക്വിസ്

1. ലോഗോസ് ഫമിലിയ ക്വിസ്സിൽ രൂപതയിൽനിന്നും മൂന്നു പേരടങ്ങിയ ഒരു ടീമിനെ ഒക്ടോബർ 23-ന് മുൻപായി പി.ഒ.സി.യിൽ രജിസ്റ്റർ ചെയ്യണം. പേരുവിവരം അവരുടെ ജനനസർട്ടിഫിക്കറ്റും ഫോട്ടോയും (വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയത്) ഏൽപ്പിക്കണം.
2. ഫാമിലി ക്വിസ്സിൽ, മൂന്നുപേരടങ്ങുന്ന ടീമിൽ രണ്ടു തലമുറകളിലുള്ളവർ ഉണ്ടായിരിക്കണം.
   a. അപ്പനും അമ്മയും ഒരു മകനോ ഒരു മകളോ
   b. അപ്പനും രണ്ടു മക്കളോ
   c. അമ്മയും രണ്ടു മക്കളോ
3. ലോഗോസ് ഫമിലിയക്വിസ്സ് എഴുത്തുപരീക്ഷയായിരിക്കും.
4. ലോഗോസ് ഫമിലിയക്വിസ് നവംബർ 23 ന് രാവിലെ 9.30 ന് ആയിരിക്കും.

**ഫാ. തോമസ് മാപ്പിളപ്പറമ്പിൽ**
*ഡയറക്ടർ,*
*ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്*

**ഫാ. ഫിലിപ്പ് കവിയിൽ**
*ഡയറക്ടർ,*
*ബൈബിൾ അപ്പൊസ്റ്റൊലേറ്റ്*

# ചിൽഡ്രൻ അപ്പൊസ്റ്റോലേറ്റ്
## ചെറുപുഷ്പ മിഷൻലീഗ്

സ്നേഹ ബഹു. അച്ചന്മാരെ, സിസ്റ്റേഴ്സ്, പ്രിയ മിഷനറിമാരെ,

ഒക്ടോബർമാസം അഖിലലോക മിഷൻ മദ്ധ്യസ്ഥയും സംഘടനയുടെ സ്വർഗീയ മദ്ധ്യസ്ഥയുമായ വി. കൊച്ചുത്രേസ്യായുടെ തിരുനാളും ജപമാല മാസാചരണവും, വി. ഫ്രാൻസിസ് അസീസ്സിയുടെ തിരുനാളും, മിഷൻ ഞായറും ആചരിക്കുന്ന മാസമാണല്ലോ. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വിശ്വാസം പ്രഘോഷിക്കുന്ന മിഷനറിമാർക്കുവേണ്ടി ഈ മാസം പ്രത്യേകം പ്രാർത്ഥിക്കാം.

| | |
|---|---|
| അനുസ്മരിക്കുന്ന തിരുനാൾ | കാവൽമാലാഖ, വി. കൊച്ചുത്രേസ്യായുടെ തിരുനാൾ |
| അനുസ്മരിക്കുന്ന വിശുദ്ധർ | വി. കൊച്ചുത്രേസ്യാ, വി. ഫ്രാൻസീസ് അസ്സീസി, വി. അമ്മത്രേസ്യാ |
| പ്രാർത്ഥനാനിയോഗം | ചെറുപുഷ്പ മിഷൻലീഗ് പ്രവർത്തകർക്കുവേണ്ടി |
| സുകൃതജപം | എന്റെ അമ്മേ എന്റെ ആശ്രയമേ. |
| വിശുദ്ധയെ അറിയാൻ, സ്നേഹിക്കാൻ | നവമാലിക അദ്ധ്യായം 4 |

**1. ശാഖകൾ ശ്രദ്ധിക്കാൻ**

1 ചൊവ്വ : വി. കൊച്ചുത്രേസ്യായുടെ തിരുനാൾ, മിഷൻമാസാരംഭം, ശാഖയിൽ പതാക ഉയർത്തുന്നു, അംഗത്വ നവീകരണം, അസാധാരണസമ്മേളനം, പൊതുദിവ്യകാരുണ്യ സ്വീകരണം.

2 ബുധൻ : കാവൽമാലാഖമാരുടെ തിരുനാൾ, അതിരൂപത കൗൺസിൽ - വാർഷികം

3 വ്യാഴം : ചെറുപുഷ്പ മിഷൻലീഗ് 78-ാം സ്ഥാപക ദിനം, പതാക വന്ദനം

4 വെള്ളി : വി. ഫ്രാൻസീസ് അസ്സീസിയുടെ തിരുനാൾ,

12 ശനി : അതിരൂപത കലോത്സവം
വി. അൽഫോൻസാമ്മയുടെ വിശുദ്ധപദവി ദിനാചരണം

15 ചൊവ്വ : വി. അമ്മത്രേസ്യായുടെ തിരുനാൾ

20 ഞായർ : മിഷൻ ഞായർ - അസാധാരണ സമ്മേളനം, പൊതു ദിവ്യകാരുണ്യസ്വീകരണം, പ്രേഷിത റാലി.

31 വ്യാഴം : മിഷൻ മാസസമാപനം, മിഷൻഗ്രാമങ്ങൾക്ക് 5 മാസത്തെ സുകൃതങ്ങൾ, സാമ്പത്തിക സഹായങ്ങൾ എന്നിവ അയച്ചു കൊടുക്കുന്നു.

**2. മേഖലകൾ ശ്രദ്ധിക്കാൻ:** എക്സിക്യൂട്ടീവ്, മിഷൻമാസാചരണ പദ്ധതികൾ, മിഷൻലീഗ് സ്ഥാപക ദിനം, മിഷൻ ഞായർ, അതിരൂപതാ കലോത്സവം, അതിരൂപതാ കൗൺസിൽ - വാർഷികം,

### 3. വി. കൊച്ചുത്രേസ്യായുടെ തിരുനാളും, സ്ഥാപകദിനവും, അംഗത്വ നവീകരണവും

ഒക്ടോബർ 1-ാം തീയതി വി. കൊച്ചുത്രേസ്യായുടെ തിരുനാളിനോടനുബന്ധിച്ച് അംഗത്വനവീകരണം നടത്തുമല്ലോ. അതിരൂപതാതല അംഗത്വനവീകരണവും സ്ഥാപക ദിനവും, വി. കൊച്ചുത്രേസ്യായുടെ തിരുനാളാഘോഷവും കൊളക്കാട് ശാഖയിൽവെച്ച് 29-ാം തീയതി ഞായറാഴ്ച നടത്തപ്പെടുന്നതാണ്.

### 4. മിഷൻമാസാചരണം - മിഷൻ ഞായർ

ഒക്ടോബർ 1 മുതൽ 31 വരെ മിഷൻമാസമായി ആചരിക്കുകയും ഓരോ ദിവസവും പ്രത്യേക നിയോഗങ്ങളോടെ മിഷൻഗ്രാമങ്ങൾക്കും മിഷൻ പ്രവർത്തനങ്ങൾക്കും മിഷനറിമാർക്കുവേണ്ടിയും പ്രാർത്ഥിക്കാൻ കുട്ടികളെ ഓർമ്മിപ്പിക്കുകയും ഒക്ടോബർ 20-ാം തീയതി മിഷൻ ഞായർ സാഘോഷം കൊണ്ടാടുകയും ചെയ്യുമല്ലോ. അതിരൂപതാതലം തെരഞ്ഞെടുക്കപ്പെട്ട ശാഖയിൽ വച്ച് മിഷൻ ഞായർ ആചരിക്കുന്നതായിരിക്കും. കൂടാതെ സാധിക്കുമെങ്കിൽ കുട്ടികളിൽ മിഷൻ ചൈതന്യവും പ്രേഷിതതീക്ഷ്ണതയും ഉജ്ജ്വലിക്കത്തക്കവിധം വി. കുർബ്ബാനയ്ക്ക് ശേഷം വി. കൊച്ചുത്രേസ്യായുടെ രൂപത്തിനുമുമ്പിൽ അനുദിനപ്രാർത്ഥന, മിഷൻ ഗ്രാമത്തിനുവേണ്ടി പ്രാർത്ഥന, പ്രാർത്ഥിക്കാൻ ലഭിച്ച മിഷൻ ഗ്രാമവുമായി സൗഹൃദബന്ധം തുടങ്ങിയവ നടത്തുകയും ചെയ്യുമല്ലോ. അതോടൊപ്പം **"ദൈവകേന്ദ്രീകൃത കുടുംബം ദൈവവിളികളുടെ ഉറവിടവും ശക്തിയും".** എന്ന ഈ വർഷത്തെ മിഷൻ ലീഗിന്റെ ആപ്തവാക്യത്തിന് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള പരിപാടികൾ ശാഖാ - മേഖലാ തലത്തിലും വ്യക്തിപരമായും നടത്തുവാൻ വേണ്ട കർമ്മപദ്ധതികൾ നടപ്പാക്കുമല്ലോ.

### 5. അതിരൂപതാ മിഷൻ കലോത്സവം

ഈ വർഷത്തെ അതിരൂപതാ മിഷൻ കലോത്സവം ഒക്ടോബർ 12-ാം തീയതി ശനിയാഴ്ച ആലക്കോട് സെന്റ് മേരീസ് സ്കൂളിൽ വെച്ച് നടത്തപ്പെടുന്നു. രാവിലെ 9.00 ന് രജിസ്ട്രേഷനോടെ മത്സരങ്ങൾ ആരംഭിക്കും. മത്സരത്തിന് അംഗത്വകാർഡും ബാഡ്ജും നിർബന്ധമാണ്.

**മിഷൻ കലോത്സവത്തിൽ മേഖലകൾ പങ്കെടുക്കാൻ വരുമ്പോൾ താഴെ പറയുന്നകാര്യങ്ങൾ ശ്രദ്ധിക്കുക**

- എല്ലാ മേഖലാ ഡയറക്ടർമാരും വൈസ്ഡയറക്ടർമാരും ടീം അംഗങ്ങളോടൊപ്പം ഉണ്ടായിരിക്കേണ്ടതാണ്.
- എല്ലാ മേഖലക്കും ഒരു ടീം മാനേജർ ഉണ്ടായിരിക്കണം. ടീം മാനേജർ ആയിരിക്കണം ടീം അംഗങ്ങൾക്കുവേണ്ടി സ്റ്റേജ് മാസ്റ്ററോടോ, ഓഫീസുമായോ ബന്ധപ്പെടേണ്ടത്. ചെസ് നമ്പർ ടീം അംഗങ്ങൾക്കുവേണ്ടി ക്രമീകരിച്ച് കൊടുക്കേണ്ടത് ടീം മാനേജർ ആയിരിക്കണം.
- പരിപാടിയെ സംബന്ധിച്ച് എന്തെങ്കിലും പരാതിയുണ്ടെങ്കിൽ ടീം മാനേജർ രേഖാമൂലം 250 രൂപ ഫീസ് സഹിതം പ്രസ്തുത മത്സരം കഴിഞ്ഞ് 30 മിനിറ്റിനകം ഡയറക്ടർക്ക് നൽകുക. ഡയറക്ടർ, ജൂറി ഓഫ് അപ്പീലുമായി ആലോചിച്ച് ന്യായമായ തീരുമാനമെടുത്ത് അറിയിക്കുന്നതാണ്. മത്സര നടത്തിപ്പിനെക്കുറിച്ച് മാത്രമായിരിക്കണം പരാതി നൽകേണ്ടത്.
- ചാൻസ് നമ്പർ കൈയ്യിൽ കിട്ടിയശേഷം ഏതെങ്കിലും സാഹചര്യത്തിൽ മത്സരാർത്ഥിക്ക് സ്റ്റേജിലെത്താൻ സാധിക്കുന്നില്ലെങ്കിൽ ടീം മാനേജർ തക്കകാരണം ബോധിപ്പിച്ചാൽ ഏറ്റവും ഒടുവിലായി അടുത്ത ചാൻസ് നൽകുന്നതായിരിക്കും.
- മറ്റ് പൊതുവായ എല്ലാ നിർദ്ദേശങ്ങളും കൃത്യമായി പാലിക്കുകയും ചെയ്യണം.

## 6. അതിരൂപതാ കൗൺസിലും വാർഷികവും

ചെറുപുഷ്പ മിഷൻലീഗ് തലശ്ശേരി അതിരൂപതയുടെ 65-ാം വാർഷികവും കൗൺസിലും വെള്ളരിക്കുണ്ട് ഓഡിറ്റോറിയത്തിൽ വച്ച് ഈ വരുന്ന ഒക്ടോബർ 2-ാം തീയതി ബുധനാഴ്ച അതിരൂപതാ പ്രസിഡന്റിന്റെ അധ്യക്ഷതയിൽ അഭിവന്ദ്യ പിതാക്കന്മാരുടെയും ദേശീയ - സംസ്ഥാന ഭാരവാഹികളുടെയും മഹനീയ സാന്നിധ്യത്തിൽ നടത്തപ്പെടുന്നു. കഴിഞ്ഞ പ്രവർത്തന വർഷം അതിരൂപതാതലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടിയ ശാഖകൾക്കും മേഖലകൾക്കുമുള്ള ക്യാഷ് അവാർഡും ട്രോഫിയും വിവിധ അവാർഡുകളും കൗൺസിൽ വാർഷികസമ്മേളനത്തിൽ വച്ച് നടക്കുന്നതായിരിക്കും. ഈ ആഘോഷ പരിപാടികളിൽ മുഴുവൻ ശാഖാ മേഖലാ ഭാരവാഹികളും വൈസ്ഡയറക്ടേഴ്സും പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. രജിസ്ട്രേഷൻ ഫീസ് ഒരു കുട്ടിക്ക് 100 രൂപ വീതം കൊണ്ടുവരുവാൻ ശ്രദ്ധിക്കുമല്ലോ.

**പ്രോഗ്രാം:**

9 am രജിസ്ട്രേഷൻ, 9.15 am വി. കുർബ്ബാന, 10 am പതാക ഉയർത്തൽ, 10.15 am അതിരൂപത കൗൺസിൽ , 12.30 pm ഉച്ചഭക്ഷണം, 1.30 pm വാർഷികം - പൊതുസമ്മേളനം, അവാർഡ് ദാനം, മിഷൻജ്യോതി പ്രകാശനം, ബെസ്റ്റ് ശാഖാ - മേഖല സമ്മാനദാനം,3.30 pm പ്രേഷിത റാലി, 4.30 pm ചായ. പ്രോഗ്രാമിന് മാറ്റ് കൂട്ടുവാൻ വിവിധകലാപരിപാടികൾ ഉണ്ടായിരിക്കും.

**7. കൈയ്യെഴുത്ത് മാസിക**

ശാഖകളിൽ കൈയ്യെഴുത്ത് മാസിക നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചുകാണുമെന്ന് കരുതുന്നു. ഈ വർഷത്തെ പഠനവിഷയമായ **"ദൈവകേന്ദ്രീകൃത കുടുംബം ദൈവവിളികളുടെ ഉറവിടവും ശക്തിയും"** എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള രചനകൾ നിർബന്ധമായും മാസികയിൽ ഉണ്ടായിരിക്കണം. മേഖലകളിൽ ഒന്നാം സ്ഥാനം കിട്ടുന്ന കൈയ്യെഴുത്ത് മാസിക ഓഫീസിൽ ലഭിക്കേണ്ട അവസാന തീയതി ജനുവരി 26 ആയിരിക്കും. (കൈയ്യെഴുത്ത് മാസിക നിർമ്മാണത്തെക്കുറിച്ചുള്ള നിബന്ധനകൾ മാർഗ്ഗരേഖ പേജ് 57, 58 കാണുക.)

**8. പ്രബന്ധരചനാ മത്സരം:** ചെറുപുഷ്പ മിഷൻലീഗ് തലശ്ശേരി അതിരൂപത സുവർണ്ണ ജൂബിലി സ്മാരക അവാർഡിനായി അതിരൂപതാ തലത്തിൽ 18 വയസ്സിൽ താഴെ പ്രായമുള്ള മിഷൻലീഗ് അംഗങ്ങൾക്കായി പ്രബന്ധരചനാ മത്സരം നടത്തുന്നു. പ്രബന്ധം സമർപ്പിക്കാനുള്ള അവസാന തീയതി നവംബർ 30. പ്രബന്ധരചനാ മത്സരത്തെക്കുറിച്ചുള്ള നിബന്ധനകൾ മാർഗ്ഗരേഖ പേജ് 60, സെപ്റ്റംബർ മാസത്തെ ഗിരിദീപം പേജ് 38 എന്നിവ കാണുക.

**9. ആൽബം: "ദൈവകേന്ദ്രീകൃത കുടുംബം ദൈവവിളികളുടെ ഉറവിടവും ശക്തിയും"** എന്ന വിഷയത്തെ ആസ്പദമാക്കി ശാഖകളിൽ നിന്ന് മേഖലയിൽ എത്തിക്കുന്ന ആൽബങ്ങളിൽ ഒന്നാം സ്ഥാനം ലഭിക്കുന്ന ആൽബം നവംബർ 30 ന് മുമ്പ് അതിരൂപതാ ഓഫീസിൽ എത്തിക്കണമെന്നകാര്യം ഓർമ്മിപ്പിക്കട്ടെ. ആൽബനിർമ്മാണത്തെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് സെപ്റ്റംബർ മാസത്തെ ഗിരിദീപം പേജ് 37, മാർഗ്ഗരേഖ പേജ് 61 കാണുക.

**10. ക്ലിക്ക് ഷോട്ട്: ഷോർട്ട് ഫിലിം**

5–ാം ക്ലാസ്സ് മുതൽ 12–ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്കായി നടത്തുന്ന ക്ലിക്ക് ഷോട്ട്: ഷോർട്ട് ഫിലിം മത്സരത്തിൽ പങ്കെടുക്കുന്നവർ ക്ലിക്ക് ഷോട്ട് പെൻഡ്രൈവിൽ ആക്കി നവംബർ 30 ന് മുമ്പ് അതിരൂപതാ ഓഫീസിൽ എത്തിക്കുമല്ലോ. (കൂടുതൽ വിവരങ്ങൾക്ക് സെപ്റ്റംബർ മാസത്തെ ഗിരിദീപം പേജ് 37 മാർഗ്ഗരേഖ പേജ് 59 എന്നിവ കാണുക.

**11. പൂമ്പാറ്റ ആംഗ്യപ്പാട്ട്**

5–ാം ക്ലാസ്സ് മുതൽ 10–ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്കായി നടത്തുന്ന പൂമ്പാറ്റ ആംഗ്യപ്പാട്ട് മത്സരത്തിൽ പങ്കെടുക്കുന്നവർ ആംഗ്യപ്പാട്ട് പെൻഡ്രൈവിൽ ആക്കി നവംബർ 30 ന് മുമ്പ് അതിരൂപതാ ഓഫീസിൽ എത്തിക്കുമല്ലോ. (കൂടുതൽ വിവരങ്ങൾക്ക് സെപ്റ്റംബർ മാസത്തെ ഗിരിദീപം പേജ് 38, മാർഗ്ഗരേഖ പേജ് 59, 60 എന്നിവ കാണുക.

**12. അതിരൂപതാ വിഹിതങ്ങൾ**

ഈ വർഷത്തെ വാർഷിക വിഹിതവും (500 രൂപ) അംഗത്വ ഫീസും (അഞ്ചാം ക്ലാസ്സ് മുതൽ പന്ത്രണ്ടാം ക്ലാസ്സ് വരെയുള്ള എല്ലാ അംഗങ്ങൾക്കും

5 രൂപ വീതം) അടയ്ക്കാനുള്ളവരും കഴിഞ്ഞവർഷത്തെ കുടിശ്ശിക അട യ്ക്കാനുള്ളവരും എത്രയും പെട്ടെന്ന് നൽകി സഹകരിക്കുമല്ലോ.

**13. മിഷൻകലണ്ടർ**

ഈ വർഷത്തെ മിഷൻ കലണ്ടർ ഒക്ടോബർ ആദ്യത്തെ ആഴ്ച ശാഖ കൾ നൽകിയ എണ്ണമനുസരിച്ച് മേഖലകളിൽ എത്തിക്കുന്നതും മേഖല കൾ അവരുടെ നേതൃത്വത്തിൽ ശാഖകളിൽ എത്തിക്കുന്നതുമായിരിക്കും. ഒരു മിഷൻ കലണ്ടറിന്റെ തുക 10 രൂപയാണ് എന്നകാര്യം സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

**14. മിഷൻ പച്ചക്കറിത്തോട്ടം**

മിഷൻ പച്ചക്കറിത്തോട്ട മത്സരത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന ശാഖകൾ ഒക്ടോബർ 30 ന് മുമ്പ് ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യണം. പേര് രജിസ്റ്റർ ചെയ്യാത്തവരെ മത്സരത്തിന് പരിഗണിക്കുന്നതല്ല. പച്ചക്കറി ത്തോട്ടമത്സരങ്ങളെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ സെപ്റ്റംബർ മാസത്തെ ഗിരി ദീപം പേജ് 36, മാർഗ്ഗരേഖ പേജ് 60 എന്നിവ കാണുക.

**15. ദിവ്യകാരുണ്യ സംഗമങ്ങൾ**

അതിരൂപതാ ദിവ്യകാരുണ്യവർഷത്തോടനുബന്ധിച്ച് ഡിസംബർ അവ സാനത്തിനു മുൻപായി എല്ലാ മേഖലകളിലും ശാഖകളുടെ സഹകരണ ത്തോടെ മേഖലയിലെ തിരഞ്ഞെടുത്ത ശാഖയിൽ വച്ച് ദിവ്യകാരുണ്യ സംഗമങ്ങൾ നടത്തുമല്ലോ. (ആരാധന, ദിവ്യകാരുണ്യ പ്രദിക്ഷണം, ക്ലാസ്സു കൾ... തുടങ്ങിയവ നടത്താവുന്നതാണ്.)

**16. ഒക്ടോബർ മാസം അതിരൂപതാതല ശാഖാ സന്ദർശനം നട ത്തുന്ന മേഖലകൾ**

അതിരൂപതാ ഭാരവാഹികൾ ഒക്ടോബർ മാസം ചെമ്പന്തൊട്ടി (ഒക്ടോ ബർ - 6), തളിപ്പറമ്പ് (ഒക്ടോബർ-13), വായാട്ടുപ്പറമ്പ് (ഒക്ടോബർ - 20), ആലക്കോട് (ഒക്ടോബർ-27), എന്നീ മേഖലകളിലെ ശാഖകൾ സന്ദർശി ക്കുന്നതാണ് എന്നകാര്യം ഓർമ്മപ്പെടുത്തുന്നു. അന്നേ ദിവസം റെക്കോ ഡുകൾ കൃത്യമായി എഴുതി സൂക്ഷിക്കുകയും ശാഖകളിൽ വേണ്ട ക്രമീ കരണങ്ങൾ ചെയ്യുവാൻ ശ്രദ്ധിക്കുകയും ചെയ്യുമല്ലോ.

**17. തിളക്കമാർന്ന വിജയം - അഭിനന്ദനങ്ങൾ**

2023 - 2024 പ്രവർത്തനവർഷത്തിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ച വെച്ച നെല്ലിക്കാംപൊയിൽ, മണിക്കടവ്, വെള്ളരിക്കുണ്ട് മേഖലകളും, മണി ക്കടവ്, കരുവഞ്ചാൽ, മണിപ്പാറ, അട്ടക്കണ്ടം, ഇരിട്ടി, നെല്ലിക്കാംപൊയിൽ, കനകപ്പള്ളി, പയ്യാവൂർ, കച്ചേരിക്കടവ്, അങ്ങാടിക്കടവ്, വെള്ളരിക്കുണ്ട്, ചേപ്പറമ്പ ശാഖകളും **ഗോൾഡൻസ്റ്റാർ** പുരസ്ക്കാരവും, ചെറുപുഴ മേഖല, പേരട്ട, ബളാൽ, മാട്ടറ, കുട്ടാപ്പറമ്പ, പൈസക്കരി, പേരാവൂർ ശാഖകൾ **സിൽവർസ്റ്റാർ** പുരസ്കാരവും, എടൂർ മേഖല കാഞ്ഞിരടുക്കം, പാത്തൻപ്പാറ,

മേരിഗിരി, തയ്യേനി, കരയത്തുംചാൽ, ജയഗിരി, തടിക്കടവ് എന്നീ ശാഖകൾ **മിഷൻ സ്റ്റാർ** പുരസ്ക്കാരവും കരസ്ഥമാക്കി. അഭിമാനകരമായ ഈ വലിയ അംഗീകാരം നേടിയെടുക്കുവാൻ അദ്ധ്വാനിച്ച, സഹകരിച്ച എല്ലാ മേഖലാ - ശാഖാ ഡയറക്ടർമാരെയും, വൈസ് ഡയറക്ടേഴ്സിനെയും ഭാരവാഹികളെയും പ്രത്യേകം അഭിനന്ദിക്കുന്നു.

**17. ശ്രീ. ജെയ്സൺ മർക്കോസ് പ്രസംഗമത്സര വിജയികൾ**

തലശ്ശേരി അതിരൂപതയും പേരാവൂർ ശാഖയും സംയുക്തമായി നടത്തിയ ശ്രീ. ജെയ്സൺ മർക്കോസ് അനുസ്മരണ പ്രസംഗ മത്സരത്തിൽ വിജയികളായവർ :

| | | | |
|---|---|---|---|
| Category I : | I | ക്രിസ് മേരി വെട്ടിക്കാട്ട് | - എടൂർ |
| | II | ആൻഡ്രിയ കുന്നേൽ | - മണിക്കടവ് |
| | III | റോസ് മേരി നരിപ്പാറയിൽ | - കാസർഗോഡ് |
| Category II : | I | സേറ ലിസ് വെട്ടിക്കാട്ട് | - എടൂർ |
| | II | ക്രിസ്റ്റീന തെക്കേമുറിയിൽ | - മാട്ടറ |
| | III | ഡെൽന മൂലക്കാട്ട് | - വട്ട്യറ |

**18. ഫാ. ജോസഫ് മാലിപ്പറമ്പിൽ പ്രസംഗമത്സര വിജയികൾ**

| | | |
|---|---|---|
| I | തെരേസ ശൗര്യാംതടത്തിൽ | - ചരൾ |
| II | ലിയ മേരി തുളുശ്ശേരിയിൽ | - നെല്ലിക്കുറ്റി |
| III | അലക്സിയ കിഴക്കേടത്ത് | - ആര്യപ്പറമ്പ |
| III | ആൻ മെറിൻ മമ്പള്ളിക്കുന്നേൽ | - ജോസ്ഗിരി |

**19. അഭിനന്ദനങ്ങൾ**

ആർപ്പുക്കരയിൽ വച്ച് നടന്ന ചെറുപുഷ്പ മിഷൻലീഗ് സ്ഥാപക ഡയറക്ടർ ഫാ. ജോസഫ് മാലിപ്പറമ്പിൽ ചരമ രജത ജൂബിലി സ്മാരക പ്രസംഗ മത്സരത്തിൽ സംസ്ഥാന തലത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കിയ ചരൾ ഇടവകാംഗമായ തെരേസ ശൗര്യാംതടത്തിലിന് അതിരൂപത കുടുംബത്തിന്റെ അഭിനന്ദനങ്ങളും ആശംസകളും...

**20. ഹൃദയം നിറഞ്ഞനന്ദി**

കർമ്മ നിരതമായ പ്രവർത്തന ശൈലിയിലൂടെ, ത്യാഗനിർഭരമായ സേവനത്തിലൂടെ കൃത്യനിഷ്ഠയോടും, ആത്മാർത്ഥതയോടും, തീക്ഷ്ണതയോടും കൂടെ ചെറുപുഷ്പ മിഷൻലീഗ് പ്രവർത്തനങ്ങൾക്ക് വെള്ളരിക്കുണ്ട് മേഖലയിൽ നേതൃത്വം നൽകി. ഉപരി പഠനത്തിനുപോയ ആൽഫിൻ ചെറുശ്ശേരി അച്ചന് അതിരൂപത കുടുംബത്തിന്റെ ഹൃദ്യമായ നന്ദിയും ആശംസകളും...

**21. സെമിനാറുകൾ, ക്ലാസ്സുകൾ**

- 25.08.2024 ന് നെല്ലിക്കാംപൊയിൽ ശാഖയിൽ ഡയറക്ടർ സെമിനാർ നടത്തി.

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
*ഡയറക്ടർ*

## തിരുബാലസഖ്യം

സ്നേഹ ബഹുമാനപ്പെട്ട അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

പരിശുദ്ധ അമ്മയുടെ മദ്ധ്യസ്ഥം പ്രത്യേകം യാചിക്കേണ്ട മാസമല്ലോ ഈ മാസം. അമ്മയുടെ സംരക്ഷണവും അനുഗ്രഹവും ലഭിക്കുവാനായി കൂടുതൽ ജപമാല ചൊല്ലി പ്രാർത്ഥിക്കുവാൻ കൊച്ചുകൂട്ടുകാരെല്ലാവരും ശ്രദ്ധിക്കുമല്ലോ.

അനുസ്മരിക്കുന്ന തിരുനാൾ : വി. കൊച്ചുത്രേസ്യായുടെ തിരുനാൾ
അനുസ്മരിക്കുന്ന വിശുദ്ധർ : വി. അമ്മത്രേസ്യാ, കാവൽ മാലാഖ
പ്രാർത്ഥനാനിയോഗം : എല്ലാ അമ്മമാർക്കും വേണ്ടി
സുകൃതംജപം : ഈശോയെ ഞാൻ നിന്നെ സ്നേഹിക്കുന്നു.
വചനം : നിങ്ങൾ എന്നിൽ വസിക്കുവിൻ ഞാൻ നിങ്ങളിലും വസിക്കും (വി. യോഹ. 15:4)
പ്രവൃത്തി : 10 ദിവസത്തെ വി. കുർബാനയിലും കൊന്തനമസ്ക്കാരത്തിലും കുട്ടികളെ പങ്കെടുപ്പിക്കുക; ജപമാലചൊല്ലാൻ കുട്ടികളെ പഠിപ്പിക്കുക.
മനപാഃമാക്കുക : ജപമാല കാണാതെ ചൊല്ലാൻ കുട്ടികളെ പഠിപ്പിക്കുക.
എയ്ഞ്ചൽസ് ബീറ്റ്സ് : ശാഖാ തലത്തിൽ വചനം പറയൽ മത്സരം നടത്തുക.

### 1. ശാഖകൾ ശ്രദ്ധിക്കാൻ

1 ചൊവ്വ : വി. കൊച്ചുത്രേസ്യായുടെ തിരുനാൾ,
2 ബുധൻ : കാവൽമാലാഖമാരുടെ തിരുനാൾ
4 വെള്ളി : വി. ഫ്രാൻസീസ് അസ്സീസിയുടെ തിരുനാൾ
15 ചൊവ്വ : വി. അമ്മത്രേസ്യായുടെ തിരുനാൾ
20 ഞായർ : മിഷൻ ഞായർ
31 വ്യാഴം : ജപമാലമാസ സമാപനം

**2. ഈശോയെപ്പോലെ എളിമയിൽ വളരാം...**

ഈ മാസം നമുക്ക് ഈശോയെപ്പോലെ എളിമയിൽ വളരാം എന്ന മൂന്നാം അധ്യായം പഠിക്കാം. ഈശോ മാതാപിതാക്കൾക്ക് വിധേയനായി എളിമയിൽ ആണ് ജീവിച്ചത്. തന്നേക്കാൾ മുതിർന്നവരോട് ഈശോ എളിമയോടെ ബഹുമാനപൂർവ്വം പെരുമാറിയിരുന്നു. ജീവിതകാലത്ത് ഉണ്ടായ സഹനങ്ങൾ എളിമയോടെ സ്വീകരിച്ചു. കൂട്ടുകാരെ, നമുക്കും ഈശോയെപ്പോലെ എളിമയോടെ മറ്റുള്ളവർക്ക് വിധേയപ്പെട്ട് ജീവിക്കാം.

**3. നിറം കൊടുക്കാമോ?**

പ്രിയ കൂട്ടുകാരെ, ഈശോയെപ്പോലെ എളിമയുള്ളവരാകാം എന്ന മൂന്നാം അധ്യായത്തിലെ പേജ് 17 ലെ ചിത്രം ക്രയോൺസ് ഉപയോഗിച്ച് മനോഹരമായി കളർചെയ്ത് ഏറ്റവും നല്ല 3 എണ്ണം ഒക്ടോബർ 20 ന് മുമ്പ് അതിരൂപതയിലേക്ക് അയച്ച് തരുമല്ലോ.

**4. നിങ്ങൾക്കറിയാമോ?**

പ്രിയ കൂട്ടുകാരെ, ഈശോയെപ്പോലെ എളിമയുള്ളവരാകാം എന്ന മൂന്നാം അധ്യായത്തിലെ പേജ് 18 ലെ നിങ്ങൾക്കറിയാമോ? എന്ന ചിത്രം പൂരിപ്പിച്ച് നല്ല 3 എണ്ണം ഒക്ടോബർ 20 ന് മുമ്പ് അതിരൂപതയിലേക്ക് അയച്ച് തരുമല്ലോ.

**5. ശാഖാ സന്ദർശനങ്ങൾ**

**ഒക്ടോബർ മാസം അതിരൂപതാതല ശാഖാ സന്ദർശനം നടത്തുന്ന മേഖലകൾ**

അതിരൂപതാ ഭാരവാഹികൾ ഒക്ടോബർ മാസം ചെമ്പന്തൊട്ടി (ഒക്ടോബർ - 6), തളിപ്പറമ്പ് (ഒക്ടോബർ-13), വായാട്ടുപ്പറമ്പ് (ഒക്ടോബർ - 20), ആലക്കോട് (ഒക്ടോബർ-27), എന്നീ മേഖലകളിലെ ശാഖകൾ സന്ദർശിക്കുന്നതാണ് എന്നകാര്യം ഓർമ്മപ്പെടുത്തുന്നു.തിരുബാലസഖ്യം ആനിമേറ്റേഴ്സ് അന്നേ ദിവസം തിരുബാലസഖ്യം റെക്കോഡുകൾ കൃത്യമായി എഴുതി സൂക്ഷിക്കുകയും ശാഖകളിൽ വേണ്ട ക്രമീകരണങ്ങൾ ചെയ്യുവാൻ ശ്രദ്ധിക്കുകയും ചെയ്യുമല്ലോ.

**6. നിറംകൊടുക്കാമോ? സെപ്റ്റംബർ മാസത്തെ വിജയികൾ**

I ഇഷാൻ ജോസഫ് - നെല്ലിയടുക്കം
II ഒലിവർ പുത്തൻപുര - കീഴ്പ്പള്ളി
III അലോഷ് മുറുകുറ്റിക്കൽ - നീലേശ്വരം

**7. നിങ്ങൾക്കറിയാമോ ? സെപ്റ്റംബർ മാസത്തെ വിജയികൾ**

I ഐവൻ പരുതേപതിക്കൽ - പെരിങ്ങാല
II തെരേസ ജോർജ്ജ് മണ്ണഞ്ചേരി - പാലാവയൽ
III എൻസാൻട്രിയ ചൂരക്കുന്നേൽ - പരപ്പ

# എയ്ഞ്ചൽസ് ഫെസ്റ്റ് 2024 –25 (കലോത്സവം)

## പൊതുവായ നിർദ്ദേശങ്ങൾ

1) മത്സര ഇനങ്ങൾ – പ്രസംഗം, സംഗീതം, കഥ, വചനം തിരുവചനം, കഥാ പ്രസംഗം, സിഗിൾ ഡാൻസ്, ഗ്രൂപ്പ് ഡാൻസ്, ജറുസലേം ക്വിസ്, സ്കിറ്റ്.
2) പ്രസംഗം, സംഗീതം, കഥ, വചനം തിരുവചനം, കഥാപ്രസംഗം, സിഗിൾ ഡാൻസ് എന്നീ ഇനങ്ങൾ വ്യക്തിഗതമായിരിക്കും.
3) ഗ്രൂപ്പ് ഡാൻസ്, ജറുസലേം ക്വിസ്, സ്കിറ്റ് എന്നീ ഇനങ്ങൾ ഗ്രൂപ്പ് ആയിരിക്കും.
4) ഒരു കുട്ടിക്ക് ഒരു വ്യക്തിഗത ഇനത്തിലും ഒരു ഗ്രൂപ്പ് ഇനത്തിലും പങ്കെടുക്കാവുന്നതാണ്.
5) 50 കുട്ടികളിൽ താഴെയുള്ള ശാഖകൾക്ക് ഒരു കുട്ടിക്ക് 2 വ്യക്തിഗത ഇനത്തിലും 1 ഗ്രൂപ്പ് ഇനത്തിലും പങ്കെടുക്കാവുന്നതാണ്.
6) പ്രസംഗം, സംഗീതം, കഥ,വചനം തിരുവചനം, എന്നീ ഇനങ്ങളിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും മത്സരിക്കാം. കഥാപ്രസംഗം ആൺകുട്ടികൾക്ക് മാത്രവും സിംഗിൾ ഡാൻസ് പെൺകുട്ടികൾക്കുമായിരിക്കും
7) മേഖലാ മത്സരത്തിൽ വ്യക്തിഗത ഇനത്തിൽ ഒന്നാം സ്ഥാനം കിട്ടുന്ന ആൺകുട്ടിക്കും, പെൺകുട്ടിക്കും അതുപോലെ തന്നെ ഗ്രൂപ്പിനത്തിൽ ഒന്നാം സ്ഥാനം കിട്ടുന്ന ടീമിനും അതിരൂപതാമത്സരത്തിൽ പങ്കെടുക്കാവുന്നതാണ്.
8) ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ ലഭിക്കുന്ന മേഖലകൾക്ക് ട്രോഫിയും ക്യാഷ് അവാർഡും നൽകുന്നതായിരിക്കും.
9) മേഖലാ വിജയികളായവരുടെ ലിസ്റ്റ് അതിരൂപതയിൽ നിന്ന് നൽകുന്ന ഫോമിൽ കൃത്യമായി പൂരിപ്പിച്ച് ഡിസംബർ 30 ന് അതിരൂപതാ ഓഫീസിൽ എത്തിക്കുമല്ലോ.
7) എന്തെങ്കിലും സംശയം ഉള്ളവർക്ക് അതിരൂപതാ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.
8) അതിരൂപതാ എയ്ഞ്ചൽസ് ഫെസ്റ്റ് 2024 ജനുവരി 11 ശനിയാഴ്ച ആയിരിക്കും. സ്ഥലവും, സമയവും മറ്റ് കാര്യങ്ങളും പിന്നീട് അറിയിക്കുന്നതായിരിക്കും.

### പ്രസംഗം

- പ്രസംഗം സമയം – 4 മിനുട്ട്
- വിഷയം – ദിവ്യകാരുണ്യം എന്റെ ജീവിതത്തിന്റെ കേന്ദ്രം.
- വിഷയാധിഷ്ഠിതമായിരിക്കണം, ആശയ സ്ഫുടത, അക്ഷര സ്ഫുടത,

ഭാഷാശുദ്ധി, സഭാകമ്പമില്ലാതെ സംസാരിക്കാനുള്ള കഴിവ്, സന്ദർഭോചിത ശബ്ദനിയന്ത്രണം തുടങ്ങിയവ പരിഗണിക്കന്നതായിരിക്കും.

- ആൺ കുട്ടികൾക്കും പെൺ കുട്ടികൾക്കും പ്രത്യേക മത്സരമായിരിക്കും.

**സംഗീതം**

- ക്രിസ്തീയ ഭക്തിഗാനങ്ങളേ ആലപിക്കാവൂ.സിനിമാഗാനം അനുവദനീയമല്ല.
- പാട്ടിന്റെ പല്ലവി, അനുപല്ലവി, വീണ്ടും പല്ലവി പാടി അവസാനിപ്പിക്കുന്നു.
- അവതരണം, താളം, ശ്രുതി, ലയം തുടങ്ങിയവ പ്രത്യേകം പരിഗണിക്കപ്പെടും.
- കരോക്കെ, മൈക്ക് മറ്റ് മ്യൂസിക് ഇൻസ്ട്രമെൻസ് ഇവ അനുവദനീയമല്ല.
- ആൺ കുട്ടികൾക്കും പെൺ കുട്ടികൾക്കും പ്രത്യേക മത്സരമായിരിക്കും. കാണാതെ പഠിച്ച് പാടേണ്ടതാണ്.
- ക്ലാസിക്കൽ ഗാനങ്ങൾ അനുവദനീയമല്ല. സെമി ക്ലാസിക്കൽ ഗാനങ്ങളാകാം. ഹമ്മിംഗ് ആകാം. സ്വരങ്ങൾ പാടാം.

**കഥ**

- ഏതെങ്കിലും വിശുദ്ധരുടെ ജീവിതത്തെയോ, ബൈബിൾ കഥാപാത്രത്തെയോ ആസ്പദമാക്കിയുള്ളതായിരിക്കണം.
- സമയം - 4 മിനുട്ട്
- വിഷയാവതരണം, ആംഗ്യം, ഭാവം, മോഡുലേഷൻ, സന്ദേശം തുടങ്ങിയവ പ്രത്യേകം പരിഗണിക്കുന്നതായിരിക്കും.
- ആൺ കുട്ടികൾക്കും പെൺ കുട്ടികൾക്കും പ്രത്യേക മത്സരമായിരിക്കും.

**വചനം തിരുവചനം**

- വർക്ക്ബുക്കിൽ ഓരോ അദ്ധ്യായത്തിലും കൊടുത്തിരിക്കുന്ന വചനമാണ് പഠിക്കേണ്ടത്.
- സമയം 3 മിനിറ്റ്
- ആൺ കുട്ടികൾക്കും പെൺ കുട്ടികൾക്കും പ്രത്യേക മത്സരമായിരിക്കും.
- ക്വിസ് മാസ്റ്റർ പദം പറയുമ്പോൾ മത്സരാർത്ഥി വചനം മുഴുവനും പറയുകയും ബൈബിളിലെ ഏത് പുസ്തകത്തിൽ നിന്നാണെന്ന് കൂടി പറയുകയും വേണം.
- ശരിയുത്തരം പറഞ്ഞാൽ 1 മാർക്ക് ഭാഗികമായി പറഞ്ഞാൽ മാർക്കില്ല.
- ഉദാ: ക്വിസ് മാസ്റ്റർ കരുണ, സ്നേഹം എന്നിങ്ങനെ പദം പറയുമ്പോൾ മത്സരാർത്ഥി ഈ പദം കൂട്ടി വരുന്ന വചനം മുഴവനും പുസ്തകവും പറയുക.

**കഥാപ്രസംഗം**

- വിഷയം - ബൈബിൾ അധിഷ്ഠിതമായിരിക്കണം

- സമയം 10 മിനിറ്റ്
- ആൺ കുട്ടികൾക്ക് മാത്രമായിരിക്കും മത്സരം
- കരോക്കെ, മൈക്ക് മറ്റ് മ്യൂസിക് ഇൻസ്ട്രമെൻസ് ഇവ അനുവദനീയമല്ല.
- വിഷയാധിഷ്ഠിതമായിരിക്കണം, ആശയ സ്ഫുടത, അക്ഷര സ്ഫുടത, ഭാഷാശുദ്ധി, സഭാകമ്പമില്ലാതെ സംസാരിക്കാനുള്ള കഴിവ്, സന്ദർഭോചിത ശബ്ദനിയന്ത്രണം, ഭാവാഭിനയം, സംഗീതം, അവതരണ ശൈലി തുടങ്ങിയവ പരിഗണിക്കുന്നതായിരിക്കും.

**സിംഗിൾ ഡാൻസ്**

- ക്രിസ്തീയ ഭക്തി ഗാനങ്ങളെ ഉപയോഗിക്കാവൂ.
- സമയം 5 മിനിറ്റ്
- പെൺകുട്ടികൾക്ക് മാത്രമായിരിക്കും മത്സരം
- ഡാൻസിന് ചേർന്ന ഡ്രസ്സ്, മേക്കപ്പ് എന്നിവ പ്രത്യേകം പരിഗണിക്കുന്നതാണ്.
- താളം, ഭാവം, അഭിനയം, പാട്ട്, അടവുകൾ എന്നിവ പ്രത്യേകം പരിഗണിക്കുന്നതാണ്.

**ജറുസലേം ക്വിസ്സ്**

- **പഠനഭാഗം :** വി. മർക്കോസ് 1,14,15 അദ്ധ്യായങ്ങൾ,
  വി. ലൂക്കാ 12,14,15,18,19 അദ്ധ്യായങ്ങൾ
  വി. യോഹന്നാൻ 2,3,14,15 അദ്ധ്യായങ്ങൾ
  കൂടാതെ വി. മർക്കോസ്, വി. ലൂക്കാ, വി. യോഹന്നാൻ
  എന്നീ സുവിശേഷങ്ങളുടെ ആമുഖം
- 2 പേർ അടങ്ങിയ ടീം (ആൺ പെൺ വിത്യാസം ഇല്ല)
- ഒരു ഇടവകയ്ക്ക് ഒരു ടീം മാത്രം. രണ്ടു പേരും കൂടി ആലോചിച്ച് ഒരാൾ ഉത്തരം എഴുതുന്നു.
- പ്രൊജക്ടറിൽ ചോദ്യങ്ങൾ കാണിക്കുന്നതായിരിക്കും. അതോടൊപ്പം കുട്ടികൾക്ക് നൽകുന്ന പ്രിന്റ് ചെയ്ത ചോദ്യപേപ്പറിൽ തന്നെയായിരിക്കും ഉത്തരം എഴുതേണ്ടത്.
- വ്യത്യസ്ത ചോദ്യശൈലികൾ – ഒറ്റവാക്കിൽ ഉത്തരം എഴുതുക, പൂരിപ്പിക്കുക, ബ്രായ്ക്കറ്റിൽ നിന്നും തിരഞ്ഞെടുത്ത് എഴുതുക, ശരിയോ തെറ്റോ കണ്ടെത്തുക തുടങ്ങിയ രീതിയിൽ ആയിരിക്കും ചോദ്യങ്ങൾ ഉണ്ടാവുക.

**ഗ്രൂപ്പ് ഡാൻസ്**

- ക്രിസ്തീയ ഭക്തി ഗാനങ്ങളെ ഉപയോഗിക്കാവൂ.
- സമയം 10 മിനിറ്റ്

- ഡാൻസിന് ചേർന്ന   ഒരുപോലുള്ള ഇഷ്ടമുള്ള ഡ്രസ്സ് ധരിക്കാം
- ഡ്രസ്സ്, മേക്കപ്പ് എന്നിവ പ്രത്യേകം പരിഗണിക്കുന്നതാണ്.
- താളം, ചടുലത, അഭിനയം, പാട്ട്, അടവുകൾ, മുഖഭാവം, അഭിനയം, ഗ്രൂപ്പ് തമ്മിലുള്ള യോജിപ്പ് എന്നിവ പ്രത്യേകം പരിഗണിക്കുന്നതാണ്.
- 7പേർ അടങ്ങിയ ഗ്രൂപ്പ ടീം 5 പേരിൽ കുറയാൻ.

**സ്കിറ്റ്**

- ക്രിസ്തീയ ആശയം ഉൾക്കൊള്ളുന്ന ആനുകാലിക പ്രസക്തിയുള്ള ഒരു വിഷയം  ആയിരിക്കണം.
- ബൈബിൾ നാടകമല്ല ഉദ്ദേശിക്കുന്നത്.
- പരമാവധി 10 പേർ അടങ്ങിയ ടീം
- പശ്ചാത്തല സംഗീതം, രംഗസജീകരണം എന്നിവ പാടില്ല.
- സ്റ്റേജിൽ പൊതുവായി ബെഞ്ച്, കസേര എന്നിവ ഉപയോഗിക്കാവുന്ന താണ്.
- കഥാപാത്രത്തിന് ചേർന്ന അടിസ്ഥാന മേക്കപ്പ് ആകാം.
- സമയം – 15 മിനിറ്റ്
- സ്കിറ്റിൽ ഉള്ള കുട്ടികളുടെ ശബ്ദമോ, തിരുബാലസഖ്യത്തിൽ അംഗത്വ മുള്ള കുട്ടികളുടെ ശബ്ദമോ റെക്കോഡ് ചെയ്ത് കൊടുക്കാവുന്നതാണ്.
- മുതിർന്നവരുടെ ശബ്ദം റെക്കോഡ് ചെയ്യാൻ പാടില്ല.
- മികച്ച അഭിനയം കാഴ്ചവെയ്ക്കുന്ന ആൺകുട്ടികൾക്കും പെൺകുട്ടി കൾക്കും പ്രത്യേക സമ്മാനം ഉണ്ടായിരിക്കും.

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
*ഡയറക്ടർ*

# യൂത്ത് അപ്പൊസ്റ്റൊലേറ്റ്

"യൗവനം മുതൽ അവനെ ഞാൻ പിതാവിനെപ്പോലെ പോറ്റു
കയും ജനിച്ചപ്പോൾ മുതൽ നയിക്കുകയും ചെയ്തു".
(ജോബ് 31:18)

സ്നേഹമുള്ള ഡയറക്ടറച്ചന്മാരെ, ആനിമേറ്റേഴ്സ്, യുവജന സുഹൃത്തുക്കളെ,

ജപമാല പ്രാർത്ഥനകളുടെ പുണ്യമാസമായ ഒക്ടോബർ മാസത്തിലേക്ക് നാം പ്രവേശിക്കുകയാണല്ലോ. പരിശുദ്ധ അമ്മയോട് ചേർന്ന് ജപമാല ഭക്തിയിൽ വളരാനും നമ്മുടെ പ്രവർത്തനങ്ങൾ ക്രോഡീകരിക്കാനും ശ്രദ്ധിക്കുമല്ലോ.

**ജപമാലസന്ധ്യ**

കെസിവൈഎം തലശ്ശേരി അതിരൂപതാ സമിതിയുടെ നേതൃത്വത്തിൽ വിവിധ ഫൊറോന കേന്ദ്രങ്ങളിലായി ഒക്ടോബർ മാസത്തിൽ പരിശുദ്ധ അമ്മയോടൊത്ത് ജപമാല ചൊല്ലി പ്രാർത്ഥിക്കുന്ന ഓൺലൈൻ ജപമാലസന്ധ്യ നടത്തപ്പെടുന്നതാണ്.

**ഒക്ടോബർ 2 – ഗാന്ധി ജയന്തി**

ഒക്ടോബർ 2 – ഗാന്ധി ജയന്തി ദിനവുമായി ബന്ധപ്പെട്ട് തലശ്ശേരി അതിരൂപതാ സമിതിയുടെ നേതൃത്വത്തിൽ വിവിധ സ്ഥലങ്ങളിലെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഫൊറോന, യൂണിറ്റ് സമിതികൾ ക്ലീനിംഗ് നടത്തേണ്ടതാണ്.

**32–ാമത് വാർഷിക സമ്മേളനം**

തലശ്ശേരി അതിരൂപത കെസിവൈഎമ്മം 32–ാമത് വാർഷിക സമ്മേളനം തലശ്ശേരി സാൻജോസ് മെട്രോപോളിറ്റൻ സ്കൂളിൽ വച്ച് നടത്തപ്പെട്ടു. സെപ്റ്റംബർ ഒന്നാം തീയതി ഞായറാഴ്ച രാവിലെ 8.30 ന് ആരംഭിച്ച സെനറ്റ് സമ്മേളനത്തിന് അതിരൂപതാ പ്രസിഡന്റ് അഖിൽ ചാലിൽപുത്തൻപുരയിൽ അധ്യക്ഷത വഹിച്ചു. വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി സെനറ്റ് സമ്മേളനം ഉദ്ഘാടനം ചെയ്തു. അതിരൂപത ജനറൽ സെക്രട്ടറി അഖിൽ അയിലൂക്കുന്നേൽ സ്വാഗതവും ഡയറക്ടർ ഫാ. അഖിൽ മുക്കുഴി ആമുഖപ്രഭാഷണവും വൈസ് പ്രസിഡണ്ട് അനു മറ്റത്തിൽ നന്ദിയും പറഞ്ഞു. അതിരൂപതാ

സമിതിയുടെ പ്രോഗ്രാമുകൾ ഏറ്റെടുത്ത് നടത്തിയ വിവിധ ഫൊറോനകളെ ആദരിച്ചു.

19 ഫൊറോനയിലെ റിപ്പോർട്ടുകൾ അവതരിപ്പിച്ചു. തുടർന്ന് അതിരൂപത സമിതിയുടെ റിപ്പോർട്ടും വരവ് ചെലവ് കണക്കുകളും സെനറ്റിൽ അവതരിപ്പിച്ച് പാസാക്കി. ഉച്ചയ്ക്കുശേഷം നടന്ന ഇലക്ഷനിൽ 2024-25 വർഷത്തേക്കുള്ള സമിതിയെ യോഗം തെരഞ്ഞെടുത്തു. ഡയറക്ടർ ഫാ. അഖിൽ മുക്കുഴി തെരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾക്ക് കെസിവൈഎം സംഘടനയുടെ പ്രതിജ്ഞ വാചകം ചൊല്ലിക്കൊടുത്തു. സംഘടനാ ചർച്ച കഴിഞ്ഞ് സമാപന സമ്മേളനത്തോടുകൂടി 32-ാമത് അർദ്ധവാർഷിക സെനറ്റിന് സമാപനം കുറിച്ചു.

## പ്രമേയം അവതരിപ്പിച്ചു

കെസിവൈഎം എസ്എംവൈഎം 32-ാമത് വാർഷിക സെനറ്റ് സമ്മേളനത്തിൽ പ്രമേയം സമർപ്പിച്ചു. പൊതുഅവധി ദിവസങ്ങളിൽ സർക്കാർ നിയന്ത്രണ പരിപാടികൾ ഒഴിവാക്കണം എന്ന വിഷയത്തെ സംബന്ധിച്ച് പേരാവൂർ ഫൊറോന പ്രസിഡന്റ് ജിപിൻ ജെയ്സൺ പ്രമേയം അവതരിപ്പിച്ചു.

## ബെസ്റ്റ് ഫൊറോന അവാർഡ്

2023-24 സമിതിയുടെ ആറുമാസക്കാലത്തെ റിപ്പോർട്ടുകൾ പഠിച്ചതിനുശേഷം ബെസ്റ്റ് ഫൊറോനാ അവാർഡുകൾ പ്രഖ്യാപിച്ചു. അവാർഡുകൾക്ക് അർഹരായ ചെറുപുഴ, എടൂർ, വെള്ളരിക്കുണ്ട് ഫൊറോനകൾക്ക് അഭിനന്ദനങ്ങൾ.

## തലശ്ശേരി അതിരൂപത കെ സി വൈ.എം 2024 - 2025 വർഷത്തെ ഭാരവാഹികൾ

കെ.സി.വൈ.എം. തലശ്ശേരി അതിരൂപതയുടെ 2024-25 പ്രവർത്തന വർഷത്തെ ഭാരവാഹികളെ തെരഞ്ഞെടുത്തു. പ്രസിഡന്റായി ചെമ്പേരി ഫൊറോനാംഗം ജോയൽ പുതുപ്പറമ്പിൽ തെരെഞ്ഞെടുക്കപ്പെട്ടു. ജനറൽ സെക്രട്ടറിയായി അബിൻ വടക്കേക്കര (നെല്ലിക്കാംപൊയിൽ) തെരെഞ്ഞെടുക്കപ്പെട്ടു. വൈസ് പ്രസിഡന്റുമാരായി ബിബിൻ പീടികയ്ക്കൽ (എടൂർ ഫൊറോനാ), ഗ്ലോറിയ കൂനാനിക്കൽ (ചെമ്പന്തൊട്ടി ഫൊറോന), സെക്രട്ടറിമാരായി അഖിൽ നെല്ലിക്കൽ (ചെറുപുഴ ഫൊറോന), അപർണ കാഞ്ഞിരക്കാട്ടുകുന്നേൽ (ആലക്കോട് ഫൊറോന), ട്രഷറർ എമിൽ നെല്ലംകുഴി (തോമാപുരം ഫൊറോന) എന്നിവരേയും കൗൺസിലർമാരായി സോന ചിറയിൽ (കുന്നോത്ത് ഫൊറോന), ജോയൽ പടിഞ്ഞാറേടം (മേരിഗിരി ഫൊറോന) സ്റ്റേറ്റ് സിൻഡിക്കേറ്റുകളായി വിപിൻ മാറുകാട്ടുകുന്നേൽ (പേരാവൂർ), റോസ് തോട്ടത്തിൽ (പനത്തടി) എന്നിവരെ തെരെഞ്ഞെടുക്കപ്പെട്ടു.

## ഹൃദയം നിറഞ്ഞ നന്ദിയോടെ...

തലശ്ശേരി അതിരൂപത കെസിവൈഎമ്മിനെ 2023-24 വർഷക്കാലം ധീരമായി നയിച്ച അഖിൽ ചാലിൽപുത്തൻപുരയുടെ നേതൃത്വത്തിലുള്ള സമിതിക്ക് ഹൃദയംഗമമായ നന്ദി അറിയിക്കുന്നു. വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങളിലൂടെയും അടിയുറച്ച നിലപാടുകളിലൂടെയും യുവജന പ്രസ്ഥാനത്തിന്റെ നന്മയെ വരച്ചു കാണിക്കുവാൻ സമിതിക്ക് സാധിച്ചു. പള്ളി മുറ്റം, എന്റെ അമ്മയ്ക്കരികെ, മനസ്സിൽ ഒരു പുൽക്കൂട്, ചിരിക്കട്ടെ അവർ നമ്മളിലുടെ, പുറപ്പാട്, തലശ്ശരി യൂത്ത് കോൺഫറൻസ്, കുരിശുമല തീർത്ഥാടനം, ചെമ്പേരിയിൽ വച്ച് നടന്ന യുവജന സംഗമം, ചരിത്രത്തിന്റെ ഭാഗമായ ഇരിട്ടിയിൽ വച്ച് നടന്ന ബോൺ നത്താലേ ക്രിസ്തുമസ്സ് പാപ്പാസംഗമവും വ്യത്യസ്തങ്ങളായ ക്യാമ്പുകളും, ദിനാചരണങ്ങളും പ്രതിഷേധ പ്രകടനങ്ങളും ഈ സമിതിയുടെ എടുത്തു പറയേണ്ട പ്രധാനപ്പെട്ട പ്രവർത്തനങ്ങളാണ്. തങ്ങളുടെ സമയവും സാഹചര്യവും അതിരൂപത യുവജന പ്രസ്ഥാനത്തിന് സമർപ്പിച്ച എല്ലാവരെയും അഭിമാനത്തോടും നന്ദിയോടും ഓർക്കുന്നു.

ജനറൽ സെക്രട്ടറിയായിരുന്ന അഖിൽ അയിലൂക്കുന്നേൽ, ട്രഷറർ എബിൻ കാഞ്ഞിരത്തിങ്കൽ വൈസ് പ്രസിഡന്റുമാരായ റോണിറ്റ് പള്ളിപറമ്പിൽ, അനു മറ്റത്തിൽ സെക്രട്ടറിമാരായിരുന്ന സിന്റോ അഗസ്റ്റ്യൻ, റോസ് തോട്ടത്തിൽ കൗൺസിലർമാരായ സാന്ദ്ര ബെന്നി, ജിയോൺ ടോം സംസ്ഥാന സിൻഡിക്കേറ്റ് അംഗങ്ങളായിരുന്ന നിഖിൽ സാബു, സോണിയ അഗസ്റ്റ്യൻ തുടങ്ങിയ എല്ലാവരെയും അതിരൂപതാ സമിതി നന്ദിയോടെ ഓർക്കുന്നു...

## വിമല നക്ഷത്രം

കെസിവൈഎം എസ്എംവൈഎം 2024-2025 തലശ്ശരി അതിരൂപത സമിതിയുടെ ജൈത്രയാത്രയുടെ തുടക്കമായ ജപമാലസന്ധ്യ ചെമ്പേരി ഫൊറോനയുടെ ആതിഥേയത്വത്തിൽ ചെമ്പേരി ബസിലിക്ക ദൈവാലയത്തിൽ വച്ചു നടന്നു. ബസിലിക്ക റെക്ടർ വെരി. റവ. ഡോ. ജോർജ് കാഞ്ഞിരക്കാട്ട് വചന സന്ദേശം നൽകി. ഫൊറോന ഡയറക്ടർ ഫാ. വിപിൻ ആനചാരി ജപമാലയ്ക്കും ആരാധനയ്ക്കും നേതൃത്വം നൽകി. ചെമ്പേരി ഫൊറോന പ്രസിഡന്റ് അശ്വതിയ്ക്കും ഫൊറോന ഡയറക്ടർ ഫാ. വിപിൻ ആനചാരിയ്ക്കും ഫൊറോന, യൂണിറ്റ് തലങ്ങളിലെ ഭാരവാഹികൾ എല്ലാവർക്കും, മനോഹരമായി എല്ലാം ക്രമീകരിച്ച യുവജന സഹോദരങ്ങൾക്കും ഹൃദയം നിറഞ്ഞ നന്ദി.

## നിമിഷ അനുസ്മരണം

മണ്ഡപത്ത് വച്ചു നടന്ന നിമിഷ അനുസ്മരണത്തിൽ അതിരൂപത പ്രസിഡന്റ് ജോയൽ പുതുപ്പറമ്പിൽ അതിരൂപത ഡയറക്ടർ ഫാ. അഖിൽ

മുക്കുഴി ജനറൽ സെക്രട്ടറി അബിൽ വടക്കേക്കര വൈസ് ഡയറക്ടർ സി. ജോസ്ന റോസ് എന്നിവർ പങ്കെടുത്തു.

## ചുവട് 2k24

കെസിവൈഎം, എസ്എംവൈഎം 2024-25 സമിതിയുടെ പ്രവർത്തന വർഷ ഉദ്ഘാടനം **ചുവട് 2k24** പൈസക്കരി ഫൊറോനയുടെ ആതിഥേയത്വത്തിൽ ചന്ദനക്കാംപാറയിൽ വച്ചു നടന്നു. തലശ്ശേരി അതിരൂപത മെത്രാപ്പോലീത്ത മാർ ജോസഫ് പാംപ്ലാനി പിതാവ് ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. അതിരൂപതാ പ്രസിഡന്റ് ജോയൽ പുതുപ്പറമ്പിൽ അധ്യക്ഷപദവും ഡയറക്ടർ ഫാ. അഖിൽ മുക്കുഴി ആമുഖപ്രഭാഷണവും നടത്തി. പൈസക്കരി ഫൊറോന പ്രസിഡന്റ് സിന്റോ തറപ്പിലിനും ഫൊറോന ഡയറക്ടർ ഫാ. ടോണി കുന്നത്തിനും പരിപാടിക്ക് ആവശ്യമായ സ്ഥലവും മറ്റെല്ലാ സഹായസഹകരണങ്ങളും ചെയ്തുതന്ന ബഹു. ജോസഫ് ചാത്തനാട്ട് അച്ചനും പ്രവർത്തനവർഷ ഉദ്ഘാടനത്തിലേക്ക് യുവജന പ്രവർത്തകരോടോപ്പം കടന്നുവന്ന 19 ഫൊറോന പ്രസിഡന്റുമാർക്കും പരിപാടി എറ്റവും വിജയകരമാക്കാൻ അധ്വാനിച്ച പൈസക്കരി ഫൊറോന സമിതി അംഗങ്ങൾക്കും എല്ലാ യുവജന സുഹൃത്തുക്കൾക്കും കെസിവൈഎം തലശ്ശേരി അതിരൂപത യുവജന കുടുംബത്തിന്റെ നന്ദി.

### ലോഗോ പ്രകാശനം

കെസിവൈഎം 2024-25 സമിതിയുടെ പ്രവർത്തന ലോഗോ തലശ്ശരി അതിരൂപത മെത്രാപ്പോലീത്ത മാർ ജോസഫ് പാംപ്ലാനി പിതാവ് പ്രകാശനം ചെയ്തു.**'ദിശ'**എന്നതാണ് ഈ വർഷത്തെ പ്രവർത്തന ലോഗോ. 'ഇനി അവർ നയിക്കട്ടെ' എന്നതാണ് പ്രവർത്തന വർഷത്തിന്റെ തീം. ചരിത്ര പുരുഷനായ ക്രിസ്തുവിന്റെ കാലടികളെ പിഞ്ചെന്ന് പുതിയ ചരിത്രത്തിന്റെ ഏടുകൾ രചിക്കുവാൻ കെസിവൈഎം വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങളുമായി ഈ വർഷത്തെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു.

### കെസിവൈഎം 2023-24 സമിതിക്ക് ആദരം

2023-24 സമിതിയെ മുന്നോട്ട് നയിച്ച ബഹു. പ്രസിഡണ്ട് ശ്രീ. അഖിൽ ചാലിൽപുത്തൻപുരയുടെ നേതൃത്വത്തിലുള്ള അതിരൂപത സമിതിക്ക് മെമെന്റോ നൽകി ആദരിച്ചു.

### ഫൊറോന പ്രസിഡന്റുമാർക്ക് ആദരം

2023-24 സമിതിയിൽ ഫൊറോന പ്രസിഡന്റുമാരായി സേവനം ചെയ്ത എല്ലാ യുവജന നേതാക്കളെയും മെമെന്റോ നൽകി ആദരിച്ചു.

## സംയുക്ത സിൻഡിക്കേറ്റ് - ഒക്ടോബർ 12

കെസിവൈഎം 2024-25 സമിതിയുടെ സംയുക്ത സിൻഡിക്കേറ്റ് സമ്മേളനം **ഒക്ടോബർ 12** ശനിയാഴ്ച തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെടും. ഫൊറോന പ്രസിഡന്റുമാർ, ബഹു. ഫൊറോന ഡയറക്ടറച്ചന്മാർ, ആനിമേറ്റർമാർ എന്നിവർ അതിരൂപതാ സമിതിയോടൊപ്പം യോഗത്തിൽ പങ്കെടുക്കും. വർഷത്തിലൊരിക്കൽ മാത്രം നടക്കുന്ന ഈ സംയുക്ത സിൻഡിക്കേറ്റിൽ അംഗങ്ങളായിട്ടുള്ളവർ നിർബന്ധമായും ഈ ഒരു മീറ്റിംഗിൽ പങ്കെടുക്കണമെന്ന് ഓർമിപ്പിക്കുന്നു. ഉച്ചഭക്ഷണത്തോടെ സമ്മേളനം അവസാനിക്കും.

### അഭിനന്ദനങ്ങൾ

തലശ്ശേരി അതിരൂപതയുടെ 2024-25 വർഷത്തെ വനിത സിൻഡിക്കേറ്റുകളായി തെരെഞ്ഞെടുക്കപ്പെട്ട ശ്രേയ ശ്രുതിനിലയം (കാസറഗോഡ്) നിമ്മി ബാബു (തളിപ്പറമ്പ) ഓഡിറ്റർമാരായി തെരഞ്ഞെടുക്കപ്പെട്ട അമൽ പേഴുംകാട്ടിൽ (വെള്ളരിക്കുണ്ട്) ജോവാൻ കുറ്റിയാനിക്കൽ (വായാട്ടുപറമ്പ) എന്നിവർക്ക് കെ.സി.വൈ.എം. തലശ്ശേരി അതിരൂപത യുവജന കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

## ഫൊറോന വാർത്തകൾ

- കെസിവൈഎം, എസ്എംവൈഎം **ചെറുപുഴ ഫൊറോന**യുടെ ആഭിമുഖ്യത്തിൽ കാസർഗോഡ് ഫൊറോനയുടെ ഡയറക്ടറായിരുന്ന ഷിൻസ് കുടിലിൽ അച്ചന്റെ സ്മരണാർത്ഥം ആരംഭിക്കുന്ന 'ഓർമയ്ക്കായി ഒരു നേരം' എന്ന പദ്ധതിയുടെ ലോഗോ പ്രദർശനം തലശ്ശേരി അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് പ്രകാശനം ചെയ്തു. പദ്ധതിയുടെ ആദ്യചുവടുവെയ്പ്പായി ചട്ടിവയൽ സ്നേഹ ഭവനിലെ പ്രിയപ്പെട്ടവർക്കായി ഭക്ഷണം വിതരണം ചെയ്യുകയും ചെയ്തു.
- കെസിവൈഎം, എസ്എംവൈഎം **ചെമ്പേരി ഫൊറോന**യുടെ നേതൃത്വത്തിൽ അധ്യാപക ദിനത്തോടനുബന്ധിച്ച് വിശ്രമജീവിതം നയിക്കുന്ന അധ്യാപക ദമ്പതികളുടെ ഭവനത്തിൽ ഫൊറോന സമിതി അംഗങ്ങൾ എത്തിച്ചേരുകയും അവരെ ആദരിക്കുകയും ചെയ്തു. ഓണത്തോടനുബന്ധിച്ച് ഫാമിലി സ്നാപ്പ് ഓണം ഫാമിലി ഫോട്ടോഗ്രഫി കോണ്ടെസ്റ്റ് ചെമ്പേരി ഫൊറോനയിലെ യുവജനങ്ങൾക്കായി നടത്തപ്പെട്ടു.
- കെസിവൈഎം, എസ്എംവൈഎം **വെള്ളരിക്കുണ്ട് ഫൊറോന**യുടെ ആഭിമുഖ്യത്തിൽ അധ്യാപക ദിനത്തോടനുബന്ധിച്ച് ബിരിക്കുളം

സവി സ്നേഹാലയ സ്പെഷ്യൽ സ്കൂളിലെ അധ്യാപകരെ ആദരിച്ചു. മാതാവിന്റെ ജനനത്തിരുനാളിനോടനുബന്ധിച്ച് ബിരിക്കുളം സവി സ്നേഹാലയ സ്പെഷ്യൽ സ്കൂളിലെ കുട്ടികളോടൊപ്പം ചിലവഴിക്കുകയും ഒരു നേരത്തെ ഭക്ഷണം നൽകുകയും ചെയ്തു. ഇരുന്നൂറോളം അന്തേവാസികൾ താമസിക്കുന്ന അമ്പലത്തറ സ്നേഹാലയത്തിലേക്ക് ഓണം ആഘോഷിക്കാൻ ഭക്ഷ്യസാധനങ്ങൾ ഉൾപ്പെടെയുള്ള ആവശ്യസാധനങ്ങൾ നൽകുകയും ചെയ്തു.

- കെസിവൈഎം, എസ്എംവൈഎം **മാലോം ഫൊറോന** കരൾമാറ്റ ശസ്ത്രക്രിയയ്ക്കായി പണം കണ്ടെത്താൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്ന ഒരു സഹോദരനുവേണ്ടി തുക സമാഹരിച്ചു നൽകുകയും പണം സമാഹരണത്തിനായി നടത്തിയ ബിരിയാണി ചലഞ്ചിൽ അറുപതോളം യുവജനങ്ങൾ പങ്കാളികളാവുകയും ചെയ്തു. ഒപ്പമോരോണം - ഓണാഘോഷം ചുള്ളി ജീവൻജ്യോതി ആശ്രമത്തിലെ അന്തേവാസികളോടോപ്പം ആഘോഷിച്ചു. ആശ്രമത്തിലേക്ക് ആവശ്യമായ പലചരക്ക് സാധനങ്ങളും അന്തേവാസികൾക്ക് ഓണക്കോടിയും കൈമാറി.
- കെസിവൈഎം, എസ്എംവൈഎം **ആലക്കോട് ഫൊറോന**യുടെ ആഭിമുഖ്യത്തിൽ അരിവിളഞ്ഞപൊയിൽ സാൻതോം ഇംഗ്ലീഷ് മീഡിയം സ്കൂളിൽ വച്ച് അധ്യാപകദിനം ആചരിച്ചു. വയോധികരോടോപ്പം നെല്ലിപ്പാറയിൽ വച്ച് ഓണം ആഘോഷിച്ചു. താബോർ സ്നേഹഭവൻ വൃദ്ധമന്ദിരം സന്ദർശിച്ചു അവിടെയുള്ളവർക്കു ഭക്ഷണം കൊടുക്കുകയും അവരോടൊപ്പം ചെലവഴിക്കുകയും ചെയ്തു. അരിവിളഞ്ഞപൊയിൽ യൂണിറ്റിലുള്ള ഒരു കെസിവൈഎം സുഹൃത്തിന്റെ ചികിത്സ സഹായത്തിനുവേണ്ടി ബിരിയാണി ഫെസ്റ്റ് നടത്തുകയും മൂന്ന് ലക്ഷത്തോളം രൂപ സമാഹരിച്ചു നൽകുകയും ചെയ്തു.

## നൈറ്റ് വിജിൽ

ഫൊറോന തലത്തിൽ നൈറ്റ് വിജിൽ ദൈവാനുഗ്രഹപ്രദമായി ക്രമീകരിച്ച **എടൂർ, കാഞ്ഞങ്ങാട് ഫൊറോന** ഭാരവാഹികളെ അഭിനന്ദിക്കുന്നു.

**ഫാ. മാത്യു മുക്കുഴി**
*ഡയറക്ടർ*

# ഫാമിലി അപ്പൊസ്റ്റോലേറ്റ്

നാം ഓരോരുത്തരും ജീവിതത്തിലെ ആദ്യചുവടുകൾ വച്ചത് കുടുംബത്തിലാണ്. ഐക്യത്തോടെ ഒന്നിച്ചുജീവിക്കാനും സ്വാർത്ഥതയെ അതിജീവിക്കുവാനും ഭിന്നതകൾ മറികടക്കുവാനും സർവ്വോപരി ജീവിതത്തിന് അർത്ഥവും പൂർണ്ണതയും നല്കുന്ന മൂല്യങ്ങൾ തിരിച്ചറിയാനും സ്വന്തമാക്കാനുമെല്ലാം നാം പഠിച്ചത് കുടുംബത്തിലാണ്. ക്രിസ്തു സ്നേഹത്തിന് സാക്ഷ്യം വഹിക്കുവാനും ആവശ്യത്തിലിരിക്കുന്ന സഹോദരങ്ങളിലേക്ക് കടന്നുചെല്ലുവാനും നമ്മെ പ്രാപ്തരാക്കുന്ന ദൈവകരുണയിലാശ്രയിച്ച് നമ്മുടെ പ്രവർത്തനങ്ങളെ ദൈവോന്മുഖമാക്കി നമുക്ക് മുന്നോട്ട് നീങ്ങാം. ഈ ജപമാല മാസത്തിൽ മാതൃത്വത്തിന്റെ ആയുധങ്ങളായ ജപമാലകൾ കൈയ്യിലേന്തി പരി. മറിയത്തിന്റെ മാദ്ധ്യസ്ഥ്യം തേടി പ്രാർത്ഥിക്കാം.

## I. മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് (എം.പി.സി)

സെപ്റ്റംബർ 19–21 തീയതികളിലായി പടന്നക്കാട് വച്ച് നടത്തിയ മാര്യേജ് പ്രിപ്പറേഷൻ കോഴ്സിൽ 140 ഓളം പേർ സംബന്ധിച്ചു.

### Time Schedule

- കോഴ്സിന്റെ ഒന്നാം ദിവസം രാവിലെ 9 മണിക്ക് രജിസ്ട്രേഷനോടെ ആരംഭിച്ച് മൂന്നാം ദിവസം വൈകിട്ട് 4.30 ന് എം.പി.സി. സമാപിക്കുന്നു.
- എം.പി.സി. കോഴ്സ് കൂടാനായി ആഗ്രഹിക്കുന്നവർ **www.familytly.com** എന്ന വെബ് സൈറ്റിൽ രജിസ്റ്റർ ചെയ്യാൻ വികാരിയച്ചന്മാർ ഓർമ്മിപ്പിക്കുമല്ലോ. എം.പി.സിയുടെ ഫീസ് **1600** രൂപയായിരിക്കും. Online Registration ചെയ്യുമ്പോൾ Reg. Fee 600 രൂപ അടയ്ക്കേണ്ടതാണ്. കോഴ്സിനു വരുമ്പോൾ ബാക്കി 1000 രൂപ കൊണ്ടുവരേണ്ടതാണ്.
- കോഴ്സിൽ പങ്കെടുക്കുന്നവർ അപേക്ഷാഫോം ഡൗൺലോഡ് ചെയ്ത് പ്രിന്റ്ഔട്ട് എടുത്ത് വികാരിയച്ചന്റെ ഒപ്പും സീലും വച്ച് കൊണ്ടുവരേണ്ടതാണ്.

- **2024 ജനുവരി മുതൽ അവസാനദിവസം നടക്കുന്ന മാതാപിതാക്കളുടെ ക്ലാസ്സ് ഉണ്ടായിരിക്കുന്നതാണ്.**
- ഈ വർഷത്തെ എം.പി.സി. കോഴ്സിന്റെ ഷെഡ്യൂൾ താഴെ കൊടുക്കുന്നു.

| MPC - 2024 | | | |
|---|---|---|---|
| October | 17-19 | (Thursday, Saturday) | Thalassery |
| November | 14-16 | (Thursday, Saturday) | Padannakkad |
| December | 19-21 | (Thursday, Saturday) | Thalassery |

- അടുത്ത വർഷത്തെ എം.പി.സി കോഴ്സിന്റെ ഷെഡ്യൂൾ താഴെ കൊടുക്കുന്നു.

| MPC - 2025 | | | |
|---|---|---|---|
| January | 02-04 | (Thusday-Saturday) | Thalassery |
| January | 23-25 | (Thusday-Saturday) | Padannakkad |
| February | 13-15 | (Thusday-Saturday) | Thalassery |
| March | 20-22 | (Thusday-Saturday) | Padannakkad |
| April | 03-05 | (Thusday-Saturday) | Thalassery |
| April | 22-24 | (Tuesday-Thursday) | Padannakkad |
| May | 15-17 | (Thusday-Saturday) | Thalassery |
| June | 12-14 | (Thusday-Saturday) | Thalassery |
| July | 17-19 | (Thusday-Saturday) | Padannakkad |
| August | 21-23 | (Thusday-Saturday) | Thalassery |
| September | 18-20 | (Thusday-Saturday) | Padannakkad |
| October | 16-18 | (Thusday-Saturday) | Thalassery |
| November | 13-15 | (Thusday-Saturday) | Padannakkad |
| December | 18-20 | (Thusday-Saturday) | Thalassery |

## II . മാതൃവേദി

### (a) അതിരൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ്

സെപ്റ്റംബർ മാസത്തിൽ ഓൺലൈനായി എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. കഴിഞ്ഞ മാസത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും, ഒക്ടോബർ മാസത്തെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെട്ടരീതിയിൽ എങ്ങനെ നടത്താം എന്ന് ചർച്ച ചെയ്യുകയും ചെയ്തു. മീറ്റിംഗിൽ അതിരൂപതാ ഭാരവാഹികൾ എല്ലാവരും പങ്കെടുത്തു.

## (b) മാതൃദിനാചരണം

സെപ്റ്റംബർ 3, 5, 7, 8 തീയതികളിലായി പൂളക്കുറ്റി, പാണത്തൂർ, ചെമ്പേരി, ചെങ്ങോം എന്നീ ഇടവകകളിൽ പരിശുദ്ധ അമ്മയുടെ ജനന ത്തിരുനാളിനോടനുബന്ധിച്ചുള്ള എട്ടുനോമ്പാചരണത്തിൽ ഡയറക്ടറച്ചൻ വി. കുർബ്ബാനയർപ്പിച്ച് അമ്മമാരുടെ കാഴ്ചസമർപ്പണം നടത്തി മാതൃത്വ ത്തിന്റെ മഹത്വത്തെക്കുറിച്ച് സന്ദേശം നല്കി.

## (c) മേഖലാ സന്ദർശനം

ആഗസ്റ്റ് 31 ന് അതിരൂപതാ ഡയറക്ടറുടെ നേതൃത്വത്തിൽ കാസർ ഗോഡ് മേഖലയുടെയും സെപ്റ്റംബർ 14ന് തളിപ്പറമ്പ് മേഖലയുടേയും അതി രൂപത സന്ദർശനം നടത്തപ്പെട്ടു. രൂപതാ ടീം അംഗങ്ങളും മേഖലാ ഭാരവാ ഹികളും പങ്കെടുത്തു. വിശദമായ ചർച്ചകൾ നടത്തി സംഘടനയെ ശക്തി പ്പെടുത്താനുള്ള തീരുമാനങ്ങൾ എടുത്തു.

## (d) അഗതിമന്ദിര സന്ദർശനം - "മിസരിക്കോർദ്ദിയ 2024"

ദിവ്യകാരുണ്യ വർഷത്തോടനുബന്ധിച്ച് അതിരൂപതാതല ജീവകാരു ണ്യപ്രവർത്തനത്തിന്റെ ഭാഗമായി സെപ്റ്റംബർ 5ന് അതിരൂപതാ ടീം അംഗ ങ്ങളും, പനത്തടി മേഖലാ ഭാരവാഹികളും യൂണിറ്റ് അംഗങ്ങളും ചേർന്ന് കള്ളാർ ബെത്‌ലഹേം അഗതിമന്ദിരം സന്ദർശിച്ചു. അമ്മമാരുടെ നേതൃത്വ ത്തിൽ അഗതിമന്ദിര പരിസരം വൃത്തിയാക്കി. അന്നേ ദിവസത്തെ ഉച്ചഭ ക്ഷണം അമ്മമാർ സ്പോൺസർ ചെയ്തു. അതിരൂപതയിൽ നിന്നും 5000 രൂപ ധനസഹായം നല്കി.

## (e) ദിവ്യകാരുണ്യ ജ്വാല പ്രോഗ്രാം

ദിവ്യകാരുണ്യ വർഷത്തോടനുബന്ധിച്ച്, 'ദിവ്യകാരുണ്യ ജ്വാല' ആല ക്കോട് മേഖലയുടേത് നെല്ലിപ്പാറ തിരുക്കുടുംബ ദൈവാലയത്തിൽ വച്ചും, നെല്ലിക്കാംപൊയിൽ മേഖലയുടേത് ഉളിക്കൽ ഉണ്ണിമിശിഹാ പള്ളിയിൽ വച്ചും, മണിക്കടവ് മേഖലയുടേത് മണിക്കടവ് സെന്റ് തോമസ് ഫൊറോന ദൈവാലയത്തിൽ വച്ചും യഥാക്രമം സെപ്റ്റംബർ 11,12,17 തീയതികളിലായി നടത്തപ്പെട്ടു. ജപമാല, പതാക ഉയർത്തൽ എന്നിവയ്ക്കുശേഷം രംഗപൂജ യോടെ പ്രോഗ്രാം ആരംഭിച്ചു. തേർത്തല്ലി ഡൊമിനിക്കൻ ആശ്രമം സുപ്പീ രിയർ റവ. ഫാ. ജോർജ് കുമ്പിളുമൂട്ടിൽ, നെല്ലിക്കാംപൊയിൽ ഫൊറോന വികാരി വെരി. റവ. ഫാ. ജോസഫ് കാവനാടിയിൽ, മണിക്കടവ് അസിസ്റ്റന്റ് വികാരി റവ. ഫാ. നിധിൻ തകിടിയേൽ, എന്നിവർ യഥാക്രമം ജ്വാല ഉദ്ഘാ ടനം ചെയ്ത് സന്ദേശം നല്കി. മേഖല ഡയറക്ടർമാർ അനുഗ്രഹപ്രഭാഷ ണവും, ആനിമേറ്റേഴ്സ് ആശംസകളും അർപ്പിച്ചു. "ദിവ്യകാരുണ്യവും മാതൃ ത്വവും" എന്ന വിഷയത്തെ ആസ്പദമാക്കി ഡയറക്ടറച്ചൻ ക്ലാസ് നല്കി. വിവിധ മത്സരങ്ങൾക്ക് വിജയികളായവർക്ക് സമ്മാനങ്ങൾ നല്കി. ആരാധ നയും, കുമ്പസാരവും, ദിവ്യകാരുണ്യ പ്രദക്ഷിണവും, ദിവ്യബലിയും ജ്വാല പ്രോഗ്രാമിൽ ഉൾപ്പെടുത്തിയിരുന്നു. മേഖലാ ഭാരവാഹികളുടേയും, യൂണിറ്റ്

ഭാരവാഹികളുടേയും അംഗങ്ങളുടേയും സജീവ സാന്നിദ്ധ്യം പ്രോഗ്രാമിന്റെ വിജയത്തിന് കാരണമായി.

**(f) വിവിധതരം മത്സരങ്ങൾ**

**1. സ്വാതന്ത്ര്യദിന വീഡിയോ നിർമ്മാണ മത്സരം**

ഐതിഹാസിക സ്വാതന്ത്ര്യസമര പോരാട്ടങ്ങളെ അനുസ്മരിച്ച് 3 മിനിറ്റിൽ കൂടാത്ത മനോഹരമായ വീഡിയോ നിർമ്മാണ മത്സരം. 35 ഓളം അമ്മമാർ പങ്കെടുത്തു.

**വിജയികളായവർ**

ഒന്നാം സമ്മാനം : മേഴ്സി സെബാസ്റ്റ്യൻ - പെരുമ്പടവ്
രണ്ടാം സമ്മാനം : ഗ്രേസി കാരിമറ്റത്തിൽ - കടുമേനി
മൂന്നാം സമ്മാനം : നൈസി ചേന്നാട്ടുതാഴെ - ഹൊസങ്കടി

**2. ഫോട്ടോഗ്രാഫി മത്സരം**

ആഗോള ഫോട്ടോഗ്രാഫി ദിനത്തിൽ 'ഒന്നു പോയെ അവിടുന്ന്' എന്ന ക്യാപ്ഷന് ഇണങ്ങിയ അമ്മമാരുടെ ഫോട്ടോഗ്രാഫി മത്സരത്തിൽ 50 ലേറെ പേർ പങ്കെടുത്തു.

**വിജയികളായവർ**

ഒന്നാം സമ്മാനം : ജീതു എല്ലുപറമ്പിൽ - ചെട്ടിയാംപറമ്പ്
രണ്ടാം സ്ഥാനം : ആശ കൊല്ലംകുന്നേൽ - പരപ്പ
മൂന്നാം സ്ഥാനം : സോളി നടുവിൽപുരയിടത്തിൽ - പെരിങ്കരി

**3. എന്റെ ദിവ്യകാരുണ്യനാഥന് കത്തെഴുതൽ മത്സരം**

ദിവ്യകാരുണ്യവർഷത്തോടനുബന്ധിച്ച് ആഗസ്റ്റ് മാസത്തിൽ നടത്തിയ എന്റെ ദിവ്യകാരുണ്യനാഥന് കത്തെഴുതൽ മത്സത്തിൽ 110 ഓളം പേർ പങ്കെടുത്തു.

**വിജയികളായവർ**

ഒന്നാം സമ്മാനം : ചിപ്പി വട്ടപ്പറമ്പിൽ - പൂളക്കുറ്റി
രണ്ടാം സമ്മാനം : റെജി വെണ്ണായപ്പിള്ളിൽ - കനകപ്പള്ളി
മൂന്നാം സമ്മാനം : ആനീസ് തലച്ചിറ - പേരട്ട

**4. മദർ തെരേസ അനുകരണ വീഡിയോ മത്സരം**

സെപ്റ്റംബർ 5ന് മദർ തെരേസയുടെ തിരുനാൾ ദിനത്തിൽ മദർതെരേസയായി വേഷംവിധാനം ചെയ്ത് മദർ തെരേസയുടെ വാക്കുകൾ കോർത്തിണക്കി 2 മിനിറ്റ് ദൈർഘ്യമുള്ള ഒരു വീഡിയോ സന്ദേശം. 30 ലേറേ അമ്മമാർ പങ്കെടുത്തു.

**വിജയികളായവർ**

ഒന്നാം സമ്മാനം : ബോബി എണ്ണച്ചേരിൽ - വിളമന
രണ്ടാം സമ്മാനം : രേഖ കാരിത്തടത്തിൽ - കരുവഞ്ചാൽ
മൂന്നാം സമ്മാനം : തങ്കമ്മ കൊച്ചുവേലിക്കകത്ത് - ചെമ്പന്തൊട്ടി

**g) അതിരൂപതാ തല സാഹിത്യമത്സരം**

സെപ്റ്റംബർ 14ന് 19 മേഖലാ കേന്ദ്രങ്ങളിലായി ഉപന്യാസം, കവിത, കഥ, പെൻസിൽ ഡ്രോയിംങ്ങ്, വാർത്ത തയ്യാറാക്കൽ, എന്നീ മത്സരങ്ങൾ നടത്തി. എല്ലാം ദിവ്യകാരുണ്യ കേന്ദ്രീകൃതമായ വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തിയായിരുന്നു.

**h) ദിവ്യകാരുണ്യവർഷ ജീവകാരുണ്യ പ്രവർത്തനം (മിസരിക്കോർദിയ)**

ഒക്ടോബർ 26 - പുഷ്പാലയം, നെല്ലിക്കാംപൊയിൽ

**i) ദിവ്യകാരുണ്യ ഓൺലൈൻ ആരാധന**

- സെപ്റ്റംബർ 27ന് ദിവ്യകാരുണ്യവർഷ പ്രതിമാസ ഓൺലൈൻ ആരാധന നടത്തി.

**അടുത്ത മാസത്തെ ഓൺലൈൻ ആരാധന**

- ഒക്ടോബർ 25 - 8.00 pm - 09.00 pm

**j) ഓൺലൈൻ വെബിനാർ**

സെപ്റ്റംബർ 10 ലോക ആത്മഹത്യാവിരുദ്ധദിനത്തിൽ "ആത്മഹത്യ തിരുത്താനാവാത്ത അവിവേകം" എന്ന വിഷയത്തെക്കുറിച്ച് ഒരു വെബിനാർ നടത്തി. റവ. ഡോ. സി. ജോണറ്റ് എംഎസ്എംഐ ക്ലാസ് നയിച്ചു.

**k) ഓണാഘോഷം @ പേരാവൂർ**

സെപ്റ്റംബർ 16ന് പേരാവൂർ മേഖലാ ഓണാഘോഷത്തിൽ ഡയറക്ടർ പങ്കെടുത്ത് ആശംസകൾ അറിയിച്ചു.

**l) ഒക്ടോബർ മാസത്തെ മാർഗ്ഗരേഖ**

1 - കൊച്ചുത്രേസ്യ നാമധാരികൾക്ക് ആശംസകൾ നേരുക. ഇടവകയിൽ നിന്നും മിഷനറിമാരായി വിവിധ ഇടങ്ങളിൽ സേവനം ചെയ്യുന്നവരെ വിളിച്ച് ആശംസകൾ നേരുക.

2 - കാവൽമാലാഖമാരുടെ മാദ്ധ്യസ്ഥ്യം തേടി പ്രാർത്ഥിക്കുക. ഗാന്ധി ജയന്തിയോടനുബന്ധിച്ച് ഇടവകയിലെ പൊതുസ്ഥാപനങ്ങൾ ശുചീകരിക്കാൻ അമ്മമാർ മുൻകൈയ്യെടുക്കുക.

4 - ഫ്രാൻസീസ് അസ്സീസ്സിയുടെ തിരുനാൾ - മാർപാപ്പയ്ക്കുവേണ്ടി പ്രാർത്ഥിക്കുക. വി. ഫ്രാൻസീസിന്റെ ജീവിതത്തെ വിശദീകരിക്കുന്ന 3 മിനിറ്റ് വീഡിയോ മനോഹരമായി ചിത്രീകരിച്ച് 9400206974 -ലേക്ക് 4 ന് രാത്രി 12 മണിക്ക് മുമ്പായി അയച്ചുതരിക.

7 - ജപമാല രാജ്ഞിയുടെ തിരുനാൾ ദിനത്തിൽ മാതൃവേദി സംഘടനയ്ക്ക് വേണ്ടി ഒരു ജപമാല ചൊല്ലി പ്രാർത്ഥിക്കുക.

10 - മാനസികാരോഗ്യദിനത്തിൽ - 'ആരോഗ്യമുള്ള മനസ്സ് ജീവിതത്തിന്റെ ആനന്ദം' എന്ന വിഷയത്തെ ആസ്പദമാക്കി വെബിനാർ - @ 8.00pm

11 – അന്താരാഷ്ട്ര പെൺകുട്ടികളുടെ ദിനം – പെൺകുട്ടികളുടെ അവകാശങ്ങളെയും കഴിവുകളെയും കുറിച്ച് അവരെ ബോധവതികളാക്കുകയും സവിശേഷമായി ആദരിക്കുകയും ചെയ്യുക.

12 – ലോകകാഴ്ച്ച ദിനം – നിർദ്ധനരായ അമ്മമാരിലൊരാൾക്ക് ഒരു കണ്ണട വാങ്ങി നല്കുക.

15 – അമ്മത്രേസ്യായുടെ തിരുനാൾദിനം – അമ്മത്രേസ്യായുടെ സൂക്തങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള (30 സെക്കന്റ്) സ്റ്റാറ്റസ് വീഡിയോ നിർമ്മാണം. തയ്യാറാക്കിയ വീഡിയോ 14ന് രാത്രി 12.00 മണിക്ക് മുമ്പായി 9400206974 ലേക്ക് അയച്ചുതരിക. ത്രേസ്യാ നാമധാരികളെ ആദരിക്കുന്നു. തിരുനാളിനോടനുബന്ധിച്ചുള്ള ദിവസങ്ങളിൽ മലബാറിലെ ആദ്യത്തെ ബസിലിക്കയായ മാഹി പള്ളി സന്ദർശിച്ച് പ്രാർത്ഥിക്കുക.

16 – വാഴ്ത്തപ്പെട്ട തേവർ പറമ്പിൽ കുഞ്ഞച്ചൻ – കുഞ്ഞച്ചന്റെ ഫോട്ടോ സ്റ്റാറ്റസ് ആയി ഇടുക. ലോക ഭക്ഷ്യദിനം – പാവപ്പെട്ടവർക്ക് ഒരു നേരത്തെ ഭക്ഷണം നല്കുക.

18 – വി. ലൂക്കായുടെ തിരുനാൾ – ലൂക്കായുടെ സുവിശേഷം 1:1–4 വായിക്കുക

22 – വി. ജോൺപോൾ രണ്ടാമന്റെ തിരുനാൾ ദിനം – ദാമ്പത്യപ്രശ്നം അനുഭവിക്കുന്നവർക്ക് വേണ്ടി പ്രത്യേകം പ്രാർത്ഥിക്കുക.

25 – ദിവ്യകാരുണ്യവർഷ ഓൺലൈൻ ആരാധന, സന്ദേശം (8.00 pm –9.00 pm)

26 – അതിരൂപതാതല ജീവകാരുണ്യപ്രവർത്തനം @ പുഷ്പാലയം നെല്ലിക്കാംപൊയിൽ

28 – വി. ശിമയോന്റെയും, യൂദാതദേവൂസിന്റെയും തിരുനാൾ സമുചിതമായി ആചരിക്കുക. വി. മത്തായിയുടെ സുവിശേഷം 10:1–10 വായിക്കുക. നൊവേന ചൊല്ലി പ്രാർത്ഥിക്കുക.

**പ്രത്യേക പ്രവർത്തനങ്ങൾ**

- യൂണിറ്റിലെ അംഗങ്ങൾ എല്ലാവരും ഒരുമിച്ച് ചേർന്ന് ഒക്ടോബർ 30ന് മുമ്പായി പുതിയ യൂണിറ്റ് ഭാരവാഹികളെ തിരഞ്ഞെടുക്കുക.
- **'ഫെസ്ത എവുക്കരിസ്തിക്ക'** അതിരൂപതാതല കലാ മത്സരങ്ങൾ (ഒക്ടോബർ 12ന് @ ചെമ്പേരി നിർമ്മല എച്ച്.എസ്.എസ്)

**1. കലാമത്സരങ്ങൾ @ 10.00 am**

**1. പ്രസംഗം :** സമയം 5 മിനിറ്റ് കവിയരുത്. വിഷയങ്ങൾ മുൻകൂട്ടി ഒരുങ്ങി വരാവുന്നതാണ്. **വിഷയം:** നിത്യം ആരാധിക്കപ്പെടേണ്ട ദിവ്യകാരുണ്യം or ക്രൈസ്തവരുടെ ഇന്നത്തെ ബലിയർപ്പണം (ഇതിൽ ഏതെങ്കിലും ഒരു വിഷയം മത്സരത്തിന് 10 മിനിറ്റ് മുമ്പായി നല്കുന്നതാണ്.)

**2. സംഗീതം:** ഏതെങ്കിലും ഒരു ദിവ്യകാരുണ്യ ഗീതത്തിന്റെ പല്ലവിയും, അനുപല്ലവിയും മാത്രം പാടുക.

**3. കവിത:** ദിവ്യകാരുണ്യസ്നേഹവും കരുതലും വിളിച്ചോതുന്ന കവിതാലാപനം (5 മിനിറ്റ്) സ്വന്തമായി രചിച്ചതോ മറ്റുള്ളവരുടെ സൃഷ്ടിയോ ആവാം.

**4. മോണോആക്ട്:** ദിവ്യകാരുണ്യം പ്രമേയമാക്കിയുള്ള 5 മിനിറ്റിൽ കവിയാത്ത മോണോ ആക്ട്. (ദിവ്യകാരുണ്യവുമായി ബന്ധപ്പെടുത്തിയുള്ള ഏത് പ്രമേയവും സ്വീകരിക്കാം.)

**5. കഥാപ്രസംഗം:** ദിവ്യകാരുണ്യം പ്രമേയമാക്കിയുള്ള 7 മിനിറ്റിൽ കവിയാത്ത കഥാപ്രസംഗം (ദിവ്യകാരുണ്യവുമായി ബന്ധപ്പെടുത്തിയുള്ള ഏതു പ്രമേയവും ആവാം.)

**6. ദിവ്യകാരുണ്യ സംഘഗാനമത്സരം:** 5 പേരിൽ കുറയാത്ത ടീം ഏതെങ്കിലും ഒരു ദിവ്യകാരുണ്യഗീതം ആലപിക്കുക. ഒരു പാട്ടിന്റെ സമയം. (കരോക്കെ, മൈക്ക്, ഒന്നും ഉണ്ടാവില്ല).

**6. ക്വിസ് മത്സരം:**

വിഷയം : 1. **വി. കുർബ്ബാനയും സഭയും** എന്ന ചാക്രികലേഖനം 70%

2. സീറോമലബാർ സഭയുടെ കുർബ്ബാനക്രമം 30%.

ആകെ 50 ചോദ്യങ്ങൾ. 35 എണ്ണം ചാക്രികലേഖനത്തിൽനിന്നും 15 എണ്ണം കുർബ്ബാനപുസ്തകത്തിൽനിന്നുമായിരിക്കും. ഓപ്ഷൻസ് ഉണ്ടായിരിക്കുകയില്ല. രണ്ട് വിഭാഗത്തിൽനിന്നും ഒരോരുത്തർക്ക് പങ്കെടുക്കാം.

## III . സീറോമലബാർ മാട്രിമോണി

സീറോമലബാർ സഭയിലെ എല്ലാ രൂപതകളുമായി ലിങ്ക് ചെയ്തുകൊണ്ട് പ്രവർത്തിക്കുന്ന മാട്രിമോണിയിൽ രജിസ്റ്റർ ചെയ്യാൻ syromalabarmatrimony.org എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഓഫീസുമായി ബന്ധപ്പെടുക. **Phone : 9400206974, 8078122191.**

## IV. പ്രശാന്തി കൗൺസിലിംഗ് സെന്റർ

അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ കുടുംബബന്ധങ്ങളുടെ ശക്തീകരണം ഉദ്ദേശിച്ച് ഒരു കൗൺസിലിംഗ് സെന്റർ പ്രവർത്തിക്കുന്നു. വ്യക്തികൾക്കും കുടുംബങ്ങൾക്കും കൗൺസിലിംഗിനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്. ഇടവകകളിൽ ഏതെങ്കിലും തരത്തിൽ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന കുടുംബങ്ങൾ ഉണ്ടെങ്കിൽ ഈ സൗകര്യം ഉപയോഗപ്പെടുത്താവുന്നതാണ് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

**Phone : 9400206974, 8078122191.**

## V. അമല പ്രൊലൈഫ്

- ജീവോത്സവം 2023 ബാച്ചിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഒരു കുടുംബത്തിലെ ഒരു പെൺകുട്ടിക്ക് OET പഠനത്തിനായി ഒരു മാസത്തെ ഫീസായ 10000 രൂപ പ്രൊലൈഫ് കോർ ടീം അംഗങ്ങളും മറ്റ് അഭ്യുദയകാംക്ഷികളും ചേർന്ന് നൽകി സഹായിച്ചു.
- ആഗസ്റ്റ് 20, 31 തീയതികളിലായി കണ്ണൂർ കാസർഗോഡ് റീജണുകളിലെ മേഖലാഡയറക്ടർമാർ, മേഖല യൂണിറ്റ് ആനിമേറ്റർമാർ എന്നിവരുടെ സംഗമത്തിൽ പ്രൊലൈഫ് പ്രവർത്തനങ്ങൾ യൂണിറ്റ് - മേഖലാ തല ത്തിൽ ശക്തിപ്പെടുത്താനും കൂടുതൽ കുഞ്ഞുങ്ങളുള്ള കുടുംബങ്ങൾക്ക് കൃത്യമായി സാമ്പത്തിക സഹായം എത്തിക്കാനുള്ള പദ്ധതികൾ ആവി ഷ്ക്കരിക്കാനും തീരുമാനിച്ചു.
- തലശ്ശേരി അതിരൂപതയുടെ ഡി അഡിക്ഷൻ സെന്ററായ പ്രതീക്ഷയിൽ സെപ്റ്റംബർ ഒന്നിന് നടത്തിയ കുടുംബസംഗമത്തിൽ ഡയറക്ടറച്ചൻ പങ്കെടുത്ത് "കുടുംബജീവിതം യഥാർത്ഥ ആനന്ദം" എന്ന വിഷയത്തെ ക്കുറിച്ച് ക്ലാസ് നയിച്ചു.

## VI. സഖറിയാസ് കൺവെൻഷൻ

- മേരിഗിരി ഫൊറോനാതല കൺവെൻഷൻ നടത്തി. വിവിധ ഇടവകക ളിൽ നിന്ന് 350 ഓളം അപ്പച്ചന്മാരും അമ്മച്ചിമാരും ഈ കൺവെൻഷനിൽ പങ്കെടുത്തു.
- സെപ്റ്റംബർ 7ന് സഖറിയാസ് ടീം അംഗങ്ങളുടെ നേതൃത്വത്തിൽ ഇരിട്ടി ടൗണിൽ ജപമാല റാലി നടത്തി. 200-ൽ അധികം പേര് സംബന്ധിച്ചു.
- നെല്ലിപ്പാറ യൂണിറ്റിൽ സഖറിയാസ് കൂട്ടായ്മ നടത്തി

## VII. പ്രോലൈഫ് മാരേജ് ബ്യൂറോ

മലബാർ മേഖല പ്രോലൈഫ് സമിതി നടത്തുന്ന ബ്യൂറോ പെൺ കുട്ടികൾക്ക് സൗജന്യ രജിസ്ട്രേഷൻ, ആൺകുട്ടികൾക്ക് രജി.ഫീ 500 രൂപ നാല് മാസത്തേക്ക്. Web Site: www.prolifemarry.com

**VIII. ഫാമിലി അപ്പൊസ്റ്റോലേറ്റിന്റെ** Mail ID: familytly92@gmail.com
Web Site: www.familytly.com

**റവ. ഫാ. ജോർജ് കോവാട്ട്**
*ഡയറക്ടർ*

# എജ്യൂക്കേഷണൽ അപ്പൊസ്റ്റോലേറ്റ്

## ഗുരുസാദരം

**1. ചെറുപുഴ**

തലശ്ശേരി കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള വിവിധ വിദ്യാലയങ്ങളിൽ നിന്നും വിരമിച്ച തലശ്ശേരി അതിരൂപതാംഗങ്ങളായ ചെറുപുഴ, തോമാപുരം റീജിയണികളിലെ എല്ലാ അധ്യാപക അനധ്യാപകരുടെയും സംഗമവും **(ഗുരുസാദരം)** അധ്യാപകദിനാചരണവും 2024 സെപ്റ്റംബർ 3 ചൊവ്വാഴ്ച രാവിലെ 9.30 ന് പാലാവയൽ സെന്റ് ജോൺസ് ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ നടന്നു. തലശ്ശേരി അതിരൂപത വികാരി ജനറാൾ മോൺ. ആന്റണി മുതുകുന്നേൽ ചടങ്ങിന് അധ്യക്ഷത വഹിച്ചു. വിരമിച്ച 150 ഓളം അധ്യാപക അനധ്യാപകരുടെ കൂട്ടായ്മ തലശ്ശേരി അതിരൂപത ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി പിതാവ് ഉദ്ഘാടനം ചെയതു. ചടങ്ങിൽ തലശ്ശേരി അതിരൂപത കോർപ്പറേറ്റ് മാനേജർ റവ. ഫാ. മാത്യു ശാസ്താംപടവിൽ സംസാരിച്ചു. സന്തോഷകരമായ വിശ്രമജീവിതത്തെക്കുറിച്ച് ശ്രീ. ഷോണിറ്റ് പാറത്താഴെ ക്ലാസുകൾ നയിച്ചു. തുടർന്ന് അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവുമായി ചർച്ചകൾ നടത്തി. ഉച്ചഭക്ഷണത്തോടെ സമ്മേളനം അവസാനിച്ചു.

**2. ചെമ്പേരി**

തലശ്ശേരി കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിൽ വിവിധ വിദ്യാലയങ്ങളിൽ നിന്നും വിരമിച്ച തലശ്ശേരി അതിരൂപതാംഗങ്ങളായ ചെമ്പേരി റീജിയണിലെ എല്ലാ അധ്യാപക അനധ്യാപകരുടെയും സംഗമം **(ഗുരുസാദരം)** 2024 സെപ്റ്റംബർ 14 ശനിയാഴ്ച രാവിലെ 9.30 ന് ചെമ്പേരി വിമൽജ്യോതി ഓഡിറ്റോറിയത്തിൽ വെച്ച് നടത്തപ്പെട്ടു. തലശ്ശേരി അതിരൂപത വികാരി ജനറാൾ മോൺ. ആന്റണി മുതുകുന്നേൽ ചടങ്ങിന് അധ്യക്ഷത വഹിച്ചു. വിരമിച്ച 150 ഓളം അധ്യാപക അനധ്യാപകരുടെ കൂട്ടായ്മ തലശ്ശേരി അതിരൂപത

ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി പിതാവ് ഉദ്ഘാടനം ചെയതു. ചടങ്ങിൽ തലശ്ശേരി അതിരൂപത കോർപ്പറേറ്റ് മാനേജർ റവ. ഫാ. മാത്യു ശാസ്താം പടവിൽ, ടീച്ചേഴ്സ് ഗിൽഡ് ട്രഷറർ ജോയ്സ് സക്കറിയാസ്, വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ് PRO സെബാസ്റ്റ്യൻ പുത്തൻപുര എന്നിവർ സംസാരിച്ചു. സന്തോഷകരമായ വിശ്രമജീവിതത്തെക്കുറിച്ച് ശ്രീ. ഷോണിറ്റ് പാറത്താഴെ ക്ലാസുകൾ നയിച്ചു. തുടർന്ന് അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവുമായി ചർച്ചകൾ നടത്തി. ഉച്ചഭക്ഷണത്തോടെ സമ്മേളനം അവസാനിച്ചു.

**3. ഓണാഘോഷം**

തലശ്ശേരി കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി, കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് എന്നിവയുടെ ആഭിമുഖ്യത്തിൽ കുടിയാന്മല മേരി ക്യൂൻസ് ഹൈസ്കൂളും, കുടിയാന്മല ഫാത്തിമ യുപി സ്കൂളും സംയുക്തമായി അതിരൂപതാതല ഓണാഘോഷം സംഘടിപ്പിച്ചു. തലശ്ശേരി അതിരൂപത കോർപ്പറേറ്റ് മാനേജർ റവ. ഫാ. മാത്യു ശാസ്താംപടവിൽ ഓണാഘോഷ പരിപാടികൾ ഉദ്ഘാടനം ചെയ്തു. സ്കൂൾ മാനേജർ റവ. ഫാ. പോൾ വള്ളോപ്പിള്ളി അധ്യക്ഷത വഹിച്ചു. ഹൈസ്കൂൾ മുഖ്യാധ്യാപകൻ സുനിൽ ജോസഫ് ആമുഖ പ്രഭാഷണം നടത്തി. എരുവേശ്ശി ഗ്രാമപഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷ ഷൈല ജോയി, കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് പ്രതിനിധി ജോയിസ് സക്കറിയാസ്, യുപി സ്കൂൾ മുഖ്യാധ്യാപിക ഇ.ജെ ലൈല എന്നിവർ പ്രസംഗിച്ചു. ഓണത്തപ്പൻ, പുലികളി, ഓണപ്പാട്ട്, പൂക്കളം എന്നിവയും പിടിഎ പ്രതിനിധികളുടെ സഹകരണത്തോടെ വിഭവ സമൃദ്ധമായ സദ്യയും ഓണപ്പായസവും ഉണ്ടായിരുന്നു.

**4. സ്കൂൾ കെട്ടിടങ്ങൾ**

വിദ്യാലയ കെട്ടിടങ്ങളെ സംബന്ധിച്ച് ശ്രദ്ധിക്കേണ്ട ഏതാനും കാര്യങ്ങൾ താഴെ കൊടുക്കുന്നു. ഈ കാര്യങ്ങൾ പ്രാവർത്തികമാക്കാൻ പ്രധാനാധ്യാപകരും ഓഫീസ് സ്റ്റാഫും ശ്രദ്ധിക്കേണ്ടതാണ്.

1. എല്ലാ വിദ്യാലയ കെട്ടിടങ്ങൾക്കും കെട്ടിട നമ്പർ ഉണ്ടെന്ന് ഉറപ്പു വരുത്തണം.
2. കെട്ടിട നമ്പർ ഉണ്ടാവുകയും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചു കൊണ്ടിരിക്കുന്നതുമായ കെട്ടിടങ്ങൾ മുഴുവൻ പഞ്ചായത്ത് അസസ്മെന്റ് രജിസ്റ്ററിൽ ഏരിയ മുഴുവൻ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പ് വരുത്തണം. (അളവ് സ്ക്വയർ മീറ്ററിൽ).
3. ക്ലാസ് നടത്തുന്ന മുഴുവൻ കെട്ടിടങ്ങൾക്കും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഉണ്ട് എന്ന് ഉറപ്പുവരുത്തണം.

4. കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് നമ്പർ അനുവദിക്കുന്ന സമയത്ത് പുതിയ കെട്ടിടങ്ങൾക്ക് നമ്പർ നൽകി ഏരിയ മുഴുവൻ പഞ്ചായത്ത് അസസ്മെന്റ് രജിസറ്ററിൽ ഉൾപ്പെടുത്തി രസീത് വാങ്ങണം. (കെട്ടിട നമ്പർ ഉൾപ്പെടെ)
5. ചെറിയ അറ്റകുറ്റപണികൾ, പെയിന്റിംഗ്, എന്നിവ നടത്തുമ്പോഴും, ഓഫീസ്, സ്റ്റാഫ് റൂം എന്നിവ പുതുക്കി പണിയുമ്പോഴും കെട്ടിട നമ്പർ ഉള്ള ജനൽ, വാതിൽ എന്നിവ കാണാവുന്ന വിധത്തിൽ സ്ഥാപിക്കേണ്ടതാണ്.
6. കാലാകാലങ്ങളിൽ കെട്ടിട നമ്പർ മാറിവരുമ്പോൾ നമ്മുടെ സ്കൂൾ കെട്ടിടങ്ങൾക്കും നമ്പർ ഇട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.
7. കെട്ടിട നമ്പർ ഇടുമ്പോൾ വാർഡു നമ്പർ ശ്രദ്ധിക്കണം. - അതാത് വാർഡ് നമ്പർ പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്.
8. കെട്ടിടങ്ങൾ, വസ്തുക്കൾ എന്നിവ സംബന്ധിച്ച് ഓരോ ഫയലുകൾ സ്കൂളിലും മാനേജരുടെ പക്കലും സൂക്ഷിക്കേണ്ടതാണ്.

ഓരോ വർഷത്തെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് കോപ്പി, പ്ലാൻ, എസ്റ്റിമേറ്റ്, ബിൽഡിംഗ് പെർമിറ്റ്, എഇഒ/ഡിഇഒ അംഗീകാര ഉത്തരവ്, മറ്റ് രസീതുകൾ (പെർമിറ്റ് ഫീസ്, കംപ്ലീഷൻ സർട്ടിഫിക്കറ്റ്, വസ്തുനികുതി എന്നിവ ഓരോ വർഷവും രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്).

**6. സ്കൂൾ കെട്ടിടങ്ങളുടെ ഉയരം സംബന്ധിച്ച്**

യുപി, ഹൈസ്കൂൾ കെട്ടിടങ്ങൾക്ക് കെഇആർ അനുശാസിക്കുന്ന പ്രകാരം 6 മീറ്റർ നീളവും 6 മീറ്റർ വീതിയും 3.70 മീറ്റർ ഉയരവും ഉണ്ടായിരിക്കേണ്ടതാണ് (6x6x3.70 മീറ്റർ).

എൽ.പി സ്കൂൾ കെട്ടിടങ്ങൾക്ക് 6 മീറ്റർ നീളവും. 5.5 മീറ്റർ വീതിയും 3 മീറ്റർ ഉയരവും ഉണ്ടായിരിക്കേണ്ടതാണ് (6x5.5x3മീറ്റർ).

ഫിറ്റ്നസ് സർട്ടിഫിക്കറ്റിൽ ഈ അളവ് വ്യത്യാസമുണ്ടെങ്കിൽ അവയ്ക്ക് സ്ഥിരമായ ഇളവ് സർക്കാരിൽ നിന്നും വാങ്ങേണ്ടതാണ്. അതിനാൽ കെഇആർ അനുശാസിക്കുന്ന പ്രകാരം ഉയരം ഇല്ലാത്ത കെട്ടിടങ്ങൾ ഉണ്ടെങ്കിൽ കോർപ്പറേറ്റ് ഓഫീസിൽ അറിയിക്കേണ്ടതാണ്. തുടർനടപടികൾ ഇവിടെ നിന്നും സ്വീകരിക്കുന്നതാണ്.

**ഫാ. മാത്യു ശാസ്താംപടവിൽ**
*കോർപ്പറേറ്റ് മാനേജർ*

# വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ്
## ചെമ്പേരി

**വിമൽ ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ സ്പോട്ട് അഡ്മിഷൻ ആരംഭിച്ചു**

ഓട്ടോണമസ് പദവി ലഭിച്ച വിമൽ ജ്യോതി എഞ്ചിനീയറിംഗ് കോളേജ്, ചെമ്പേരിയിൽ ബിടെക്, എംടെക് സ്പോട്ട് അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. കമ്പ്യൂട്ടർ സയൻസ് എൻജിനീയറിംഗ്, സിവിൽ എഞ്ചിനീയറിംഗ്, ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ്, ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ്, മെക്കാനിക്കൽ എഞ്ചിനീയറിംഗ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് & ഡാറ്റാ സയൻസ്, കമ്പ്യൂട്ടർ സയൻസ് & സൈബർ സെക്യൂരിറ്റി, കമ്പ്യൂട്ടർ സയൻസ് & ബിസിനസ് സിസ്റ്റം, കമ്പ്യൂട്ടർ സയൻസ് & ഡിസൈൻ, എംടെക് കമ്പ്യൂട്ടർ സയൻസ്, സിവിൽ സ്ട്രക്ചുറൽ എഞ്ചിനീയറിംഗ് & കൺസ്ട്രക്ഷൻ മാനേജ്മെന്റ് തുടങ്ങിയ ബ്രാഞ്ചുകളിലേക്കുള്ള അഡ്മിഷൻ ലഭ്യമാണ്. സർട്ടിഫിക്കറ്റുകളുമായി കോളജിൽ നേരിട്ട് ഹാജരാവുക അല്ലെങ്കിൽ കൂടുതൽ വിവരങ്ങൾക്ക് 8943940451, 9497517396 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക അല്ലെങ്കിൽ www.vjec.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

**തലശ്ശേരി കോർപറേറ്റ് സ്കൂളുകളിൽ നിന്ന് വിരമിച്ച അധ്യാപക, അനധ്യാപകരുടെ സംഗമം**

തലശ്ശേരി അതിരുപതാ കോർപറേറ്റ് മാനേജ്മെന്റ് സ്കൂളുകളിൽ നിന്ന് വിരമിച്ച അധ്യാപക, അനധ്യാപക സംഗമം ചെമ്പേരി വിമൽ ജ്യോതി എൻജിനീയറിങ് കോളജിൽ നടത്തി. ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി ഉദ്ഘാടനം ചെയ്തു. വികാരി ജനറൽ മോൺ. ആന്റണി മുതുകുന്നേൽ, കോർപറേറ്റ് മാനേജർ ഫാ. മാത്യു ശാസ്താംപടവിൽ, ജോസഫീന വർഗീസ്, ഇ. അനന്തൻ നമ്പ്യാർ, സെബാസ്റ്റ്യൻ പുത്തൻപുര എന്നിവർ പ്രസംഗിച്ചു.

**പ്ലേസ്മെന്റ് വാർത്തകൾ May 2024**

- ക്യാമ്പസ് റിക്രൂട്ട്മെന്റിനായി കുട്ടികളെ സജ്ജരാക്കുന്നതിന് വേണ്ടി ഓഗസ്റ്റ് 21, 22, 23 തീയതികളിലും സെപ്റ്റംബർ 5, 6 തീ

യതികളിലുമായി പ്ലേസ്മെന്റ് ട്രെയിനിംഗ് സംഘടിപ്പിച്ചു. തിരുവനന്തപുരം കാരനായ പ്രശസ്ത ട്രെയിനർ മിസ്റ്റർ അഖിൽ കൃഷ്ണയാണ് ക്ലാസുകൾ നയിച്ചത്.

- ഗ്ലോബൽ ക്വസ്റ്റ് ടെക്നോളജിസ് നടത്തിയ ക്യാമ്പസ് റിക്രൂട്ട്മെന്റിലൂടെ 14 അവസാനവർഷ വിദ്യാർത്ഥികൾക്ക് ജോലി ലഭിച്ചു. തിരഞ്ഞെടുക്കപ്പെട്ട കുട്ടികൾ ജോലിയിൽ പ്രവേശിക്കുന്നതിനു മുന്നോടിയായി 3 മാസത്തെ പരിശീലന പരിപാടികൾ പൂർത്തിയാക്കേണ്ടതുണ്ട്.
- സെപ്റ്റംബർ 13-ാം തീയതി Skill Intern നടത്തിയ ക്യാമ്പസ് റിക്രൂട്ട്മെന്റിലൂടെ 26 കുട്ടികൾക്ക് ജോലി ലഭിച്ചു. Internship -നായി അവസാന സെമസ്റ്ററിൽ കുട്ടികൾ കമ്പനിയിലേക്ക് പോകേണ്ടതുണ്ട്. തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾ 4 മാസത്തെ പരിശീലന പരിപാടികൾ പൂർത്തീകരിക്കണം. പരിശീലന കാലയളവിൽ പ്രതിമാസം 15,000 രൂപ സ്റ്റൈപ്പൻഡ് ആയി ലഭിക്കുന്നതാണ്. പരിശീലനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് ജൂലൈ 2025 ജോലിയിൽ പ്രവേശിക്കാവുന്നതാണ്.
- കോയമ്പത്തൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന പ്രശസ്ത പ്രോഡക്റ്റ് ഡെവലപ്മെൻറ് കമ്പനിയായ Vanenburg Solutions സെപ്റ്റംബർ 26-ാം തീയതി വിമൽജ്യോതിയിലെ വിദ്യാർത്ഥികൾക്കായി ക്യാമ്പസ് റിക്രൂട്ട്മെൻറ് സംഘടിപ്പിക്കുന്നു. സെലക്ഷൻ പ്രോസസ് ഒക്ടോബർ അവസാനത്തോടെ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. പ്രതിവർഷം 8 ലക്ഷത്തോളം രൂപ ശമ്പളം ലഭിക്കുന്ന ജോലിയാണ്.

## എം.ബി.എ. വാർത്തകൾ

### വിമൽജ്യോതിയിൽ നാഷണൽ ലെവൽ മാനേജ്മെന്റ് ഫെസ്റ്റ്

വിമൽജ്യോതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് റിസർച്ച് ആഭിമുഖ്യത്തിൽ ഡിസംബർ 5 2024 ന് ദേശീയതല മാനേജ്മെന്റ് ഫെസ്റ്റ് നടക്കുന്നു. 'കർമ്മന്ത 2024' എന്ന പേരിൽ നടത്തുന്ന ഫെസ്റ്റിന്റെ ബ്രോഷർ പ്രകാശനം വിമൽജ്യോതി എംബിഎ കോളേജിന്റെ പ്രിൻസിപ്പൽ ഫാ. ഡോ. ജിനു വടക്കേമുളഞ്ഞനാൽ നിർവഹിച്ചു. വിവിധ ഭാഗങ്ങളിൽ നിന്നായി 800 ഓളം വിദ്യാർത്ഥികൾ അവരുടെ മാനേജ്മെന്റ് കഴിവുകൾ മാറ്റുരയ്ക്കാനായി വിവിധ ഇവന്റുകളിൽ പങ്കെടുക്കുന്നു. Best manager, Best Management team, HR event, Finance event, Marketing event, Treasure hunt, Dance competetion, corporate fashion show, Spelling Bee തുടങ്ങിയ മത്സരങ്ങളാണ് ഫെസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

കൂടുതൽ വിവരങ്ങൾക്കും അഡ്മിഷനും താഴെ കാണുന്ന നമ്പറുകളിൽ ബന്ധപ്പെടുക. **9497517396, 8111918367.**

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
*മാനേജർ*

# സാൻജോസ് മെട്രോപോളിറ്റൻ അക്കാഡമി ഫോർ റിസേർച്ച് ആന്റ് ട്രെയിനിംഗ്

Ph: 8281750777, 8281730777; E-mail: sanjoseacademytly@gmail.com

ചെമ്പേരി, വെള്ളരിക്കുണ്ട്, ഇരിട്ടി

## IELTS, OET, UKVI

IELTS, OET, UKVI, തുടങ്ങിയ കോഴ്സുകളിലേക്കുള്ള പുതിയ ബാച്ചുകൾ എല്ലാ തിങ്കളാഴ്ചകളിലും ആരംഭിക്കുന്നു. ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്. കോഴ്സുകളെകുറിച്ച് കൂടുതൽ അറിയുവാനും അഡ്മിഷൻ എടുക്കുവാനും താഴെപ്പറയുന്ന നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

Ph : 82817507777, 8281730777

ഓൺലൈനായി അപേക്ഷിക്കാൻ വെബ്സൈറ്റ് സന്ദർശിക്കുക.

www.sanjoseacademy.in

**ജർമൻ**

ജർമൻ ഭാഷയുടെ ഒക്ടോബർ ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. ജർമൻ ഭാഷയുടെ പുതിയ ബാച്ചുകൾ എല്ലാ മാസവും 1-ാം തീയതി വിമൽജ്യോതി കോളേജിൽ ആരംഭിക്കുന്നു. അഡ്മിഷൻ എടുക്കാൻ ആഗ്രഹിക്കുന്നവർ നേരത്തെ തന്നെ പേര് രജിസ്റ്റർ ചെയ്യുക. സാൻജോസ് അക്കാദമിയുടെ എല്ലാ കോഴ്സുകൾക്കും ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്.

**ഫാ. സ്കറിയ വടശ്ശേരിൽ**
*ഡയറക്ടർ*

# ലെയ്റ്റി അപ്പൊസ്റ്റോലേറ്റ്
## എ. കെ. സി. സി.

### തലശ്ശേരി അതിരൂപത കത്തോലിക്ക കോൺഗ്രസ് പ്രവർത്തനങ്ങൾ

**അതിരൂപത എക്സിക്യൂട്ടീവ്**

31-8-2024ന് തോമാപുരം ഫൊറോന പാരീഷ് ഹാളിൽ വച്ച് കത്തോലിക്ക കോൺഗ്രസ് തലശ്ശേരി അതിരൂപത എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി.

**പ്രധാന തീരുമാനങ്ങൾ**

1. അതിരൂപത ഭാരവാഹികളുടെ വിവിധ ഫൊറോനകളിലേ സന്ദർശനം 22-09-24 മുതൽ ആരംഭിക്കുവാൻ തീരുമാനിച്ചു.
2. കത്തോലിക്ക കോൺഗ്രസിന്റെ അതിരൂപതയിലെ പ്രവർത്തനങ്ങൾ കൂടുതൽ ഊർജിതമാക്കുന്നതിന് രൂപതാ സെക്രട്ടറിമാർക്ക് ഫൊറോനകൾ തിരിച്ച് ഉത്തരവാദിത്വം ഏൽപ്പിച്ചു.

**പൊതു പ്രവർത്തനങ്ങൾ**

1: ബഹു. ഷിൻസ് കുടിലിൽ അച്ചന്റെ നിര്യാണത്തിൽ അനുശോചനം അർപ്പിച്ചുകൊണ്ട് തലശ്ശേരി അതിരൂപത കത്തോലിക്കാ കോൺഗ്രസ് പ്രസിഡന്റ് ഫിലിപ്പ് വെളിയത്ത്, ഗ്ലോബൽ ട്രഷറർ അഡ്വക്കേറ്റ് ടോണി ജോസഫ് പുഞ്ചക്കുന്നേൽ എന്നിവരുടെ നേതൃത്വത്തിൽ ഗ്ലോബൽ, രൂപത, ഫൊറോന ഭാരവാഹികൾ എടൂർ ഫൊറോനാ ദേവാലയത്തിൽ വച്ച് ബഹു. ഷിൻസ് അച്ചന്റെ മൃതശരീരത്തിൽ കത്തോലിക്കാ കോൺഗ്രസിന്റെ പതാക പുതപ്പിച്ചു.

2: കർഷകദിനത്തിൽ വിവിധ ഇടവകകളിൽ കത്തോലിക്ക കോൺഗ്രസിന്റെ നേതൃത്വത്തിൽ കർഷകരെ ആദരിച്ചു.

3: കത്തോലിക്കാ കോൺഗ്രസിന്റെ ഗ്ലോബൽ ട്രഷറർ ടോണി ജോസഫ് പുഞ്ചകുന്നേലും രൂപത, ഫൊറോന ഭാരവാഹികളും ചെമ്പന്തൊട്ടി ഫൊറോനയിൽ അനധികൃതമായി പ്രവർത്തിക്കുന്ന ക്വാറി സന്ദർശിച്ച് ആ പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് ഭീഷണിയായ ക്വാറിക്കെതിരെയുള്ള സമരപരിപാടികളിലും നിയമ നടപടികളിലും പിന്തുണ അറിയിച്ചു.

4: പുഴകളിൽ നിന്നും നിയന്ത്രിതമായ രീതിൽ മണൽ വാരാൻ അനുവാദം കൊടുത്തുകൊണ്ട് പുഴകളുടെ തീരപ്രദേശങ്ങളിൽ താമസിക്കുന്നവർക്കുള്ള വെള്ളപ്പൊക്ക ഭീഷണിയിൽ നിന്നും സംരക്ഷണം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വിവിധ അധികാരികൾക്ക് നിവേദനം നൽകി.

5: ബി എ എൽഎൽ ബി ഓണേഴ്സ് പരീക്ഷയിൽ ഒന്നാം റാങ്ക് നേടിയ ചെറുപുഴ ഇടവകയിലെ അൽഫോൺസ് ജോർജിനെ ഗ്ലോബൽ ട്രഷറർ ടോണി ജോസഫ് പുഞ്ചക്കുന്നേലും തലശ്ശേരി അതിരൂപത ഭാരവാഹികളും ചേർന്ന് അനുമോദിച്ചു.

6: കാസർഗോഡ് കരിന്തളം – വയനാട് 400 കെ വി ലൈൻ കടന്ന് പോകുന്ന സ്ഥലങ്ങളിലും ടവർ സ്ഥാപിക്കുന്ന സ്ഥലങ്ങളിലും അർഹമായ നഷ്ടപരിഹാരം നൽകണമെന്ന് കത്തോലിക്കാ കോൺഗ്രസ് ആവശ്യപ്പെടുകയും കണ്ണൂർ കലക്ടറേറ്റ് ഹാളിൽ  കെഎസ്ഇബി ഉദ്യോഗസ്ഥരും കണ്ണൂർ ജില്ലാ കലക്ടർമായും എംഎൽഎമാരുടെ നേതൃത്വത്തിൽ നടന്ന ചർച്ചയിൽ കത്തോലിക്ക കോൺഗ്രസിനെ പ്രതിനിധീകരിച്ച് ഗ്ലോബൽ ഡയറക്ടർ ഡോ. ഫിലിപ്പ് കവിയിൽ അച്ചനും അതിരൂപത പ്രസിഡണ്ടും, ട്രഷററും മറ്റ് ഭാരവാഹികളും പങ്കെടുത്തു. ഈ മീറ്റിങ്ങിൽ ജനപ്രതിനിധികളായ എംഎൽഎമാരും ആക്ഷൻ കൗൺസിൽ ഭാരവാഹികളും പങ്കെടുത്തു.

7: കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ ബിരിക്കുളം യൂണിറ്റിൽ സൗജന്യ കേൾവി പരിശോധന ക്യാമ്പും കുടിയാന്മല യൂണിറ്റിന്റെ നേതൃത്വത്തിൽ സൗജന്യ ആയുർവേദ ക്യാമ്പും മരുന്നു വിതരണവും, പൈസകരി ഫൊറോന കമ്മിറ്റിയുടെ നേതൃത്വത്തിൽ ജീവിതശൈലി രോഗങ്ങൾക്ക് സൗജന്യ പരിശോധനയും മരുന്നുകളും നൽകുന്ന ക്യാമ്പും, വായാട്ടുപറമ്പ് യൂണിറ്റിന്റെയും കരുവഞ്ചാൽ സെൻറ് ജോസഫ് ഹോസ്പിറ്റലിന്റെയും നേതൃത്വത്തിൽ സൗജന്യ നേത്രപരിശോധനയും തിമിര രോഗനിർണയ ക്യാമ്പും നടത്തി.

8: സെപ്റ്റംബർ 5ന് അധ്യാപക ദിനത്തിൽ അതിരൂപതയിലെ 110 യൂണിറ്റുകളിൽ അധ്യാപകരെ ആദരിച്ചു. അതിരൂപതതല ഉദ്ഘാടനം ചെമ്പന്തൊട്ടി സെന്റ് ജോർജ് ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് അതിരൂപത പ്രസിഡണ്ട് ഫിലിപ്പ് വെളിയത്ത് നടത്തി. ഫൊറോന വികാരി വെരി റവ. ഫാ. ആൻറണി മഞ്ഞളാംകുന്നേൽ, ഡയറക്ടർ റവ. ഫാ. തോമസ് ചെരുവിൽ, പ്രധാന അധ്യാപകൻ ബിജു പൂക്കുന്നേൽ എന്നിവരും കത്തോലിക്കാ കോൺഗ്രസ് രൂപതാഭാരവാഹികളും പങ്കെടുത്തു.

9: മുല്ലപ്പെരിയാർ വിഷയത്തിൽ സർക്കാരിന്റെ അനാസ്ഥയ്ക്കെതിരെ ഗ്ലോബൽസമിതി ആഹ്വാനം ചെയ്ത സെപ്റ്റംബർ 8 ജാഗ്രതാ ദിനത്തിൽ കമ്പല്ലൂർ ഇടവകയിൽ ഗ്ലോബൽ ഡയറക്ടർ ഫിലിപ്പ് കവിയിലച്ചൻ അതിരൂപതതല ഉദ്ഘാടനം നടത്തി. തളിപ്പറമ്പ് ഫൊറോനയിലെ ഉദ്ഘാടനം ഗ്ലോബൽ ട്രഷറർ അഡ്വ. ടോണി ജോസഫ് പുഞ്ചക്കുന്നേലും

മേരിഗിരി ഫൊറോന ഉദ്ഘാടനം അതിരൂപതാ പ്രസിഡന്റ് ഫിലിപ്പ് വെളിയത്തും ചെമ്പേരി ഫൊറോന ഉദ്ഘാടനം ജനറൽ സെക്രട്ടറി ജിമ്മി ആയിത്തമറ്റവും ആലക്കോട് ഫൊറോനയിൽ അതിരൂപത വൈസ് പ്രസിഡന്റ് ടോമി കണയാങ്കലും നിർവഹിച്ചു.

10: പനത്തടി ഫൊറോനയിൽ ഡയറക്ടർ ഫാ. അനീഷ് ചക്കിട്ടമുറിയിൽ ഫൊറോന യൂണിറ്റ് ഭാരവാഹികളുടെ നേതൃത്വത്തിൽ ഓണത്തോട് അനുബന്ധിച്ച് ഭക്ഷ്യ കിറ്റുകളും സാമ്പത്തിക സഹായവും അർഹരായ വരുടെ ഭവനങ്ങളിൽ എത്തിച്ചുനൽകി.

കത്തോലിക്കാ കോൺഗ്രസ് പേരാവൂർ ഫൊറോന ഡയറക്ടർ റവ. ഫാ. തോമസ് പട്ടാംകുളത്തിന്റെ നേതൃത്വത്തിൽ കൊളക്കാട് യൂണിറ്റ് ഭാരവാഹികൾ ചെമ്പേരി അഗതി മന്ദിരത്തിൽ ഭക്ഷണസാധനങ്ങൾ നൽകി.

11: കീഴ്പ്പള്ളി പ്രദേശത്ത് കാട്ടാനക്കൂട്ടം നശിപ്പിച്ച കൃഷിയിടങ്ങൾ കത്തോലിക്ക കോൺഗ്രസ് രൂപത ട്രഷററും ഗ്ലോബൽ വർക്കിംഗ് കമ്മിറ്റി അംഗങ്ങളും രൂപത ഭാരവാഹികളും എടൂർ ഫൊറോന ഭാരവാഹികളും സന്ദർശിച്ച് അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് സർക്കാരിനോട് ആവശ്യപ്പെട്ടു.

12: ബഹുമാനപ്പെട്ട കേരള വിദ്യുച്ഛക്തി മന്ത്രി ശ്രീ കൃഷ്ണൻകുട്ടി അവർകൾ വിളിച്ചുചേർത്ത ജനപ്രതിനിധികളുടെയും ഉന്നത ഉദ്യോഗസ്ഥരുടെയും ഓൺലൈൻ മീറ്റിങ്ങിൽ അതിരൂപത പ്രസിഡന്റ് ഫിലിപ്പ് വെളിയത്തും ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിലും അതിരൂപതാധ്യക്ഷൻ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ നിർദ്ദേശപ്രകാരം പങ്കെടുത്തു. ഈ മീറ്റിങ്ങിൽ അതിരൂപതയുടെയും കത്തോലിക്ക കോൺഗ്രസിന്റെയും കർഷകപക്ഷ നിലപാടുകൾ വ്യക്തമാക്കുകയുണ്ടായി.

**കത്തോലിക്ക കോൺഗ്രസ് കർഷകർക്കും ശബ്ദമില്ലാത്തവർക്കും ഒപ്പം**

കാസർഗോഡ് കരിന്തളം മുതൽ വയനാട് വരെ വലിക്കുന്ന 400 കെവി ഇലക്ട്രിക് ലൈൻ സ്ഥാപിക്കുന്നതിലൂടെ നഷ്ടം സംഭവിക്കുന്ന സാധാരണ ക്കാർക്കുവേണ്ടി കത്തോലിക്കാ കോൺഗ്രസ് ആക്ഷൻ കമ്മിറ്റി യോടൊപ്പം ശക്തമായി ഇടപെടുവാൻ തീരുമാനിച്ചു പദ്ധതി പ്രദേശത്തെ സാധാരണ ക്കാരായ മലയോര നിവാസികൾക്ക് അർഹിക്കുന്ന നഷ്ടപരിഹാരം ഗവൺമെന്റ് നൽകണമെന്ന് കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ ഡയറക്ടർ ഡോക്ടർ ഫിലിപ്പ് കവിയിൽ ആലക്കോട് ചേർന്ന ജനകീയ സമരസമിതിയിൽ സർക്കാരിനോട് ആവശ്യപ്പെട്ടു. പട്ടണ പ്രദേശത്തെ പുരോഗമന പ്രവർത്തികൾക്ക് പൊന്നും വില നഷ്ടപരിഹാരം നൽകുകയും മലയോര മേഖലയിലേക്ക് വരുമ്പോൾ ചുളുവിൽ കർഷകരെയും സാധാരണക്കാരെയും പറ്റിക്കുന്ന സർക്കാർ നിലപാട് അനുവദിക്കാനാവില്ല എന്ന് അദ്ദേഹം പ്രസ്താവിച്ചു. കേരളം മുഴുവൻ ഗുണം ലഭിക്കുന്ന ഒരു

പദ്ധതിക്ക് കർഷകർ ഒരിക്കലും എതിരല്ല. എന്നാൽ കർഷകരെ ബലിയാടാക്കിക്കൊണ്ട് ഈ പദ്ധതി നടപ്പാക്കുവാൻ അനുവദിക്കുകയും ഇല്ല. മലയോര നിവാസികളുടെ പ്രശ്നത്തിൽ മാന്യമായ നടപടികൾ എടുക്കാതെ ഒരു സർക്കാരിനും മുന്നോട്ടു പോകുവാൻ സാധിക്കുകയില്ല എന്ന് അദ്ദേഹം ഓർമ്മപ്പെടുത്തി.

തലശ്ശേരി അതിരൂപത പ്രസിഡന്റ് ശ്രീ. ഫിലിപ്പ് വെളിയത്ത്, അലക്കോട് ഫൊറോനാ പ്രസിഡന്റ് എമ്മനുവേൽ കോയിക്കൽ, നെല്ലിക്കാംപൊയിൽ ഫൊറോനാ പ്രസിഡന്റ് ശ്രീ. ജോർജ് വർഗീസ്, മേരിഗിരി യൂണിറ്റ് പ്രസിഡന്റ് വക്കച്ചൻ സാർ തുടങ്ങിയവർ സംബന്ധിച്ചു.

**സംഘടനാ പ്രവർത്തനങ്ങൾ**

ചെമ്പേരി ഫൊറോനയിലെ യൂണിറ്റ് ഭാരവാഹികൾക്കായി പഠന ശില്പശാല നടത്തി. ഉദ്ഘാടനം അതിരൂപതാ ജനറൽ സെക്രട്ടറിയും ക്ലാസുകൾ ശ്രീ. ജോബി ജോൺ മൂലയിൽ, റവ. ഫാ. പോൾ വള്ളോപ്പിള്ളി എന്നിവരും നയിച്ചു.

എടൂർ ഫൊറോനയിൽ നടത്തിയ പഠന ശില്പശാല ഗ്ലോബൽ ട്രഷറർ അഡ്വ. ടോണി ജോസഫ് പുഞ്ചക്കുന്നേൽ ഉദ്ഘാടനം ചെയ്തു. ഫൊറോനാ വികാരി വെരി റവ. ഫാ. തോമസ് വടക്കേമുറി ആശംസകൾ അർപ്പിച്ച് സംസാരിച്ചു.


തോമാപുരത്ത് വച്ച് നടന്ന അതിരൂപത എക്സിക്യൂട്ടീവ് മീറ്റിംഗ് ഗ്ലോബൽ ഡയറക്ടർ ഡോക്ടർ ഫിലിപ്പ് കവിയിൽ ഉദ്ഘാടനം ചെയ്തു. തോമാപുരം ഫൊറോന വികാരി വെരി റവ. ഡോ. മാണി മേൽവട്ടം മുഖ്യഭാഷണം നടത്തിയ യോഗത്തിൽ ഫിലിപ്പ് വെളിയത്ത് അധ്യക്ഷത വഹിച്ചു. ഡയറക്ടർ റവ. ഫാ. മാത്യു വളവനാൽ അനുഗ്രഹഭാഷണം നടത്തി.

പുതിയതായി രൂപീകരിച്ച പെരുമ്പുന്ന യൂണിറ്റിന്റെ ഉദ്ഘാടനം റവ. ഡോ. ഫിലിപ്പ് കവിയിൽ നടത്തി. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോൺ പൊന്നമ്പേൽ അനുഗ്രഹപ്രഭാഷണം നടത്തി.

ആലക്കോട് ഫൊറോനാ നടത്തിയ യൂണിറ്റ് ഭാരവാഹികളുടെ കൺവെൻഷൻ രൂപത പ്രസിഡന്റിന്റെ അധ്യക്ഷതയിൽ ബഹു. ഫിലിപ്പ് കവിയലച്ചൻ ഉദ്ഘാടനം ചെയ്തു. ആലക്കോട് ഫൊറോന വികാരി വെരി റവ. ഫാ. ആൻറണി പുന്നൂര് മുഖ്യഭാഷണവും ഫൊറോനാ ഡയറക്ടർ റവ. ഫാ. ജിബിൻ വട്ടംകാട്ട് അനുഗ്രഹഭാഷണവും നടത്തി.

**ഫിലിപ്പ് വെളിയത്ത്**
*പ്രസിഡണ്ട്*

**ഫാ. ഫിലിപ്പ് കവിയിൽ**
*ഡയറക്ടർ*



# കുടുംബ കൂട്ടായ്മ

**FAMILY RENEWAL UNITS IN THALASSERY (FRUITS)**

**1. പ്രത്യേക ശ്രദ്ധയ്ക്ക്**

കുടുംബ കൂട്ടായ്മ ഭാരവാഹികളുടെ ലിസ്റ്റ് ഇനിയും ഓഫീസിൽ ഏല്പ്പിക്കാത്തവർ എത്രയും വേഗം ഓഫീസിൽ എത്തിക്കുമല്ലോ.

ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ കുടുംബ കൂട്ടായ്മയിൽ ചർച്ച ചെയ്ത E W S എന്ന വിഷയത്തിന്റെ ക്രോഡീകരിച്ച റിപ്പോർട്ട് അതിരൂപത ഓഫീസിലേക്ക് നിർബന്ധമായും അയക്കേണ്ടതാണ്. നമ്മുടെ ജനത്തിന് വളരെ ഉപകാരപ്രദമായ ഈ കാര്യം എല്ലാ യൂണിറ്റിലും ചർച്ച ചെയ്തു എന്ന് വികാരിയച്ചൻമാർ ഉറപ്പുവരുത്തേണ്ടതാണ്. വികാരിയച്ചനോ/കോഡിനേറ്ററോ റിപ്പോർട്ട് ഈ മാസം തന്നെ അയക്കുമല്ലോ.

**2. കുടുംബ കൂട്ടായ്മ ചർച്ചാവിഷയം**

ഒക്ടോബർ, നവംബർ മാസങ്ങളിൽ കുടുംബ കൂട്ടായ്മയിൽ ചർച്ച ചെയ്യുവാനുള്ള വിഷയം വികാരിയച്ചന്മാരുടെയും കോഡിനേറ്റർമാരുടെയും വാട്സപ്പ് ഗ്രൂപ്പുകളിലേക്ക് നൽകുന്നതാണ്. നൽകപ്പെടുന്ന വിഷയങ്ങൾ ചർച്ച ചെയ്തു ക്രോഡീകരിച്ച റിപ്പോർട്ട് അതിരൂപത ഓഫീസിലേക്ക് നവംബർ 30 ന് മുൻപ് എത്തിക്കേണ്ടതാണെന്ന് ഓർമ്മപ്പെടുത്തുന്നു.

**റിപ്പോർട്ട് അയക്കേണ്ടത്**

a) വാട്സാപ്പ് നമ്പർ : 8330870228.

b) Postal Address : Director, FRUITS
Archbishop's House,Thalassery
670 101, PB No 70, Kannur

**3. ജപമാലമാസം**

കുടുംബ കൂട്ടായ്മ സജീവമാക്കുക എന്ന ലക്ഷ്യത്തോടുകൂടി ഈ വർഷത്തെ ജപമാലമാസം താഴെപറയും വിധം കുടുംബ കൂട്ടായ്മകൾ നടത്തുവാൻ ശ്രദ്ധിക്കുമല്ലോ.

a) എല്ലാ യൂണിറ്റുകളിലും ജപമാല ആഘോഷമായി നടത്തുക.

b) മാതാവിന്റെ രൂപം ഭംഗിയായി അലങ്കരിക്കുക.

c) വീട് വീടാന്തരം ജപമാല പ്രദക്ഷിണം യൂണിറ്റ് തലത്തിൽ നടത്തുക.

d) യൂണിറ്റിലുള്ള വൃദ്ധജനങ്ങളെയും രോഗികളെയും സന്ദർശിച്ച് പ്രാർത്ഥിക്കുക.

e) ജപമാല സമയത്ത് ജപമാല കൈകളിലേന്തി പ്രാർത്ഥിക്കുക.

**4. റിപ്പോർട്ട് ബുക്ക്**

എല്ലാ കൂട്ടായ്മകളുടെയും റിപ്പോർട്ടുകൾ റിപ്പോർട്ട് ബുക്കിൽ എഴുതുകയും ഹാജർ രേഖപ്പെടുത്തുകയും ചെയ്യുന്നുണ്ടല്ലോ. ജനുവരി, ഫെബ്രുവരി മാസങ്ങളിലായി റിപ്പോർട്ട് ബുക്ക് കാണാനും ആവശ്യമായ പ്രോത്സാഹനങ്ങൾ നൽകുന്നതിനുമായി രൂപത ഓഫീസിൽ നിന്നും ഭാരവാഹികൾ സന്ദർശിക്കുന്നതാണ്. റിപ്പോർട്ട് ബുക്കുകൾ കൃത്യതയോടെ സൂക്ഷിക്കുകയും സന്ദർശനസമയത്ത് ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്.

**മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി**
*വികാരി ജനറാൾ*

## <u>മരിയൻ പിൽഗ്രിം മിനിസ്ട്രി</u>

തലശ്ശേരി അതിരൂപതയുടെ ആഭിമുഖ്യത്തിൽ വിശുദ്ധ നാട് തീർത്ഥാടനം (ജോർദ്ദാൻ, ഇസ്രായേൽ, പാലസ്തീൻ, ഈജിപ്ത്) 2024 നവംബർ 12 മുതൽ 23 വരെയും, യൂറോപ്പ് മരിയൻ തീർത്ഥാടനം (ഇറ്റലി, വത്തിക്കാൻ, ഫ്രാൻസ്, സ്പെയിൻ, ജർമ്മനി, സ്വിറ്റ്സർലൻഡ്, പോർച്ചുഗൽ) 2024 ഒക്ടോബർ 20 മുതൽ നവംബർ 4 വരെയും ക്രമീകരിക്കുന്നു.

യാത്രകളെക്കുറിച്ച് കൂടുതൽ അറിയാനും സീറ്റുകൾ ബുക്ക് ചെയ്യുന്നതിനും 7306266198, 9447301718 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

**ഫാ. ജോർജ് വെള്ളരിങ്ങാട്ട്**
**ഡയറക്ടർ, മരിയൻ പിൽഗ്രിം മിനിസ്ട്രി**

## ACCOMPANYING DIFFERENTLY – ABLED AND AWAKENING MISSION (ADAM)

### ആലക്കോട് ബൈബിൾ സൊസൈറ്റി

സെപ്റ്റംബർ 1 ഞായർ. ജപമാലയുടെ ആരംഭിച്ച പ്രാർത്ഥന ശുശ്രൂഷകൾക്കുശേഷം വിശുദ്ധ ബലി അർപ്പിച്ചു. പരിശുദ്ധ അമ്മയുടെ ജനനതിരുനാൾ അനുബന്ധിച്ച് ജിമ്മി വരച്ച അമ്മയുടെ ചിത്രം പ്രകാശനം ചെയ്തു. ലോഗോസ് ക്വിസ് പരീക്ഷയ്ക്ക് പരിശീലനം നൽകി. ഒക്ടോബർ മാസത്തിൽ മാഹിയിൽ വിശുദ്ധ അമ്മ ത്രേസ്യയുടെ തിരുനാളിൽ പങ്കുചേരാൻ തീരുമാനിച്ചു.

### ബാംഗ്ലൂർ മിഷൻ

സെപ്റ്റംബർ 8 ഞായർ പരിശുദ്ധ അമ്മയുടെ ജനനത്തിരുനാളിൽ അംഗങ്ങൾ ഒരുമിച്ചുകൂടി ബലി അർപ്പിച്ച് പ്രാർത്ഥിച്ചു. മരിയൻ ഭക്തിഗാനങ്ങൾ ആംഗ്യഭാഷയിൽ ആലപിച്ചു. ശ്രീ ജോൺ ഒരുക്കിയ കേക്ക് മുറിച്ച് അമ്മയുടെ ജനന തിരുനാൾ മധുരകരമാക്കി.

### ആദം മിസ്ട്രി ഏഴാം വാർഷികം

സെപ്റ്റംബർ പതിമൂന്നാം തീയതി ആദം മിനിസ്ട്രിയുടെ ഏഴാം വാർഷികം കാരക്കുണ്ട് ഡോൺ ബോസ്കോ സ്പീച്ച് ആൻഡ് ഹിയറിങ് സ്കൂളിൽ വെച്ച് നടത്തപ്പെട്ടു. കുഞ്ഞുങ്ങൾക്ക് വിശുദ്ധ കുർബാന യും, ലക്ഷ്യബോധത്തെക്കുറിച്ച് ക്ലാസുകൾ നൽകുകയും ചെയ്തു. രക്ഷകർത്താക്കൾക്കായി 'ഭിന്നശേഷി സൗഹൃദ അന്തരീക്ഷം കുടുംബത്തിൽ' എന്ന വിഷയത്തെക്കുറിച്ച് ക്ലാസുകൾ നൽകി. സ്പെഷ്യൽ സ്കൂൾ സയൻസ് എക്സിബിഷനിൽ വിജയികളായ കുട്ടികൾക്ക് സമ്മാനങ്ങൾ നൽകി.

### കുടുംബങ്ങളിലൂടെ

കാലിച്ചാനടുക്കം. സെപ്റ്റംബർ 14ന് ആദം മിനിസ്റ്ററി അംഗമായ ഫെബിൻ കരിമുണ്ടക്കലിന്റെ സഹോദരി നയനയുടെ വിവാഹകർമ്മ

ത്തിൽ പങ്കുചേർന്നു. ജന്മനാ തളർന്ന അവസ്ഥയിലുള്ള ഫെബിൻ തന്റെ സഹോദരിയുടെ വിവാഹ ആഘോഷത്തിൽ ദൈവാലയത്തിൽ പ്രത്യേക മായൊരുക്കിയ കിടക്കയിൽ കിടന്ന് വിവാഹ ആഘോഷത്തിൽ പങ്കുചേർന്നു. ഭിന്നശേഷിക്കാരനായ മകനോട് സഹോദരനോട് കുടുംബവും ഇടവകാ സമൂഹവും പ്രകടിപ്പിച്ച കാരുണ്യസ്നേഹത്തിന് പരിഗണനയ്ക്ക് അഭിനന്ദനങ്ങൾ.

**റയറോം:** സെപ്റ്റംബർ 15ന് ആദം മിനിസ്ട്രി അംഗമായ കൊട്ടാര ത്തിൽ ഷാജിയുടെ മകളുടെ വിവാഹത്തോട് അനുബന്ധിച്ച് ഭവനം സന്ദർശിച്ച് പ്രാർത്ഥന നടത്തി. ഭിന്നശേഷിക്കാരനായ തങ്ങളുടെ പ്രിയ പിതാവിനെ ചേർത്തുപിടിക്കുന്ന, സ്നേഹിക്കുന്ന ജീവിതപങ്കാളിക്കും മക്കൾക്കും പ്രത്യേക അഭിനന്ദനങ്ങൾ.

## CRE - TRAINING PROGRAM

സെപ്റ്റംബർ 19, 20, 21 തീയതികളിൽ ഇടുക്കി അമർജ്യോതി സ്പെഷ്യൽ സ്കൂളിൽ വച്ച് നടത്തപ്പെട്ട Early Intervention ട്രെയിനിങ് പ്രോഗ്രാമിൽ പങ്കുചേർന്നു. ജനനം മുതൽ 3 വർഷക്കാലയളവിൽ കുഞ്ഞുങ്ങളിൽ കാണപ്പെടുന്ന സ്വഭാവപ്രത്യേകതകൾ, ശാരീരിക വൈകല്യങ്ങൾ ഇവ തിരിച്ചറിഞ്ഞ് വേണ്ട രീതിയിൽ പരിഹരിക്കുന്ന മാർഗങ്ങളെക്കുറിച്ച് വിവിധ ക്ലാസുകൾ നൽകപ്പെട്ടു.

## കാസർഗോഡ് അസോസിയേഷൻ ജൂബിലി ആഘോഷം

സെപ്റ്റംബർ 28 29 തീയതികളിൽ പാസ്റ്റ് സെന്ററിൽ വച്ച് നടത്തപ്പെട്ട കാസർഗോഡ് അസോസിയേഷന്റെ രജത ജൂബിലി ആഘോഷങ്ങളിൽ പങ്കുചേർന്നു. തലശ്ശേരി അതിരൂപത ആദം മിനിസ്ട്രിയുടെ ജൂബിലി മംഗളങ്ങൾ ആശംസിച്ചു. പ്രോഗ്രാമിൽ പരിഭാഷ നൽകുകയും, ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്തു.

## ലോഗോസ് ക്വിസ്

29-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് നടത്തപ്പെട്ട ലോഗോസ് ക്വിസിൽ ആലക്കോട് ബധിര ബൈബിൾ സൊസൈറ്റിയിലെ 30 ഓളം ആളുകൾ പങ്കുചേർന്നു. വചനം പഠിക്കുവാൻ, വചനത്തെ സ്നേഹിക്കുവാൻ കെസിബിസി ഒരുക്കുന്ന ലോഗോസ് ക്വിസ് ബധിര വിഭാഗത്തിൽ കഴിഞ്ഞ നാല് തവണയും ഒന്നാം സ്ഥാനം കരസ്ഥമാക്കിയത് ആദം മിനിസ്ട്രി അംഗങ്ങളാണ്.

**ഫാ. ജോർജ് കളരിമുറിയിൽ**
*ഡയറക്ടർ*

# കെ. സി. ബി. സി. മദ്യവിരുദ്ധസമിതി

## മുക്തിശ്രീ, എ. ഡി. എസ്. യു, പ്രതീക്ഷാ മദ്യപാനരോഗ ചികിത്സാകേന്ദ്രം

**മാധ്യമ രംഗം മദ്യ വിമുക്തമാകണം**

മദ്യവിമുക്ത കേരളം രൂപപ്പെടുത്തുന്നതിൽ മാധ്യമങ്ങൾക്കും സാംസ്കാരിക സംഘടനകൾക്കുമുള്ള പങ്ക് വളരെ വലുതാണെന്ന് അവ പൂർണ്ണമായും ഈ ആശയത്തെ ഉൾക്കൊള്ളണമെന്നും കെസിബിസി മദ്യവിരുദ്ധ സമിതിയുടെയും മുക്തിശ്രീയുടെയും 28/08/2024 ൽ പൈസക്കരിയിൽ ചേർന്ന തലശ്ശേരി അതിരൂപത കമ്മിറ്റി അഭിപ്രായപ്പെട്ടു. നവമാധ്യമങ്ങൾ വഴി മദ്യലഹരി ഉപയോഗങ്ങളെ പ്രോത്സാഹിപ്പിക്കുന്ന പ്രചാരണങ്ങൾ ഉണ്ടാകരുതെന്നും യുവജനങ്ങൾ ജാഗ്രത പുലർത്തി മദ്യവിരുദ്ധ പ്രവർത്തനങ്ങളിൽ പങ്കാളികളാകണം എന്നും യോഗം ആഹ്വാനം ചെയ്തു. യുവജനങ്ങൾ ഏറെ ഇഷ്ടപ്പെടുന്ന സിനിമകളിൽ മദ്യപാനത്തെയും ലഹരി വസ്തുക്കളുടെയും ഉപയോഗത്തെയും ആകർഷകമായി അവതരിപ്പിക്കരുത്. ഇന്ന് സിനിമാരംഗം നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധിയുടെ മൂലകാരണം മദ്യ ലഹരിവസ്തുക്കളുടെ ഉപയോഗം ആണെന്ന് സർക്കാർ നിയമിച്ച കമ്മീഷൻ തന്നെ ചൂണ്ടിക്കാണിച്ചിട്ടുള്ളത് ഭരണാധികാരികൾ കണ്ടിട്ടില്ലെന്ന് നടിക്കരുത്. ധനസമ്പാദനത്തിന് മദ്യവ്യാപാരം നടത്തുന്ന സർക്കാർ നിലപാട് അപലപനീയമാണ്. ഈ കാരണം കൊണ്ടുതന്നെ അക്രമങ്ങളുടെയും ഇന്ന് കേൾക്കുന്ന മൂല്യശോഷണത്തിന്റെയും പ്രതിസ്ഥാനത്ത് സർക്കാരാണ്. സാംസ്കാരിക നായകന്മാരും സംഘടനകളും വർദ്ധിച്ചുവരുന്ന മദ്യലഹരി ഉപയോഗങ്ങൾക്കെതിരെ രംഗത്ത് വരണമെന്നും യോഗം അഭ്യർത്ഥിച്ചു. പൈസക്കരി അസി. വികാരി ഫാ. നോയൽ ആനിക്കുഴിക്കാട്ടിൽ യോഗം ഉദ്ഘാടനം ചെയ്തു. മദ്യവിരുദ്ധ സമിതി അതിരൂപത പ്രസിഡന്റ് ടോമി സാർ വെട്ടിക്കാട്ട് അധ്യക്ഷത വഹിച്ചു. ജോസ് ചിറ്റേട്ട്, അഗസ്റ്റിൻ ചക്കാനിക്കുന്നേൽ, ജോസ് ചാരശ്ശേരിയിൽ, ഷിനോ പാറക്കൽ, വിൻസെന്റ് മുണ്ടാട്ടുചുണ്ടയിൽ, സോയി ജോസഫ്,

ഷെൽസി കാവനാടിയിൽ, പുഷ്പ വെള്ളിപ്പാടം, സിസ്റ്റർ ജോസ് മരിയ സിഎംസി, ജിൻസി കുഴിമുള്ളിൽ എന്നിവ പ്രസംഗിച്ചു.

**യൂത്ത് വിങ്ങിന് രൂപം നൽകുന്നു**

മദ്യവിരുദ്ധ പ്രവർത്തനങ്ങളിൽ നിർണായകമായ സ്വാധീനം ചെലുത്താൻ കഴിയുന്ന യൂത്ത് വിങ്ങിന് രൂപം നൽകാൻ കെസിബിസി മദ്യവിരുദ്ധ സമിതിയുടെയും മുക്തശ്രീയുടെയും 3/09/2024 മണിപ്പാറ സെന്റ് മേരിസ് ദൈവാലയത്തിൽ ചേർന്ന് അതിരൂപത എക്സിക്യൂട്ടീവ് യോഗം ആഹ്വാനം ചെയ്തു. ഇന്നത്തെ യുവതലമുറ ലഹരിവസ്തുക്കൾക്ക് അടിമകളായിക്കൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ യുവജന ബോധവൽക്കരണത്തിലൂടെ അവരുടെ ഐക്യം രൂപപ്പെടുന്നതിലൂടയേ മദ്യവിരുദ്ധ സമൂഹത്തിന് രൂപം നൽകാൻ കഴിയൂ എന്ന് യോഗം അഭിപ്രായപ്പെട്ടു. അതിരൂപത പ്രസിഡന്റ് ടോമി സാർ വെട്ടിക്കാട്ട് അധ്യക്ഷത വഹിച്ച യോഗം അതിരൂപത ഡയറക്ടർ റവ. ഫാ. ജോസഫ് പൂവത്തോലിൽ ഉദ്ഘാടനം ചെയ്തു. മണിപ്പാറ പള്ളി വികാരി റവ. ഫാ. ജെയ്സ് കുരിശുമുട്ടിൽ അനുഗ്രഹപ്രഭാഷണം നടത്തി. മുക്തിശ്രീ അതിരൂപത പ്രസിഡന്റ് ശ്രീമതി ഷിനോ പാറക്കൽ സ്വാഗതവും, ശ്രീമതി ഷെൽസി കാവനാടി നന്ദിയും പറഞ്ഞു. മണിക്കടവ് ഫൊറോന തല പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചുകൊണ്ട് യൂണിറ്റ് കമ്മിറ്റിക്ക് രൂപം നൽകുകയും ചെയ്തു.

**ഒക്ടോബർ 2 ഗാന്ധി സ്മൃതി സായം സംഗമം**

മദ്യവിരുദ്ധ ചിന്താഗതി ലോകത്തിന് സംഭാവന ചെയ്ത രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ ജന്മദിനമായ ഒക്ടോബർ 2 സായം സംഗമം ആലക്കോട് സംഘടിപ്പിക്കുവാൻ സെപ്റ്റംബർ പന്ത്രണ്ടാം തീയതി ആലക്കോട് ഫൊറോനയിൽ ചേർന്ന സ്വാഗതസംഘം തീരുമാനിച്ചു. ആലക്കോട് ഫൊറോന വികാരി ആൻറണി പുന്നൂറിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ മദ്യവിരുദ്ധ സമിതി ആലക്കോട് ഫൊറോന ഡയറക്ടർ ഫാദർ തോമസ് വട്ടൻകാട്ട്, അതിരൂപത പ്രസിഡൻറ് ടോമി സാർ വെട്ടിക്കാട്ട്, ജോസ് ചാലിശ്ശേരി, ഷെൽസി കാവനാടി, പുഷ്പ വെള്ളാപാടം പൈലി വലിയകണ്ടം എന്നിവർ സംബന്ധിച്ചു. രണ്ടാം തീയതി വൈകുന്നേരം ആലക്കോട് ടൗണിൽ ചേരുന്ന സംഗമം വിജയിപ്പിക്കുവാൻ ആലക്കോട് കമ്മിറ്റിക്ക് രൂപം നൽകുകയും ചെയ്തു.

**ടോമി വെട്ടിക്കാട്ട്**
*പ്രസിഡണ്ട്*

**ഫാ. ജോസഫ് പൂവത്തോലിൽ**
*ഡയറക്ടർ*

**ഷിനോ പാറക്കൽ**
*മുക്തിശ്രീ പ്രസിഡന്റ്*

# സോഷ്യൽ സർവ്വീസ് അപ്പൊസ്റ്റോലേറ്റ്

**ടി. എസ്. എസ്. എസ്.**

## സെപ്റ്റംബർ 01 - TSSS ദിനാചരണം

TSSS-ന്റെ 58-ാമത് സ്ഥാപകദിനം തലശ്ശേരി കേന്ദ്ര ഓഫീസിലും, മേഖലാ-യൂണിറ്റ് ഓഫീസുകളിലും സമുചിതമായി ആഘോഷിച്ചു. ദിനാചരണത്തോടനുബന്ധിച്ച് TSSS-ന്റെ പതാക ഉയർത്തുകയും, TSSS ആന്തം ആലപിക്കുകയും, മധുര വിതരണം നടത്തുകയും, വിവിധ സാമൂഹ്യ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു.

## മേഖലാതല അവലോകന യോഗങ്ങൾ

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ മേഖലാതല അവലോകനയോഗങ്ങൾ സംഘടിപ്പിച്ചു. പേരാവൂർ, നെല്ലിക്കാംപൊയിൽ, എടൂർ, ചെറുപുഴ, ചിറ്റാരിക്കാൽ, ആലക്കോട്, മേരിഗിരി, ചെമ്പേരി, പൈസക്കരി, വെള്ളരിക്കുണ്ട്, പനത്തടി തുടങ്ങിയ മേഖലകളുടെ അവലോകനയോഗങ്ങൾ തലശ്ശേരി അതിരൂപത വികാരി ജനറാളും, TSSS പ്രസിഡണ്ടുമായ മോൺ. ആന്റണി മുതുകുന്നേൽ നിർവ്വഹിച്ചു. വെരി. റവ. ഫാ. ഫിലിപ്പ് ഇരുപ്പക്കാട്ട്, വെരി. റവ. ഫാ. ജോൺസൺ അന്ത്യാംകുളം, റവ. ഫാ. സെബാസ്റ്റ്യൻ പൊടിമറ്റം, റവ. ഫാ. ജോസഫ് കുരിശുംമൂട്ടിൽ, റവ. ഫാ. ജോബി ചെരുവിൽ, റവ. ഫാ. ജോർജ് പഴേപറമ്പിൽ, റവ. ഫാ. ജോമിഷ് നൂറംമ്മാക്കൽ എന്നിവർ വിവിധയിടങ്ങളിലായി സംഘടിപ്പിച്ച അവലോകനയോഗങ്ങളിൽ അധ്യക്ഷത വഹിച്ചു. TSSS ഡയറക്ടർ ഫാ. ബിബിൻ വരമ്പകത്ത് സ്വാഗതവും, TSSS അതിരൂപതാ പ്രസിഡണ്ട് ശ്രീ. ജോഷി കുന്നത്ത് ആശംസയും, TSSS അസോസിയേറ്റ് ഡയറക്ടർ ഫാ. ലൂക്കോസ് മാടശ്ശേരി നന്ദിയും അർപ്പിച്ചു. 144 യൂണിറ്റുകളിൽ നിന്നുള്ള ജനപ്രതിനിധികൾ യോഗത്തിൽ സംബന്ധിക്കുകയും, അടുത്ത വർഷത്തെ TSSS-ന്റെ കർമ്മപദ്ധതികൾ ആസൂത്രണം നടത്തുകയും ചെയ്തു. ചെമ്പേരിയിൽ സംഘടിപ്പിച്ച അവലോകന യോഗങ്ങളുടെ സമാപന സമ്മേളനോദ്ഘാടനം തലശ്ശേരി അതിരൂപത വികാരി ജനറാളും, TSSS പ്രസിഡണ്ടുമായ മോൺ. ആന്റണി മുതുകുന്നേൽ നിർവ്വഹിച്ചു.

## പ്രതിമാസ പ്രവർത്തനങ്ങൾ

**2024 ഒക്ടോബർ മാസത്തിൽ നടത്തേണ്ട പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.**

**1) ഒക്ടോബർ 02**

## ഗാന്ധിജയന്തി (Gandi Jayanthi)

**പ്രവർത്തനം: സേവന വാരാചരണം**

* മേഖലാ-യൂണിറ്റ് ഓഫീസുകളും, പൊതുയിടങ്ങളും ശുചീകരിക്കുക.
* എല്ലാ അംഗങ്ങളും കുടുംബാംഗങ്ങളെ ഉൾപ്പെടുത്തി തങ്ങളുടെ വീടും പരിസരവും വൃത്തിയാക്കുക.

**2) ഒക്ടോബർ 10**

## ലോക മാനസികാരോഗ്യദിനം (World Mental Health Day)

**പ്രവർത്തനങ്ങൾ: മാനസികാരോഗ്യ ക്ലാസ്സുകൾ സംഘടിപ്പിക്കുക.**

മേഖലയിൽ രണ്ടോ മൂന്നോ ഇടങ്ങളിലായോ, അല്ലെങ്കിൽ മറ്റു സംഘടനകളുമായി ചേർന്ന് യൂണിറ്റ് തലങ്ങളിലോ മാനസികാരോഗ്യക്ലാസ്സുകൾ സംഘടിപ്പിക്കുക.

**3) ഒക്ടോബർ 15**

## ലോക വിദ്യാർത്ഥിദിനം (World Students Day)

**പ്രവർത്തനങ്ങൾ: വിദ്യാർത്ഥി പ്രോത്സാഹനം**

വിദ്യാർത്ഥികളുടെ പ്രോത്സാഹനാർത്ഥം ക്രിയാത്മകമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.

## യൂണിറ്റ് രൂപീകരണം

ആനപ്പന്തി, ഉമ്മറപൊയിൽ, ആയന്നൂർ, കോട്ടൂർ എന്നിവിടങ്ങളിൽ പുതിയ TSSS യൂണിറ്റുകൾ ആരംഭിച്ചു. പ്രസ്ഥാനത്തിന്റെ വളർച്ചയോടൊപ്പം ചേർന്നുനിന്നുകൊണ്ട് പുതിയ തുടക്കം കുറിച്ച യൂണിറ്റ് ഭാരവാഹികൾക്ക് പ്രത്യേകം അഭിനന്ദനങ്ങൾ.

**ആനപ്പന്തി**

| | |
|---|---|
| *പ്രസിഡണ്ട്* | : സജി വലിയതൊട്ടിയിൽ |
| *വൈസ് പ്രസിഡണ്ട്* | : സാംകുട്ടി പറമുണ്ടയിൽ |
| *സെക്രട്ടറി* | : സജി കാട്ടൂർ |
| *ജോയിന്റ് സെക്രട്ടറി* | : ത്രേസ്യാമ്മ ചവറനാൽ |
| *ആനിമേറ്റർ* | : സി. മേരി SABS |
| *കമ്മിറ്റി അംഗങ്ങൾ* | : തോമസ് കെ.സി. കാഞ്ഞമല |
| | : മനോജ് പൊടിപ്പാറ |
| | : ഫ്രാൻസിസ് വലിയതൊട്ടി |
| | : മത്തായി കളപ്പുര |
| | : ഷാജു ഇടശ്ശേരി |
| | : ഷിജി കാഞ്ഞമല |

**ഉമ്മറപൊയിൽ**

| | |
|---|---|
| *പ്രസിഡണ്ട്* | : ജോണി വടക്കേൽ |
| *വൈസ് പ്രസിഡണ്ട്* | : ജോസ് മുണ്ടുപാലത്ത് |
| *സെക്രട്ടറി* | : ജോസഫ് എം.ജെ. മുരിങ്ങയിൽ |
| *ജോയിന്റ് സെക്രട്ടറി* | : സജി കൈതക്കൽ |
| *ആനിമേറ്റർ* | : സി. ടെസ്സ് മാത്യു |

**ആയന്നൂർ**

*പ്രസിഡണ്ട്* : ബിനു ഇളയാനിത്തോട്ടം
(*വൈസ് പ്രസിഡണ്ട്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, കമ്മിറ്റി അംഗങ്ങൾ* തുടങ്ങിയവരെ അടുത്ത മീറ്റിംഗിൽ തെരഞ്ഞെടുക്കുന്നതാണ്.)

**കോട്ടൂർ**

*പ്രസിഡണ്ട്* : ഷിജോ മഞ്ചപ്പള്ളി
*വൈസ് പ്രസിഡണ്ട്* : ജോസഫ് പാറേക്കാട്ടിൽ
*സെക്രട്ടറി* : വർഗ്ഗീസ് ജോൺ
*ജോയിന്റ് സെക്രട്ടറി* : മനോജ് എം.പി.
*കമ്മിറ്റി അംഗങ്ങൾ* : അരുൺ ഏറത്തേടത്ത്
: ബിജു ചിറ്റുപറമ്പിൽ

## വിദ്യാർത്ഥികൾക്കായി ക്വിസ് മത്സരം

2024 സെപ്റ്റംബർ 13 വെള്ളിയാഴ്ച റോട്ടറി ഡൗൺടൗൺ ഓടയംചാലും കമ്മ്യൂണിറ്റി റേഡിയോ RADIO 4U 89.6-ഉം സംയുക്തമായി വിദ്യാർത്ഥികൾക്കായി ക്വിസ് മത്സരം സംഘടിപ്പിച്ചു. കുട്ടികളുടെ ബുദ്ധിവൈഭവം തെളിയിക്കുന്നതിനു വേണ്ടി സംഘടിപ്പിച്ച ക്വിസ് മത്സരത്തിൽ ഹൈസ്കൂൾ വരെയുള്ള വിദ്യാർത്ഥി കൾക്കാണ് അവസരം ഒരുക്കിയത്. സ്വാതന്ത്ര്യസമരം, സമകാലികം എന്നീ വിഷയങ്ങളെ ആസ്പദ മാക്കി ക്വിസ് മാസ്റ്റർ ശ്രീ. ഗണേശൻ അയറോട്ടാണ് മത്സരം നയിച്ചത്. ഒന്നാം സമ്മാനം ഡോ. അംബേദ്കർ സ്കൂൾ കോടോത്തിലെ വിദ്യാർത്ഥികളും, രണ്ടാം സമ്മാനം ജി.എച്ച്.എസ്. ഇരിയയിലെ വിദ്യാർത്ഥികളും കരസ്ഥമാക്കി. കൂടാതെ മത്സരത്തിൽ പങ്കെടുത്ത വിദ്യാർത്ഥികൾക്കെല്ലാം സർട്ടിഫിക്കറ്റുകളും പ്രോത്സാഹന സമ്മാനങ്ങളും നൽകി. റോട്ടറി ഡൗൺടൗൺ ഓടയംചാൽ പ്രസിഡന്റ് ശ്രീ. ഷാജുജോസ് അധ്യക്ഷനായിരുന്നു. ശ്രീ. രാജേഷ് കാമത്ത് മത്സരത്തിന്റെ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. RADIO 4U 89.6 സ്റ്റേഷൻ ഡയറക്ടർ ഫാ. ജിതിൻ കളത്തിൽ, ശ്രീ. തമ്പാൻ കോടോത്ത്, ശ്രീ. രാജൻ ആവണി, ശ്രീമതി ബേബി കമലോൻ, ശ്രീ. പ്രശാന്ത് വി ജോസഫ് എന്നിവർ പങ്കെടുത്തു.

## വിദ്യാഭ്യാസസഹായം

മണ്ടളം, കുടിയാന്മല എന്നീ യൂണിറ്റുകളിലെ തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥി കൾക്ക് സ്കോളർഷിപ്പും, ചെമ്പേരി, മണിപ്പാറ, നടുവിൽ യൂണിറ്റുകളിലെ തെരഞ്ഞെടു ക്കപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനസഹായമായി ക്യാഷ് അവാർഡുകളും നൽകി. പുന്നക്കുന്ന്, കനീലടുക്കം യൂണിറ്റുകളിൽ വിദ്യാഭ്യാസരംഗത്ത് മികവ് പുലർത്തിയ വിദ്യാർത്ഥികൾക്ക് മെമെന്റോ, ക്യാഷ് പ്രൈസ് എന്നിവ നൽകി ആദരിക്കുകയും, നോട്ടുബുക്ക് വിതരണം നടത്തുകയും ചെയ്തു.

## ദിനാചരണങ്ങൾ

### 1). TSSS ദിനാചരണം

കടുമേനി, ചൂരപ്പടവ്, കണ്ണിവയൽ, അരവഞ്ചാൽ, മണ്ഡപം, ചട്ടമല, രയറോം, കാവുംതല, തിരുമേനി, രാജഗിരി, താബോർ, കോഴിച്ചാൽ, വരക്കാട്, പാലാവയൽ

ക്രെഡിറ്റ് യൂണിയൻ പുളിങ്ങോം MSS & CU, കൊന്നക്കാട്, മാലോം, ചുള്ളി, കമ്പല്ലൂർ, പുന്നക്കുന്ന്, പാടിയോട്ടുചാൽ, നാട്ടക്കൽ, ചെറുപാറ, ആനമഞ്ഞൾ, കനകപ്പള്ളി, വെള്ളരിക്കുണ്ട്, കോഴിച്ചാൽ, മുളപ്ര, പച്ചാണി യൂണിറ്റ്, പരപ്പ MSS & CU, ഭീമനടി, കൊളക്കാട്, പുഞ്ച, കുന്നുംകൈ, ചട്ടമല, നെടുംപുറംചാൽ, പാണത്തൂർ, തോമാപുരം, കാലിച്ചാനടുക്കം, കാഞ്ഞിരടുക്കം, പടുപ്പ്, പനത്തടി, കനീലടുക്കം, കള്ളാർ, പടിമരുത്, പുല്ലടി, കരിവേടകം, മാനടുക്കം, കൊട്ടോടി, കാഞ്ഞങ്ങാട്, എണ്ണപ്പാറ, ബദിയടുക്ക, ചേപ്പറമ്പ്, ചെമ്പന്തൊട്ടി MSS & CU, കുടിയാന്മല MSS & CU, ലിസിഗിരി, അരീക്കമല, നടുവിൽ, നെല്ലിക്കുറ്റി, ദീപഗിരി, പൊട്ടൻപ്ലാവ്, ചെമ്പേരി, നെടുവാലൂർ, പുലിക്കുരുമ്പ, പൈസക്കരി, ഏറ്റുപ്പാറ, ചുണ്ടപറമ്പ, ചന്ദനക്കാംപാറ, വെമ്പുവ, ജോസ്മൗണ്ട്, ഷിമോഗാ നഗർ, കാലാങ്കി, മാട്ടറ, തേർമല, ശാന്തിനഗർ, മണിപ്പാറ, ആനറ, അറബി, നെല്ലിക്കാംപൊയിൽ, കാഞ്ഞിരക്കൊല്ലി, ആലക്കോട്, ചീക്കാട്, കാർത്തികപുരം, മണക്കടവ്, പരപ്പ, മണ്ടളം, വെണ്ണക്കല്ല്, ചെടിക്കുളം, എടപ്പുഴ, എടൂർ MSS & CU, കരിക്കോട്ടക്കരി, മാങ്ങോട്, ഉരുപ്പുംകുറ്റി, വെളിമാനം തുടങ്ങിയ യൂണിറ്റുകളിൽ TSSS ദിനാചരണത്തോടനുബന്ധിച്ച് TSSS-ന്റെ പതാക ഉയർത്തുകയും, ആന്തം ആലപിക്കുകയും, മധുരം വിതരണം ചെയ്യുകയും, വിവിധ സാമൂഹ്യസേവന പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു.

## 2) ദേശീയ അധ്യാപകദിനവും സാക്ഷരതാവാരവും

കടുമേനി, കണ്ണിവയൽ, അരവഞ്ചാൽ, കാഞ്ഞിരടുക്കം, കനീലടുക്കം, കുടിയാന്മല, കാലാങ്കി, അറബി, എടൂർ, മണ്ഡപം, പുളിങ്ങോം, തിരുമേനി, താബോർ, കോഴിച്ചാൽ, പുളിങ്ങോം, മാലോം, പുഞ്ച, ചുള്ളി, പുന്നക്കുന്ന്, നാട്ടക്കൽ, കനകപ്പള്ളി, വെള്ളരിക്കുണ്ട്, പാണത്തൂർ, രാജമുടി, നെടുംപുറംചാൽ, പരപ്പ, മുളപ്ര, പുഞ്ച, വരക്കാട്, കമ്പല്ലൂർ, കുന്നുംകൈ, തോമാപുരം, കാലിച്ചാനടുക്കം, ചട്ടമല, കൊളക്കാട്, പനത്തടി, കുടിയാന്മല, കരുവഞ്ചാൽ, മണക്കടവ്, വിളക്കന്നൂർ, പാത്തൻപാറ, കാർത്തികപുരം, പാണത്തൂർ, കള്ളാർ, കരിവേടകം, കാഞ്ഞങ്ങാട്, എണ്ണപ്പാറ, ബദിയടുക്ക, പൊട്ടംപ്ലാവ്, ചെമ്പേരി, നെല്ലിക്കുറ്റി, ചെമ്പന്തൊട്ടി, നെല്ലിക്കാംപൊയിൽ, ആലക്കോട്, വായാട്ടുപറമ്പ്, പാലാവയൽ, രയറോം, മണ്ടളം, ചേപ്പറമ്പ്, ലിസിഗിരി, അരീക്കമല, പൊട്ടൻപ്ലാവ്, നടുവിൽ, പുലിക്കുരുമ്പ, പൈസക്കരി, ചുണ്ടപറമ്പ, ചന്ദനക്കാംപാറ, വെമ്പുവ, വെണ്ണക്കല്ല്, മാട്ടറ, ആനറ, മുണ്ടാനൂർ, കാഞ്ഞിരക്കൊല്ലി തുടങ്ങിയ യൂണിറ്റുകളിൽ ദേശീയ അധ്യാപകദിനവും സാക്ഷരതാവാരവും ആചരിച്ചു. TSSS യൂണിറ്റുകളുടെയും വിവിധ സംഘടനകളുടെയും സഹകരണത്തോടെ അതാത് പ്രദേശത്തെ തെരഞ്ഞെടുക്കപ്പെട്ട അധ്യാപകരെ യൂണിറ്റുകളുടെ നേതൃത്വത്തിൽ പൊന്നാട അണിയിച്ച് ആദരിക്കുകയും അനുമോദിക്കുകയും ഉപഹാരങ്ങൾ നൽകുകയും ചെയ്തു. കൂടാതെ, സ്കൂൾ, നേഴ്സറി വിദ്യാർത്ഥികൾക്ക് മധുരവിതരണം നടത്തുകയും, വിവിധയിടങ്ങളിൽ കേക്ക് മുറിച്ചും, വിദ്യാർത്ഥികളുടെ കലാപരിപാടികൾ സംഘടിപ്പിച്ചും, സ്കൂൾ ലൈബ്രറികളിലേക്ക് ബുക്കുകൾ നൽകികൊണ്ടും ദേശീയ അധ്യാപകദിനവും സാക്ഷരതാവാരവും TSSS യൂണിറ്റുകൾ ആചരിച്ചു.

## 3) അൽഷിമേഴ്സ് ഡേ

അൽഷിമേഴ്സ് ദിനത്തോടനുബന്ധിച്ച് കനകപ്പള്ളി, വെള്ളരിക്കുണ്ട്, മുണ്ടാനൂർ തുടങ്ങിയ യൂണിറ്റുകൾ അൽഷിമേഴ്സ് ബാധിച്ച രോഗികളെ സന്ദർശിക്കുകയും ആവശ്യസാധനകളും സാമ്പത്തിക സഹായങ്ങളും നൽകുകയും ചെയ്തു.

## മറ്റു പ്രവർത്തനങ്ങൾ

* അരവഞ്ചാൽ യൂണിറ്റ് കാഞ്ഞങ്ങാട് അഗതിമന്ദിരത്തിൽ ഭക്ഷ്യസാധനങ്ങൾ നൽകി.
* ജോസ്ഗിരി യൂണിറ്റ് വിധവാസംഗമം സംഘടിപ്പിക്കുകയും പങ്കെടുത്തവർക്ക് ഉപഹാരങ്ങൾ നൽകി ആദരിക്കുകയും ചെയ്തു
* പുന്നക്കുന്ന് യൂണിറ്റും, പുഞ്ച യൂണിറ്റും പുന്നക്കുന്ന് അഗതിമന്ദിരത്തിൽ പൊതിച്ചോറുകൾ വിതരണം ചെയ്തു.
* പുഞ്ച യൂണിറ്റ് വാർഷിക പൊതുയോഗദിനത്തിൽ 10000/- രൂപയുടെ ആടു വിതരണം നടത്തി.
* തോമാപുരം ഗ്രാമിക ചിറ്റാരിക്കാൽ ജ്യോതിഭവൻ സ്പെഷ്യൽ സ്കൂൾ സന്ദർശിച്ചു സഹായങ്ങൾ നൽകുകയും സൺഡേ സ്റ്റാൾ ആരംഭിക്കുകയും ചെയ്തു.
* ആർമിയിൽ സേവനം ചെയ്തുകൊണ്ടിരിക്കുന്ന സൈനികനെ ചെട്ടിയാംപറമ്പ് യൂണിറ്റിന്റെ നേതൃത്വത്തിൽ ആദരിച്ചു.
* രയറോം യൂണിറ്റിന്റെ നേതൃത്വത്തിൽ കൂൺകൃഷി ആരംഭിക്കുന്നതിനുവേണ്ടി സെപ്റ്റംബർ 2 മുതൽ 6 വരെ പന്നിയൂർ കൃഷിവിജ്ഞാനകേന്ദ്രത്തിൽ നടത്തിയ സെമിനാറിൽ യൂണിറ്റ് അംഗങ്ങൾ പങ്കെടുത്തു. യൂണിറ്റിലെ ഒരു നിർധന കുടുംബത്തിന്റെ ഭവനം സന്ദർശിക്കുകയും, ആവശ്യമായ വസ്ത്രങ്ങളും ഭക്ഷണസാധനങ്ങളും മരുന്നും വാങ്ങി നൽകുകയും ചെയ്തു.
* ചെറുപാറ യൂണിറ്റിന്റെ നേതൃത്വത്തിൽ ഒരു നിർധന കുടുംബത്തിന് വീട് നിർമ്മാണത്തിന് ധനസഹായം നൽകി.
* പാണത്തൂർ യൂണിറ്റിന്റെ നേതൃത്വത്തിൽ അഗതിമന്ദിരം സന്ദർശിക്കുകയും സാമ്പത്തിക സഹായം നൽകുകയും, പാലിയേറ്റീവ് കെയറുമായി സഹകരിച്ച് രോഗിപരിചരണം നടത്തുകയും, പ്രദേശത്തെ പ്രായമായ ഒരു വൃദ്ധമാതാവിനെ കണ്ണൂർ വൃദ്ധമന്ദിരത്തിലാക്കുകയും സാമ്പത്തിക സഹായം നൽകുകയും ചെയ്തു.
* കാലിച്ചാനടുക്കം യൂണിറ്റ് സെപ്റ്റംബർ 2 നാളികേരദിനത്തിൽ തെങ്ങിൻതൈ നടുകയും, സെപ്റ്റംബർ 11 ലോക ഫസ്റ്റ്എയ്ഡ് ദിനത്തിൽ പ്രഥമശുശ്രൂഷാ കിറ്റ് വിതരണം നടത്തുകയും, കാരംസ് ടൂർണമെന്റ് സംഘടിപ്പിക്കുകയും ചെയ്തു.
* കാഞ്ഞിരടുക്കം യൂണിറ്റിന്റെ നേതൃത്വത്തിൽ മിനിമാക്സ് ഉദ്ഘാടനം നടത്തി.
* പുല്ലടി യൂണിറ്റ് പുന്നക്കുന്ന് അഗതിമന്ദിരത്തിൽ ഭക്ഷണം വിതരണം നടത്തുകയും, പെരുമ്പള്ളി ആശ്രമത്തിൽ സാമ്പത്തിക സഹായം നൽകുകയും ചെയ്തു.
* ചേപ്പറമ്പ യൂണിറ്റ് മാതൃവേദിയുമായി സഹകരിച്ച് വിധവസംഗമവും ക്ലാസും സംഘടിപ്പിച്ചു.
* ചെമ്പന്തൊട്ടി യൂണിറ്റിന്റെ നേതൃത്വത്തിൽ ഭവന നിർമ്മാണ സഹായവും, ഒരു നിർധന കുടുംബത്തിന് സാമ്പത്തിക സഹായവും ലഭ്യമാക്കി. 1600/- രൂപയുടെ

പച്ചക്കറി തൈകൾ ഒരു രൂപയ്ക്ക് വിതരണം ചെയ്യുകയും, സമിരിറ്റൻ, സീനിയർ ചേമ്പർ, CU, YMCA, മാതൃവേദി കൂട്ടായ്മകളോടൊപ്പം സംയുക്തമായി ജീവൻരക്ഷാ പരിശീലനക്യാമ്പും ക്ലാസും സംഘടിപ്പിച്ചു.

* കുടിയാന്മല MSS & CU, മാതൃവേദിയുമായും ഏരുവേശ്ശി ഗ്രാമപഞ്ചായത്തുമായും സഹകരിച്ച് യോഗ ക്ലബ്ബ് രൂപീകരിക്കുകയും, ക്ലാസ് നടത്തുകയും, സൗജന്യ യോഗ പരിശീലനം സംഘടിപ്പിക്കുകയും ചെയ്തു.
* പുലിക്കുരുമ്പ ക്രെഡിറ്റ് യൂണിയൻറെ നേതൃത്വത്തിൽ പച്ചക്കറി തൈകളും വിത്തുവിതരണവും നടത്തുകയും, 70 വയസായ ഭരണസമിതി അംഗങ്ങളെ ആദരിക്കുകയും ചെയ്തു.
* മണിപ്പാറ യൂണിറ്റിന്റെ നേതൃത്വത്തിൽ സൺഡേ സ്കൂളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും ഉച്ചഭക്ഷണം നൽകി. മണിപ്പാറ ട്രസ്റ്റ് പുതിയതായി അഞ്ച് അംഗങ്ങൾക്ക് മെമ്പർഷിപ്പ് നൽകി.
* മുണ്ടാനൂർ MSS & CU വാർഷിക പൊതുയോഗം നടത്തുവാൻ തീരുമാനിച്ചു. മികച്ച കർഷകർ, SSLC, PLUS TWO ഉന്നത വിജയികൾ എന്നിവരെ ആദരിക്കുവാനും 10 അംഗങ്ങൾ പൊതുയോഗത്തിൽ പങ്കെടുക്കാനും തീരുമാനിച്ചു.
* തേർമല യൂണിറ്റിലെ വനിതകൾക്ക് റബർ ബോർഡിന്റെ സഹായത്തോടെ ടാപ്പിംഗ് പരിശീലനം നടത്തി.
* കാഞ്ഞിരക്കൊല്ലി യൂണിറ്റിന്റെ നേതൃത്വത്തിൽ റോഡ് പരിസരം, കാന എന്നിവ വൃത്തിയാക്കി.
* കീഴ്പ്പള്ളി യൂണിറ്റ് വിലങ്ങാടിനുവേണ്ടി നടത്തിയ ബിരിയാണി ചലഞ്ചിലും, ബസ്സുകളുടെ കാരുണ്യയാത്രയിലും മുഖ്യസഹകാരികളായി.
* വെളിമാനം യൂണിറ്റ് സൺഡേ സ്റ്റാൾ ആരംഭിച്ചു.
* വിളക്കന്നൂർ യൂണിറ്റ് ഞായറാഴ്ച സ്റ്റാൾ സംഘടിപ്പിച്ച് പച്ചക്കറികളും വിവിധ ഉൽപന്നങ്ങൾ വിതരണം നടത്തുകയും ചെയ്തു.

## SHG/JLG

* എടൂർ മേഖലയിൽ വെച്ച് നടത്തിയ SHG ലോൺ ഡോക്യുമെന്റേഷൻ പ്രോഗ്രാം TSSS അസോ. ഡയറക്ടർ ഫാ. ലൂക്കോസ് മാടശ്ശേരി ഉദ്ഘാടനം ചെയ്തു.
* മണക്കടവ് യൂണിറ്റ് പുതുതായി 2 ഗ്രാമിക SHG-കൾ ആരംഭിച്ചു.
* മണിപ്പാറ ട്രസ്റ്റ് SHG ലോൺ ഡോക്യുമെന്റ് വെരിഫിക്കേഷൻ ക്യാമ്പ് സംഘടിപ്പിക്കുകയും, 103 പേർ ക്യാമ്പിൽ പങ്കെടുക്കുകയും ചെയ്തു. ധനലക്ഷ്മി ബാങ്കിൽ നിന്നും 69 അംഗങ്ങൾക്ക് ഒരു ലക്ഷം വീതം ആകെ 69 ലക്ഷം രൂപ SHG ലോൺ ലഭ്യമാക്കി.
* മുണ്ടാനൂർ യൂണിറ്റ് SHG വിസിറ്റിങ് നടത്തി.
* കാഞ്ഞിരക്കൊല്ലി ട്രസ്റ്റ് SHG & JLG നിയമാവലി സെമിനാർ നടത്തി.

**ഫാ. ലൂക്കോസ് മാടശ്ശേരി**
*അസോ. ഡയറക്ടർ*

**ഫാ. സ്കറിയ വരമ്പകത്ത്**
*ഡയറക്ടർ*

# എയ്ഞ്ചൽ ട്രസ്റ്റ്

**1. സന്തോഷവാർത്ത**

കരുവഞ്ചാൽ, ഇരിട്ടി, ചെമ്പേരി ഡയാലിസിസ് സെന്ററുകൾ കാര്യക്ഷമമായി പ്രവർത്തനം നടത്തുന്നു എന്നത് അഭിമാനകരമാണ്. ഓരോ മാസവും വിവിധ സെന്ററുകളിലായി 1200 ൽ പരം ഡയാലിസിസ് നടത്തുന്നുണ്ട്. ഉദാരമായി സഹായ സഹകരണം നൽകുന്ന ഏവരെയും ആദരവോടെ സ്മരിക്കുന്നു.

**2. ഡയറക്ടർമാരുടെ സമ്മേളനം**

ഇതിനോടകം ഫൊറോനാതല ഡയറക്ടർ അച്ചന്മാരുടെയും ഫൊറോനാ വികാരിയച്ചന്മാരുടെയും മീറ്റിംഗ് വിളിച്ചു ചേർത്ത് എല്ലാ കാര്യങ്ങളിലും കൃത്യത വരുത്തിയിട്ടുണ്ട്. എല്ലാ ഇടവകകളും ഫൊറോനാ സംവിധാനത്തോട് സഹകരിച്ച് ഈ ജീവകാരുണ്യ സംരംഭത്തെ വളർത്തുമല്ലോ.

കരുവഞ്ചാൽ സെന്ററിന് വന്ന 12 ലക്ഷത്തിൽ പരം കുടിശ്ശിക, നിർദിഷ്ട ഫൊറോനകൾ കുടിശ്ശിക തീർത്തു നല്കാൻ സന്മനസ്സ് കാണിക്കണം. നമ്മുടെ 19 ഫൊറോനകളിലും മാസധ്യാന സമയത്ത് നിശ്ചിതപണം സ്വരൂപിച്ച് ഫൊറോനതല അക്കൗണ്ടിൽ നിക്ഷേപിക്കണം. എല്ലാ വരവ് ചിലവുകൾക്കും രേഖ ഉണ്ടായിരിക്കുകയും തുകകൾ ബാങ്ക് വഴി മാത്രം കൈകാര്യം ചെയ്യുകയും വേണം. വലിയ തുകകൾ സംഭാവനയായി സ്വീകരിക്കുമ്പോൾ തരുന്ന വ്യക്തികളുടെ ആധാർ & പാൻ നമ്പർ രേഖപ്പെടുത്തണം.

**3. പ്രത്യേക ശ്രദ്ധയ്ക്ക്**

ഓരോമാസവും 1080,000 ൽ പരം രൂപ ഡയാലിസിസ് നടത്തുവാൻ ചിലവ് വരുന്നുണ്ട്. ആകയാൽ ഡയാലിസിസ് ചെയ്യാൻ രോഗികൾ ഇല്ലാത്ത ഫൊറോനകളും പണം സ്വരൂപിക്കുന്ന നല്ല രീതി തുടരുകയും മറ്റു ഫൊറോനകളിലുള്ള രോഗികളെ സഹായിക്കത്തക്കവിധം

ഫണ്ട് ഡയാലിസിസ് സെന്ററുകൾക്ക് നിർദ്ദേശാനുസരണം കൈമാറുകയും ചെയ്യണം. എല്ലാ ഫൊറോനകളും സാധ്യമായ തുക സമാഹരിക്കണമെന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**ഫൊറോനാതല ഡയറക്ടർമാർ**

| | | |
|---|---|---|
| ആലക്കോട് | : | ഫാ. ജോമിഷ് നൂറമ്മാക്കൽ |
| ചെമ്പന്തൊട്ടി | : | ഫാ. പോൾ എടത്തിനാകത്ത്. |
| ചെമ്പേരി | : | ഫാ. മാത്യു ഓലിക്കൽ |
| ചെറുപുഴ | : | ഫാ. ജോർജ് മുണ്ടൻകുന്നേൽ |
| എടൂർ | : | ഫാ. കുര്യാക്കോസ് കളരിക്കൽ |
| കാഞ്ഞങ്ങാട് | : | ഫാ മാത്യു ഇളംതുരുത്തിപ്പടവിൽ |
| കാസർഗോഡ് | : | ഫാ. ജോർജ് വള്ളിമല |
| കുന്നോത്ത് | : | ഫാ. സേവ്യർ തേലേക്കാട്ട് |
| മാലോം | : | ഫാ. ജോർജ് വെളരിങ്ങാട്ട് |
| മണിക്കടവ് | : | ഫാ. ജോസഫ് കുരിശുംമൂട്ടിൽ |
| മേരിഗിരി | : | ഫാ. ജോസ് പൂവന്നിക്കുന്നേൽ |
| നെല്ലിക്കാംപൊയിൽ | : | ഫാ. ജോസഫ് മുണ്ടപ്ലാക്കൽ |
| പൈസക്കരി | : | ഫാ. വർഗ്ഗീസ് കളപ്പുരക്കൽ |
| പനത്തടി | : | ഫാ. ജോർജ് പഴേപറമ്പിൽ |
| പേരാവൂർ | : | ഫാ. സെബാസ്റ്റ്യൻ പൊടിമറ്റം |
| തളിപ്പറമ്പ് | : | ഫാ. ജോർജ് പുഞ്ചത്തറപ്പേൽ |
| തോമാപുരം | : | ഫാ. മാത്യു പ്രവർത്തുമലയിൽ |
| വായാട്ടുപറമ്പ | : | ഫാ. ജേക്കബ് പള്ളിനീരാക്കൽ |
| വെള്ളരിക്കുണ്ട് | : | ഫാ. സ്കറിയ ചിരനിക്കൽ |

ഫൊറോനാ ഡയറക്ടറച്ചന്മാരുടെ ഉത്തരവാദിത്തത്തിൽ കണക്കുകളും രേഖകളും കൃത്യമായി സൂക്ഷിക്കുകയും തുക സമാഹരിക്കുകയും ചെയ്യുമല്ലോ. ഡിസംബർ മാസത്തിൽ നിലവിലുള്ള കണക്കുകൾ ഓഡിറ്റ് ചെയ്യുന്നതാണ്.

**മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി**
*വികാരി ജനറാൾ*

# ധ്യാനകേന്ദ്രങ്ങളിലൂടെ
## 2024 ഒക്ടോബർ

**1. മദർഹോം, പരിയാരം; ഫോൺ: 9446567101, 8606603101**

| | | |
|---|---|---|
| ഒക്ടോബർ 06-10 | : | ആന്തരീക സൗഖ്യ ധ്യാനം |
| 12 | : | വചനാഗ്നി (Live 9 am -2.30 pm) ഏകദിന കൺവെൻഷൻ |
| 13-16 | : | കന്നഡ ധ്യാനം |
| 20-24 | : | ആന്തരീക സൗഖ്യ ധ്യാനം |
| 25 (10 am) - | : | RHEMA - 4 |
| 27 (5 pm) | : | വിശ്വാസപരിശീലകരുടെ ധ്യാനം (തലശ്ശേരി അതിരൂപത) |

**2. വിമലഗിരി ധ്യാനകേന്ദ്രം, പട്ടാരം - ഇരിട്ടി, ഫോൺ: 6282732852**

| | | |
|---|---|---|
| ഒക്ടോ. 05,19,26 | : | ഏകദിന ധ്യാനം |
| 12-16 | : | ആന്തരീക സൗഖ്യ ധ്യാനം |
| 18 | : | പ്രേഷിത കൂട്ടായ്മ |
| 19-23 | : | മരിയൻ റിട്രീറ്റ് |
| 25 | : | ജാഗരണ പ്രാർത്ഥന |
| 26-30 | : | ആന്തരീക സൗഖ്യ ധ്യാനം |

**3. ഐഎംഎസ് ധ്യാനകേന്ദ്രം, കൂട്ടുപുഴ (പേരട്ട), ഫോൺ: 8281272873**

| | | |
|---|---|---|
| ഒക്ടോബർ 05 | : | ഏകദിന ധ്യാനം (9 am-2 pm) |
| 06-09 | : | ആന്തരിക സൗഖ്യാനുഭവ ധ്യാനം |
| 17-20 | : | ദിവ്യകാരുണ്യാനുഭവ ധ്യാനം |
| 19 | : | മദ്ധ്യസ്ഥ പ്രാർത്ഥന (2 pm - 4 pm) |
| 27-29 | : | മരിയൻ ധ്യാനം |

**4. സീയോൺ ധ്യാനകേന്ദ്രം, നെല്ലിക്കുറ്റി, ഫോൺ : 7306859339**

| | | |
|---|---|---|
| ഒക്ടോബർ 02 | : | സീയോൺ വിങ്സ് |
| 05 | : | ഏകദിന ശുശ്രൂഷ (അഖണ്ഡ ജപമാല, Spiritual Sharing , 10 am - 3 pm) |
| 11 | : | ജാഗരണ പ്രാർത്ഥന |
| 27-31 | : | ആന്തരീക സൗഖ്യ ധ്യാനം |

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോസഫ് പാംപ്ലാനി

### ആഗസ്റ്റ് 2024

21-31 സീറോ മലബാർ സഭാ സിനഡിൽ പങ്കെടുത്തു.

23-25 പാലായിൽവച്ച് നടത്തിയ സീറോമലബാർ സഭാ അസംബ്ലിയിൽ പങ്കെടുത്തു.

### സെപ്റ്റംബർ 2024

01 അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു. ഉച്ചയ്ക്കുശേഷം സാങ്താ മാതാ നഴ്സിംഗ് കോളേജ് മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. വൈകുന്നേരം അതിരൂപതാ കേന്ദ്രത്തിലെത്തിയ സൗത്ത് സുഡാൻ ബിഷപ്പ് മാത്യു റെമിജോ ആദം പിതാവിനെ സ്വീകരിച്ചു.

02 തിരുവമ്പാടി ഫൊറോനാ ദൈവാലയത്തിൽവച്ച് മിഥുൻ ജോർജ് തേവർകുന്നേലിന്റെയും അലീനാ കുര്യൻ കൊക്കോപ്പുഴയുടെയും വിവാഹം ആശീർവ്വദിച്ചു. ഉച്ചയ്ക്കുശേഷം തലശ്ശേരിയിൽവച്ച് ചേർന്ന ബയോമൗണ്ടൻ ജനറൽ ബോഡി മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. വൈകുന്നേരം സന്ദേശഭവൻ സ്റ്റാഫ് മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

03 രാവിലെ തോമാപുരത്തുവച്ച് ചേർന്ന ദിവ്യകാരുണ്യ കോൺഫറൻസ് സംഘാടക സമിതി യോഗത്തിന് അധ്യക്ഷത വഹിച്ചു. തുടർന്ന് പുതുതായി നിർമ്മിച്ച ദിവ്യകാരുണ്യ കൂടാരം വെഞ്ചരിച്ചു. പത്തുമണിയോടെ പാലാവയലിലെത്തി അതിരൂപതയിലെ വിരമിച്ച അധ്യാപകരുടെ കൂട്ടായ്മാ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. വൈകുന്നേരം അതിരൂപതാ കേന്ദ്രത്തിൽവച്ച് ചേർന്ന കൂരിയാ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

04 അതിരൂപതാ കേന്ദ്രത്തിൽവച്ച് നത്തിയ വിവിധ സ്ഥാപനങ്ങളുടെ ഓഡിറ്റ് മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. ഉച്ചയ്ക്കുശേഷം മണിക്കടവിൽ പുതുതായി നിർമിക്കുന്ന പാരീഷ്ഹാളിന്റെ തറക്കല്ലിടൽ കർമ്മം നിർവഹിച്ചു.

05 കുന്നോത്ത് ഗുഡ്ഷെപ്പേർഡ് മേജർ സെമിനാരിയുടെ ജൂബിലി മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

06 രാവിലെ കുന്നോത്ത് മേജർ സെമിനാരി വിദ്യാർത്ഥികൾക്കായി ക്ലാസ്സ് നയിച്ചു. ഉച്ചയ്ക്കുശേഷം അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശ

കരെ സ്വീകരിച്ചു. രാത്രി ഒൻപതോടെ ഓൺലൈനായി ചേർന്ന പെർമനെന്റ് സിനഡിൽ പങ്കെടുത്തു.

07 നിർമ്മലഗിരി ദൈവാലയത്തിൽവച്ച് ഷാരോൺ വില്ലയിൽ സുനിൽ ജോസിന്റെയും മൈത്രിയുടെയും വിവാഹം ആശീർവ്വദിച്ചു. ഉച്ചയ്ക്കുശേഷം എടത്തൊട്ടി ദൈവാലയത്തിൽവച്ച് മൈലാടുംപാറ വർഗ്ഗീസ് ബിജി ദമ്പതികളുടെ മകൾ ദിയ റോസിന് മാമ്മോദീസാ നൽകി. തുടർന്ന് മടപ്പുരച്ചാൽ ദൈവാലയത്തിൽ തിരുനാളിനോടനുബന്ധിച്ച് ദിവ്യബലി അർപ്പിച്ച് വചനസന്ദേശം നൽകി. രാത്രി ഒൻപതോടെ എസ്.എം.വൈ.എം സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ ഓൺലൈനായി നടത്തിയ ജപമാല യജ്ഞത്തിന് സന്ദേശം നൽകി.

08 രാവിലെ ഉദയഗിരി ദൈവാലയത്തിൽ ദിവ്യബലിയർപ്പിച്ച് വചനസന്ദേശം നൽകി. തുടർന്ന് ജയഗിരി, ജോസ്ഗിരി സൺഡേ സ്കൂളുകൾ സന്ദർശിച്ച് വിദ്യാർത്ഥികളുമായി സംവദിച്ചു. ഉച്ചയോടെ വെള്ളരിക്കുണ്ടിലെത്തി ഫാ. ജോസഫ് വാരണത്ത് അച്ചനെ സന്ദർശിച്ചു. തുടർന്ന് പുന്നക്കുന്ന് ഇടവകാ ദൈവലായത്തിൽവച്ച് ബഹു. ഡീക്കൻ ജോർജ് കാരുപ്പള്ളിയുടെ പൗരോഹിത്യസ്വീകരണ ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

09–10 സത്ന സെന്റ് എഫ്രേം തിയോളജിക്കൽ സെമിനാരിയിൽ വച്ച് നടത്തിയ സിംപോസിയത്തിൽ ക്ലാസ്സ് നയിച്ചു.

11–12 ഉജ്ജയിൻ റൂഹാലായ മേജർ സെമിനാരി സന്ദർശിച്ചു.

13 രാവിലെ കുന്നോത്ത് മേജർ സെമിനാരി വിദ്യാർത്ഥികൾക്കായി ക്ലാസ്സ് നയിച്ചു. വിമലശ്ശേരി ഇടവകയിൽ നിര്യാതനായ ശ്രീ. ഡോമിനിക് എളൂക്കുന്നേലിന്റെ മൃതസംസ്കാര ശുശ്രൂഷാകർമ്മം നിർവ്വഹിച്ചു. ഉച്ചയ്ക്കുശേഷം പുതുതായി ആരംഭിക്കുന്ന ഹാപ്പി വില്ലേജ് പ്രൊജക്റ്റ് മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. വൈകുന്നേരം ചേർന്ന കൂരിയാ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. രാത്രി ഒൻപതോടെ ഓൺലൈനായി ചേർന്ന പെർമനെന്റ് സിനഡിൽ പങ്കെടുത്തു.

14 രാവിലെ ചേമ്പേരിയിൽവച്ച് നടത്തിയ അതിരൂപതയിലെ വിരമിച്ച അധ്യാപകരുടെ കൂട്ടായ്മാ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. ഉച്ചയോടെ ഓൺലൈനായി ചേർന്ന മെൽബൺ രൂപതാ പാസ്റ്ററൽ കൗൺസിൽ യോഗത്തിൽ മുഖ്യപ്രഭാഷണം നടത്തി. ഉച്ചയ്ക്കുശേഷം ചെമ്പേരിയിൽവച്ച് സംഘടിപ്പിച്ച മതാധ്യാപകരുടെ റീജിയണൽ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. തുടർന്ന് ഡിസംബറിൽ നടത്തുന്ന മരിയൻ തീർത്ഥാടനത്തിന്റെ ഒരുക്കങ്ങൾക്കായി വിളിച്ചുചേർത്ത ഫൊറോനാ വികാരിമാരുടെ യോഗത്തിന് അധ്യക്ഷത വഹിച്ചു.

16 ഇരിട്ടി ദൈവാലയത്തിൽവച്ച് ജോയൽ ആടിമാക്കലിന്റെയും അനഘ വരമ്പുങ്കലിന്റെയും മനസമ്മതം നടത്തി. ഉച്ചയ്ക്കുശേഷം വാർഷിക ധ്യാനത്തിലായിരിക്കുന്ന വൈദികരുമായി സംവദിച്ചു.

17 എറണാകുളം അതിരൂപതയിലെ കൂരിയാ അംഗങ്ങളോടൊത്ത് ചർച്ച നടത്തി.

18 വാർഷിക ധ്യാനത്തിലായിരിക്കുന്ന വൈദികരുമായുള്ള സംവാദം തുടർന്നു.

19 കേളകത്ത് പുതുതായി ആരംഭിച്ച എസ്.ജെ ബിൽഡ്‌വെയർ ഷോറും വെഞ്ചരിച്ചു. വൈകുന്നേരം ചെമ്പേരി മണ്ണംകുണ്ട് മരിയാഭവനിൽ ലാസലെറ്റ് മാതാവിന്റെ തിരുനാളിനോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ച് വചനസന്ദേശം നൽകി. തുടർന്ന് തലശ്ശേരി മൈനർ സെമിനാരി വിദ്യാർത്ഥികളായ ബ്രദർ ഐബി കൊട്ടാരത്തിൽ, ബ്രദർ നെവിൻ താഴത്തുവടക്കേൽ എന്നിവരുടെ ഭവനങ്ങൾ സന്ദർശിച്ചു.

20 വാർഷികധ്യാന സമാപന സന്ദേശം നൽകി. ഉച്ചയ്ക്കുശേഷം ചേർന്ന അതിരൂപതാ ആലോചനാസമിതി മീറ്റിംഗിനും രാത്രിയോടെ ചേർന്ന കൂരിയാ മീറ്റിംഗിനും അധ്യക്ഷത വഹിച്ചു.

**OCTOBER 2024**

# ENGAGEMENTS

## ARCHBISHOP JOSEPH PAMPLANY

01-30 - Rome: Bishops Synod

31 - Changanacherry:
Installation Ceremony - Mar Thomas Tharayil

**Secretary to the Archbishop**

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോർജ് ഞറളക്കാട്ട്

### സെപ്റ്റംബർ 2024

02 രാവിലെ പേരാവൂർ എസ് എച്ച് പ്രൊവിഷ്യൽഹൗസിൽ നിര്യാതയായ സി. സാലി മാത്യു ഇടച്ചേരിൽ എസ് എച്ചിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ വിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

04 ഉച്ചകഴിഞ്ഞ് വെമ്പുവ തെരേസ ഭവനിൽ തിരുനാളിനോടനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിക്കുകയും പുതിയ കെട്ടിടത്തിന്റെ ആശീർവാദ കർമ്മം നിർവഹിക്കുകയും ചെയ്തു.

05 രാവിലെ പാടാംകവല ഇടവകയിൽ വിശുദ്ധ മദർ തെരേസയുടെ തിരുനാളിനോടനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. ഉച്ചയ്ക്ക് കുന്നോത്ത് ഗുഡ്ഷെപ്പേർഡ് മേജർ സെമിനാരിയുടെ സിൽവർ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു.

07 രാവിലെ ചെമ്പേരി വിമൽ ജ്യോതി കോളേജിലെ ജ്യോതിർഗമയ പരിപാടിയിൽ പങ്കെടുത്ത് മുഖ്യപ്രഭാഷണം നടത്തി.

08 രാവിലെ കടുമേനി ഇടവകയിൽ മാതാവിന്റെ പിറവി തിരുന്നാളിനോടനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി. വൈകുന്നേരം മാനന്തവാടി കത്തീഡ്രൽ ദൈവാലയത്തിന്റെ സപ്തതി ആഘോഷത്തിൽ വിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

12 രാവിലെ വായാട്ടുപറമ്പ ഇടവകയിൽ ദേവസത്തിൽ അമൽ ഡെൽന എന്നിവരുടെ വിവാഹം ആശീർവദിച്ചു.

14 വൈകുന്നേരം പൈസക്കരി ഇടവകയിൽ ബഹുമാനപ്പെട്ട ജോർജ് കോവാട്ടച്ചന്റെ മാതാപിതാക്കളുടെ വിവാഹത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷത്തിൽ വിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

15 ഉച്ചയ്ക്ക് കുന്നോത്ത് എൻഎസ് ജനറലേറ്റിൽ സുവർണ്ണ ജൂബിലി ആരംഭത്തിൽ വിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

20 തലശ്ശേരി മൈനർ സെമിനാരിയിൽവച്ച് നടന്ന വൈദികരുടെ വാർഷിക ധ്യാനത്തിൽ പങ്കെടുത്തു.

21 രാവിലെ ചെമ്പേരി ബസിലിക്ക ദൈവാലയത്തിൽ ബൽത്തങ്ങടി രൂപത അധ്യക്ഷൻ അഭിവന്ദ്യ ലോറൻസ് മുക്കുഴി പിതാവിന്റെ മെത്രാഭിഷേക

രജത ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു. വൈകുന്നേരം കുന്നോത്ത് മേഴ്സി ഹോമിൽ സിസ്റ്റേഴ്സിന്റെ റൂബി ജൂബിലി ആഘോഷത്തിൽ വിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

22 ഉച്ചകഴിഞ്ഞ് മുണ്ടാനൂര് വച്ച് നടന്ന മണിക്കടവ് മേഖല സിഎംഎൽ കൺവെൻഷൻ ഉദ്ഘാടനം ചെയ്തു.

24 ഉച്ചയ്ക്ക് മുമ്പ് എടൂർ ഫൊറോനാ ദൈവാലയത്തിൽ ബഹുമാനപ്പെട്ട ഷിൻസ് കുടിലിൽ അച്ചന്റെ 41-ാം ചരമദിനത്തിൽ വിശുദ്ധ കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി.

25 ഉച്ചയ്ക്ക് മുമ്പ് കരുവഞ്ചാൽ ശാന്തിഭവനിൽ വൈദികരെ സന്ദർശിച്ചു.

## OCTOBER 2024 ENGAGEMENTS
### ARCHBISHOP EMERITUS GEORGE NJARALAKATT

01-29 - Punjab

31 - Installation, Changanacherry

**Secretary to the Archbishop Emeritus**

---

## OCTOBER 2024 ENGAGEMENTS
### ARCHBISHOP EMERITUS GEORGE VALIAMATTAM

12 9:00am - Marriage : Kunnoth

31 - Installation : Changanassery

**Secretary to the Archbishop Emeritus**

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോർജ് വലിയമറ്റം

### ആഗസ്റ്റ് 2024

23 എടൂർ ദൈവാലയത്തിൽ വച്ച് ബഹുമാനപ്പെട്ട ഷിൻസ് കുടിലിൽ അച്ചനെ അനുസ്മരിച്ചുകൊണ്ട് വിശുദ്ധ ബലിയർപ്പിച്ചു.

24 നിലമ്പൂർ ഇടവകയിൽ വച്ച് ആഗ്നസ് വലിയമറ്റത്തിന്റെയും സെബിന്റെയും മനസ്സമ്മതത്തിന് കാർമികത്വം വഹിച്ചു.

25–31 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് നടന്ന സിനഡിൽ പങ്കെടുത്തു.

### സെപ്റ്റംബർ 2024

02 ആലക്കോട് ദൈവാലയത്തിൽ വച്ച് ദേവസത്തിൽ D.P. ജോസിന്റെ മകൾ കൊച്ചുത്രേസ്യ (അമൃത)യും ജോസഫ് (ശരത്ത്) തമ്മിലുള്ള വിവാഹത്തിന് മുഖ്യകാർമികത്വം വഹിച്ചു.

05 കുന്നോത്ത് മേജർ സെമിനാരിയിൽ ജൂബിലി ആരംഭത്തോടനുബന്ധിച്ച് അഭിവന്ദ്യ പിതാക്കന്മാരോടൊപ്പം വിശുദ്ധ ബലിയിലും തുടർന്നുള്ള മീറ്റിങ്ങിലും പങ്കുചേർന്നു.

10 തലശ്ശേരി നസ്രത്ത് കോൺവെന്റിൽ വിശുദ്ധ ബലിയർപ്പിച്ചു.

12 കരുണാപുരം ഇടവകയിൽ DCC പ്രസിഡന്റ് മാർട്ടിന്റെ നിര്യാതയായ സഹോദരി ലൂസി പറയാരുതോട്ടത്തിന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് മുഖ്യകാർമികത്വം വഹിച്ചു. വൈകുന്നേരം ബഹുമാനപ്പെട്ട ജോർജ് എളൂക്കുന്നേൽ അച്ചന്റെ പ്രിയ പിതാവിന്റെ മൃതദേഹം സന്ദർശിച്ച് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

14 പാറോപ്പടി ഇടവകയിൽ വച്ച് വലിയമറ്റം കുടുംബത്തിലെ റോസിറ്റ, ജോസഫ് എന്നിവരുടെ മമ്മോദീസായും ഡെനിൽ, കത്രീന എന്നിവരുടെ വിവാഹത്തിനും മുഖ്യകാർമികത്വം വഹിച്ചു.

16 കത്തീഡ്രൽ പള്ളിയിൽ വച്ച് വൈദികരുടെ വാർഷിക ധ്യാനവേളയിൽ ജന്മദിനത്തോടനുബന്ധിച്ച് വിശുദ്ധ ബലിയർപ്പിച്ചു.

17–20 മൈനർ സെമിനാരിയിൽ വൈദികരുടെ വാർഷിക ധ്യാനത്തിൽ പങ്കെടുത്തു.



# റിട്ടയർമെന്റ് ജീവിതം
# ഇനി സ്വപ്നതുല്യം...

# ഹാപ്പി വില്ലേജ്
Home for retirement life



തലശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ ഇരിട്ടിക്കടുത്ത്
കുന്നോത്ത് ബാരാപ്പുഴ തീരത്ത് പ്രകൃതിരമണീയമായ 10 ഏക്കർ സ്ഥലത്ത്
ഒരുക്കുന്ന ആധുനിക കമ്മ്യൂണിറ്റി ലിവിംഗ് സമുച്ചയം.

**ബുക്കിങ് ആരംഭിച്ചു**

2024 ഡിസംബർ 31 നകം ബുക്ക് ചെയ്യുന്നവർക്ക്
ഡിപ്പോസിറ്റ് തുകയിൽ 15 % ഡിസ്കൗണ്ട്

## അപ്പാർട്ട്മെന്റുകളിൽ
## സ്വന്തം വീട്ടിലെ സുരക്ഷിതത്വം

- 400 ചതുരശ്ര അടി സൗകര്യത്തിൽ (**Studio**) (40 ലക്ഷം)
- 500 ചതുരശ്ര അടി സൗകര്യത്തിൽ (**Single Bedroom Appartment**) (50 ലക്ഷം)
- 800 ചതുരശ്ര അടി സൗകര്യത്തിൽ (**Two Bedroom Appartment**) (65 ലക്ഷം)

## വാർദ്ധക്യത്തിൽ
## ഇനി ഒറ്റപ്പെടൽ ഇല്ല...

കൂടുതൽ വിവരങ്ങളും മറ്റു വ്യവസ്ഥകളും അറിയുവാൻ

**6282042414**

RNI Reg. No. 5910 Date of Publication: 28/09/2024
Registered KL/TLY/20/22-24
Licensed to post without prepayment of postage
No. KL/PMG/NR/WPP/2/TLY/2022-24
വാല്യം : 07 ലക്കം : 10 വില : ₹10

## ഒക്ടോബർ 04 വി. ഫ്രാൻസിസ് അസീസി



Published & Printed by Fr. Sajan George Thengumpally on behalf of Fr. Jacob Narikuzhy. Printed at Vimala Offset Press, Thalassery. Published from Archbishop's House, Hollow Way Road, Thalassery - 670 101. Editor- Fr. Sajan George Thengumpally.